# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആലുവ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
ആലുവ -683101

ഇ-മെയിൽ: mlalv.ksad@kerala.gov.in
ഫോൺ : 0484-2623767

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-AVM(M2)/170/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
ആലുവ -683101
തീയ്യതി: 29/04/2023
ഇ-മെയിൽ: mlalv.ksad@kerala.gov.in
ഫോൺ: 0484-2623767

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ആലുവ മുനിസിപ്പാലിറ്റി

സർ,

വിഷയം : ആലുവ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലുവ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം
5. കാര്യാലയ പകർപ്പ്

നമ്പർ: KSA-AVM(M2)/170/2023 തീയ്യതി: 29/04/2023

## എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം.പി. പ്രസന്നകുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 01-06-2022 | 30-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-06-2022 | 30-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം.എം. മത്തായി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ജോൺസൺ ടി.ടി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. പ്രീത എം.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുനൈന എൻ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം.ഒ. ജോൺ | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ. ടോബി തോമസ് | സെക്രട്ടറി | 01-04-2021 | 05-07-2021 |
| ശ്രീ. അശോകൻ റ്റി.എം. (Exe.Engineer) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-07-2021 | 09-07-2021 |
| ശ്രീ. വസന്തൻ എം.( PA To Secretary) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-07-2021 | 02-09-2021 |
| ശ്രീമതി. ഐശ്വര്യ.ബി. സിംഗ് (AE) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-09-2021 | 25-09-2021 |
| ശ്രീ. മുഹമ്മദ് ഷാഫി | സെക്രട്ടറി | 26-09-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അശോകൻ റ്റി.എം. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 09-07-2021 |
| ശ്രീ.ഷിബു എൽ.നാൽപാട്ട് | മുനിസിപ്പൽ എഞ്ചിനീയർ | 10-07-2021 | 02-11-2021 |
| ശ്രീമതി. ഐശ്വര്യ.ബി.സിംഗ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 13-12-2021 |

| | | | |
|---|---|---|---|
| ശ്രീ. സുരേഷ്കുമാർ പി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 14-12-2021 | 31-03-2022 |
| ശ്രീമതി. ബിന്ദു കെ.എം. | പ്രിൻസിപ്പാൾ, ഗവ.ഹയർസെക്കന്ററി സ്കൂൾ | 01-04-2021 | 31-03-2022 |
| ഡോ. അനഘൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി. സിജിമോൾ എ.എൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. അഖിൽ ജിഷ്ണു | സി.ഡി.എസ്. മെമ്പർ സെക്രട്ടറി | 01-04-2021 | 27-02-2022 |
| ശ്രീ.ഷാഹിർ എം.പി. | സി.ഡി.എസ്. , മെമ്പർ സെക്രട്ടറി | 28-02-2022 | 31-03-2022 |
| ഡോ. പ്രസന്നകുമാരി കെ. | മെഡിക്കൽ ഓഫീസർ, ഗവ. ആശുപത്രി | 01-04-2021 | 31-03-2022 |
| ഡോ. ജെറിൻ ഫ്രാൻസിസ് | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീ. നൗഫൽ യു.എസ്. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അനഘ.ആർ.ബാബു | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. ഡാൽട്ടൻ വി.എ. | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2021 | 31-03-2022 |

നഗരസഭയിലെ മുനിസിപ്പൽ എഞ്ചിനീയർ തസ്തിക 03.11.2021 മുതൽ നിർത്തലാക്കിയിട്ടുള്ളതാണ്.

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം | 1-11 |
| 12 | ക്യാഷ് പരിശോധന | 1-12 |
| 13 | മാലിന്യ സംസ്കരണം - ഹരിത ട്രിബ്യൂണൽ നടപടികൾ | 1-13 |
| 14 | വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തന രഹിതം - നടപടിക്രമങ്ങളിലെ കാലതാമസം മൂലം പുനരുദ്ധാരണം വൈകുന്നു. | 1-14 |
| 15 | ജൈവമാലിന്യ നിർമ്മാർജ്ജനം - ക്രമാതീതമായ ചെലവ് | 1-15 |
| 16 | സ്വച്ഛ് ഭാരത് മിഷൻ - DPR പ്രകാരമുള്ള പദ്ധതികൾ പൂർത്തീകരിച്ചില്ല | 1-16 |
| 17 | അക്കൗണ്ടുകളിൽ നിന്നുള്ള തുക പിൻവലിക്കലുകൾ -അപാകതകൾ | 1-17 |
| 18 | റോഡ് കട്ടിങ്ങ് തുക കുറവായി ഈടാക്കി-9497/- രൂപയുടെ നഷ്ടം | 1-18 |
| 19 | വസ്തു നികുതി കണക്കാക്കിയതിലെ അപാകത-11284/- രൂപയുടെ വരുമാന നഷ്ടം | 1-19 |
| 20 | കുത്തക കരാറിൽ വീഴ്ചവരുത്തി | 1-20 |
| 21 | സ്ക്രാപ്പ് ലേലം - വാല്യുവേഷനിലെ അപാകത | 1-21 |
| 22 | വാടക കുടിശ്ശിക | 1-22 |
| 23 | വസ്തു നികുതി - സഞ്ചയ ഡാറ്റാ എൻട്രി പൂർണ്ണമല്ല | 1-23 |
| 24 | തൊഴിൽ നികുതി (ജീവനക്കാർ) വാർഷിക ധനകാര്യപത്രിയിലെ ഡിമാന്റ് കളക്ഷൻ തുകകളിലെ പൊരുത്തക്കേട് സംബന്ധിച്ച്. | 1-24 |
| 25 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - നടത്തിപ്പിലെ അപാകതകൾ | 1-25 |
| 26 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - അധികം നൽകിയ 12600/-രൂപ നിരാകരിക്കുന്നു. | 1-26 |
| 27 | ജനറൽ മാർക്കറ്റ് നിർമ്മാണം അനന്തമായി നീളുന്നു | 1-27 |
| 28 | സാമൂഹ്യ സുരക്ഷ പെൻഷൻ - സൂക്ഷ്മ പരിശോധന കാര്യക്ഷമമല്ല | 1-28 |
| 29 | PMAY-ലൈഫ് പദ്ധതി പണി പൂർത്തിയാക്കിയിട്ടില്ല | 1-29 |
| 30 | അയ്യങ്കാളി നഗരതൊഴിലുറപ്പുപദ്ധതി കാര്യക്ഷമമല്ല. നിർവ്വഹണചെലവ് കൂടി- നഗരസഭാ ഫണ്ടിന് നഷ്ടം | 1-30 |
| 31 | യാത്രാബത്ത ബില്ലിലെ അപാകതകൾ | 1-31 |
| 32 | കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ - അപാകതകൾ | 1-32 |
| 33 | പെയിൻ & പാലിയേറ്റീവ് കെയർ പ്രോജക്ട് - പി.എം.സി മീറ്റിംഗ് സമയബന്ധിതമായി കൂടുന്നില്ല | 1-33 |
| 34 | മുനിസിപ്പൽ കോമ്പൗണ്ടിലെ മരങ്ങൾ ക്രോപ്പ് ചെയ്തത് - നടപടിക്രമങ്ങളിലെ വീഴ്ച | 1-34 |
| 35 | അഗതി രഹിത കേരളം - ഭക്ഷ്യവിതരണം - 38,166.00 രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-35 |
| 36 | അഗതി രഹിത കേരളം - തുക കൈമാറുന്നതിൽ കാലതാമസം | 1-36 |
| 37 | കാർഷിക മേഖലയിലെ പ്രതിസന്ധികൾ | 1-37 |
| 38 | 2012-13 മുതൽ ലൈബ്രറി സെസ് ലൈബ്രറി കൗൺസിലിൽ അടച്ചില്ല.-വൻ തുക കുടിശ്ശിക | 1-38 |
| 39 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -ചെലവു രേഖകളുടെ അഭാവത്തിൽ 4,72,190/- രൂപ | 1-39 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു. | |
| 40 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ - 24998 രൂപ മതിയായ ചെലവു രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു. | 1-40 |
| 41 | വീട് റിപ്പയറിങ്ങ് (SO-113)പദ്ധതിക്കായി ചെലവഴിച്ച 1,50,000/- രൂപ ചെലവുരേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു. | 1-41 |
| 42 | പട്ടികജാതി പ്രത്യേക ഘടക പദ്ധതി നിർവ്വഹണം-അപാകതകൾ | 1-42 |
| 43 | പെർമിറ്റ് വാങ്ങാതെ അനധികൃത നിർമ്മാണം-തുടർ നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച് | 1-43 |
| 44 | നഗരസഭാ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് പെൻഷൻ വിഹിതം ഈടാക്കി സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കുന്നില്ല. | 1-44 |
| 45 | ആലുവ മുനിസിപ്പൽ ബിൽഡിങ്ങിലെ കുടുംബശ്രീ ജനകീയ ഹോട്ടൽ 2021-22 -ൽ ലൈസൻസില്ലാതെ പ്രവർത്തിച്ചു. | 1-45 |
| 46 | വക്കീൽ ഫീസിനത്തിൽ അനുവദനീയ പരിധിയിലും അധികമായി ചെലവഴിച്ച 25000 രൂപ തടസ്സപ്പെടുത്തുന്നു | 1-46 |
| 47 | പെയിൻ & പാലിയേറ്റീവ് കെയർ പ്രോജക്ട് - ഫോൺ അലവൻസ് അധികം നൽകിയത് - 1200/- രൂപയുടെ ചെലവ് നിരാകരിക്കുന്നു | 1-47 |
| 48 | കമ്പ്യൂട്ടർ വത്ക്കരണം - വില വർദ്ധനവ് മൂലം ലഭ്യമായ കമ്പ്യൂട്ടറുകളിൽ കുറവുണ്ടായി | 1-48 |
| 49 | എസ്.സി. പ്രോജക്ട് നമ്പർ 44/2021-22 ഭവന പുനരുദ്ധാരണം - ചെലവുരേഖകളുടെ അഭാവത്തിൽ 5,50,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-49 |
| 50 | വാട്ടർ ടാങ്ക് വിതരണം-ചെലവുരേഖകളുടെ അഭാവത്തിൽ 15340/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-50 |
| 51 | യാത്രാ ബത്ത – അധികം കൈപ്പറ്റിയ തുക തിരിച്ചടച്ചു (ഓഡിറ്റ് ഇംപാക്ട്) | 1-51 |
| | ഭാഗം **2** | |
| 1 | വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത - 11284/- രൂപയുടെ വരുമാന നഷ്ടം | 2-1 |
| | ഭാഗം **3** | |
| 1 | പാലിയേറ്റീവ് കെയർ - ഫോൺ അലവൻസ് 1200/- രൂപ അധികം നൽകി | 3-1 |
| 2 | അഗതി രഹിത കേരളം - 38,166.00 രൂപയുടെ അധികച്ചെലവ് | 3-2 |
| 3 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - 12600/- രൂപയുട ചെലവ് നിരാകരിക്കുന്നു. | 3-3 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Receipt & Payment | |
| 4 | Income & Expenditure Statement | |
| 5 | Balance Sheet | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

നഗരസഭയുടെ 2021-22 ബജറ്റ് 04.03.2021 തീയതിയിലെ കൗൺസിൽ തീരുമാനം നമ്പർ 1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തേക്കുള്ള പുതുക്കിയ ബജറ്റ് 23.02.2022 തീരുമാനം നമ്പർ 1 പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്ക് താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് | യഥാർത്ഥം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 66,32,400.00 | 2,44,71,764.95 | -1,78,39,364.95 |
| വരവ് | 42,04,31,850.00 | 20,97,62,938.00 | 21,06,68,912.00 |
| ആകെ | 42,70,64,250.00 | 23,42,34,702.00 | 19,28,29,548.00 |
| ചെലവ് | 42,06,56,450.00 | 21,17,12,160.00 | 20,89,44,290.00 |
| നീക്കിയിരിപ്പ് | 64,07,800.00 | 2,25,22,542.95 | -1,61,14,742.95 |

നഗരസഭ പാസ്സാക്കിയ ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ വലിയ അന്തരമുള്ളതായാണ് കാണുന്നത്. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവിന്റെ പകുതിയിൽ താഴെ മാത്രമാണ് യഥാർത്ഥ വരവ്. നികുതി വരുമാനം 6,11,60,000/- രൂപയും നികുതിയേതര വരുമാനം 6,36,69,500/- രൂപയുമുൾപ്പെടെ ആകെ തനത് ഫണ്ട് 12,48,29,500/- രൂപയാണ് ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത്. എന്നാൽ യഥാർത്ഥ തനത് വരുമാനം ഇതിലും വളരെ കുറവാണ്. ആകെ മൂലധന വരവായി 18,57,10,500/- രൂപ പ്രതീക്ഷിച്ചതിൽ 15 കോടി രൂപയും വായ്പയായാണ് കണക്കാക്കിയത്. എന്നാൽ വായ്പയിനത്തിൽ തുക സ്വരൂപിക്കാൻ നഗരസഭയ്ക്ക് 2021-22 സാമ്പത്തിക വർഷത്തിൽ സാധിച്ചിട്ടില്ല. നഗരസഭക്കുവേണ്ടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 15 കോടിയിലധികം രൂപയാണ് 2021-22 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. എന്നാൽ നഗരസഭയുടെ 2021-22 വർഷത്തെ ആകെ ചെലവ് 20 കോടിയോളം രൂപയാണ്. അതായത് ബജറ്റിൽ വിഭാവനം ചെയ്ത പദ്ധതികൾക്കായി തുക കണ്ടെത്തുന്നതിനും പദ്ധതികൾ നടപ്പാക്കുന്നതിനും സാധിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. നഗരസഭാ ഓഡിറ്റോറിയങ്ങളുടെ നവീകരണം, ജനറൽ മാർക്കറ്റ്

നിർമ്മാണം, ബസ് സ്റ്റാന്റ് നവീകരണം മുതലായ വികസന പദ്ധതികൾ ഇനിയും നടപ്പാക്കാൻ സാധിച്ചിട്ടില്ല.

1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 30.07.2022 | ഇല്ല | ബാധകമല്ല |

1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

നഗരസഭാ സെക്രട്ടറിയുടെ 29.07.2022 തീയതിയിലെ എ1-4999/22 നമ്പർ കത്തിനൊപ്പം സമർപ്പിച്ച 2021-22 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്നുള്ള 22.08.2022 തീയതിയിലെ കെ.എസ്.എ-എ.വി.എം(എം2)329/2022 നമ്പർ കത്ത് പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ആയതിന് നഗരസഭാ സെക്രട്ടറി നൽകിയ 15.9.2022 തീയതിയിലെ എ1-4999/22 നമ്പർ കത്തിനൊപ്പം സമർപ്പിച്ച വിശദീകരണ പ്രകാരം ഒഴിവാക്കാവുന്നവ ഒഴിവാക്കി, നിലനിർത്തുന്ന അപാകതകൾ താഴെ ചേർക്കുന്നു.

1) 2020-21 വാർഷിക ധനകാര്യ പത്രികയിലെ Shedule – B1 ന്റെ നീക്കിയിരിപ്പ് 20,36,693.50 രൂപയും 2021-22 സാമ്പത്തിക വർഷത്തെ Shedule – B1 ന്റെ മുന്നിരിപ്പ് 20,41,463.50 രൂപയുമാണ്. നീക്കിയിരിപ്പും മുന്നിരിപ്പും തമ്മിൽ 4770/- രൂപയുടെ വ്യത്യാസമുണ്ട്.

ഇത്തരത്തിൽ വ്യത്യാസമുണ്ടായത് സോഫ്റ്റ് വെയർ പിഴവാകാമെന്ന് ഐ.കെ.എം. ടെക്നിക്കൽ അസ്സിസ്റ്റന്റ് അറിയിച്ചതായി മറുപടിയിൽ വിശദീകരിക്കുന്നു.

2) 460100700 Miscellaneous Advance ന്റെ 2020-21 ന്റെ നീക്കിയിരിപ്പ് 22,36,235.00 രൂപയും 2021-22 ലെ മുന്നിരിപ്പ് 22,31,465.00 രൂപയുമാണ്. നീക്കിയിരിപ്പും മുന്നിരിപ്പും തമ്മിൽ 4770/- രൂപയുടെ വ്യത്യാസമുണ്ട്.

ഇത്തരത്തിൽ വ്യത്യാസമുണ്ടായത് സോഫ്റ്റ് വെയർ പിഴവാകാമെന്ന് ഐ.കെ.എം. ടെക്നിക്കൽ അസ്സിസ്റ്റന്റ് അറിയിച്ചതായി മറുപടിയിൽ വിശദീകരിക്കുന്നു.

3) 2021-22 സാമ്പത്തിക വർഷത്തെ ബാധ്യതാ ഹെഡിലുള്ള നിരവധി നീക്കിയിരിപ്പുകൾ മുൻവർഷങ്ങളിലേത് തന്നെയാണ്. ഈ അക്കൗണ്ടുകളിൽ ഇടപാടുകളൊന്നും

നടക്കുന്നില്ലെങ്കിലും വർഷങ്ങളായി ബാധ്യതകൾ നിലവിലുള്ളതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| Sl. No. | Account Code | Head Of Account | Amount |
|---|---|---|---|
| 1 | 340100102 | Contracters Money Deposit – Specific Grant | 1600.00 |
| 2 | 340100108 | Suppliers Earnest Money Deposit – Scheme Expenditure | 1500.00 |
| 3 | 340100201 | Contractors Security Deposit – Municipal Fund | 71450.00 |
| 4 | 340100302 | Contractors Retention Money – Specific Grants | 246655.00 |
| 5 | 340100303 | Contractors Retention Money – Special Funds | 139552.00 |
| 6 | 340200300 | Water Deposit | 15000.00 |
| 7 | 350110700 | Contribution To Other Pension Fund Payable | 291347.00 |
| 8 | 350200205 | Recoveries Payable – Education Cess Deducted At Source – Municipal Fund | 2205.00 |
| 9 | 350200208 | Recoveries Payable – Education Cess Deducted At Source – Scheme Expenditure | 2956.00 |
| 10 | 350200209 | Recoveries Payable – Value Added Tax – Municipal Fund | 67991.00 |
| 11 | 350200217 | Recoveries Payable – Kerala Construction Workers Welfare Fund – Scheme Expenditure | 2956.00 |
| 12 | 350200301 | Recoveries Payable - COVID | 268448.00 |
| 13 | 350300400 | VAT Payable | 181312.00 |
| 14 | 350300500 | Service Tax Payable | 33160.00 |
| 15 | 350300700 | Goods And Service Tax Payable - CGST | 71.00 |

മേല്പറഞ്ഞ ബാധ്യതകൾ നിലവിലുണ്ടോയെന്നും വർഷങ്ങളായി ഇവ ബാധ്യതയായി നിലനിർക്കുന്നതിന്റെ കാരണവും വ്യക്തമല്ല.

ക്രമ നമ്പർ 1 മുതൽ 6 വരെയും 13, 14 എന്നിവയും മുൻകാലങ്ങളിലെ തുകകൾ തന്നെയാണെന്നും ആവശ്യപ്പെടുന്നമുറക്ക് തിരികെ നൽകേണ്ടിവരുന്നതാകയാലാണ് ഈ ഹെഡിൽ കാണിച്ചിരിക്കുന്നതെന്നും പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 7 മുതൽ 11 വരെയും 15 ഉം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 12 കൗൺസിലേഴ്സിൽ നിന്നും ഈടാക്കിയ തുകയാണെന്നും ഉത്തരവാകുന്നമുറക്ക് തിരികെ നൽകേണ്ടി വരുമെന്നതിനാൽ ഈ ഹെഡിൽ കാണിച്ചിരിക്കുന്നതായാണ് വിശദീകരിച്ചിരിക്കുന്നത്. മറുപടികൾ തൃപ്തികരമല്ലാത്തതിനാലും

വാർഷിക ധനകാര്യ പത്രികയിൽ അപാകത തുടരുന്നതിനാലും പരാമർശം ഒഴിവാക്കാനാകില്ല.

4) 350300700 – Goods And Service Tax – CGST – 17,71,661.00 രൂപയും 350300800 - Goods And Service Tax – SGST – 17,55,621.00 രൂപയുമാണ്. 16040.00 രൂപയുടെ വ്യത്യാസമുണ്ട്. CGST യും SGST യും 50:50 അനുപാതത്തിലാണെന്നിരിക്കെ വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.

5) 350300710 – Government And Other Dues Payable –TDS - CGST – 18,206.00 രൂപയും 350300710 - Government And Other Dues Payable –TDS – SGST – 19,986.00 രൂപയുമാണ്. 1780.00 രൂപയുടെ വ്യത്യാസമുണ്ട്. CGST യും SGST യും 50:50 അനുപാതത്തിലാണെന്നിരിക്കെ വ്യത്യസത്തിന്റെ കാരണം വ്യക്തമല്ല.

ക്രമ നമ്പർ 4, 5 അപാകത പരിഹരിക്കുന്നതിന് സെക്ഷനുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി മറുപടിയിൽ വിശദീകരിക്കുന്നു.

6) Shedule B – 11 – 412100100 - Capital Work In Progress 81,84,776.00 രൂപയാണ്. മുൻ വർഷത്തെ അതേ തുകയാണ് 2021-22 ലും കാണുന്നത്. Part Bill നൽകിയിട്ടും നാളിതുവരെ Final Bill നൽകാതെ Capital Work In Progress ആയി Accounts ൽ തുടരുന്ന പദ്ധതികളുടെ വിവരം ലഭ്യമല്ല.

പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ വിശദീകരിക്കുന്നു.

7) ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം Property Tax (Current) Demand 3,73,77,203.00 രൂപയും റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം Collection 3,05,71,444.00 രൂപയും 2020-21 വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം Advance Collection 1,55,960.00 രൂപയുമാണ്. ഇതിൻ പ്രകാരം Receivable Property Tax (Current) 66,49,799.00 രൂപയായിരിക്കും. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 66,31,395.00 (69,62,965-3,31,570) രൂപയാണ്. 18,404.00 രൂപയുടെ വ്യത്യാസമുണ്ട്.

8) 2021-22 സാമ്പത്തിക വർഷത്തെ Property Tax (Arrear) മുന്നിരിപ്പ് 59,53,554.00 രൂപയാണ് (1,96,749+57,56,805). 2021-22 വർഷത്തെ കളക്ഷൻ 48,05,052.00 രൂപയാണ്. ഇതിൻ പ്രകാരം 2021-22 ലെ Property Tax (Arrear) നീക്കിയിരിപ്പ് 11,48,502.00

രൂപയായിരിക്കും. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം Receivable Property Tax (Arrear) 11,50,493.00 (12,08,018 – 57,525) രൂപയാണ്.

9) ബാലൻസ് ഷീറ്റ് പ്രകാരം Receivable Property Tax (Current+Arrear) 81,70,983.00 രൂപയാണ്. ഇതിൻ പ്രകാരം Receivable Liabrary Cess 3,89,094.00 രൂപയായിരിക്കും. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 3,60,653.00 രൂപയാണ്. 28,441.00 രൂപയുടെ വ്യത്യാസമുണ്ട്.

10) ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിലെ 140110100 ഹെഡിലെ Licence Fee For D&O – Demand – 34,52,017.00 രൂപയാണ്. 2020-21 ലെ Advance Collection 29,65,090.00 രൂപയാണ്. 2021-22 ലെ Current Collection – 5,41,027.00 രൂപയും Receivable Licence Fee 68,400.00 രൂപയുമാണ്. കണക്കുകൾ പൊരുത്തപ്പെടുന്നില്ല. അഡ്വാൻസ് കളക്ഷനും കരണ്ട് കളക്ഷനും ചേരുമ്പോൾ ഡിമാന്റിലും അധികരിക്കുന്നതായാണ് കാണുന്നത്. കൂടാതെ Receivable Licence Fee 68,400.00 രൂപയുള്ളതായും കാണുന്നു.

11) 2021-22 ലെ Rent Receivable From Civic Amenities (Demand) 1,90,31,665.00 രൂപയാണ്. ഈയിനത്തിലുള്ള 2021-22 ലെ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം Collection 1,20,60,746.00 രൂപയാണ്. കൂടാതെ 2020-21 ലെ Advance Collection 35,02,938.00 രൂപയാണ്. ഇതിൻ പ്രകാരം 34,67,981.00 രൂപയാണ് Receivables ഉണ്ടാകേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം ഇത് 67,48,734.00 രൂപയാണ്.

12) 2021-22 ലെ Rent Receivable From Civic Amenities (Arrear) മുന്നിരിപ്പ് 56,06,378.00 (29,76,071+26,30,307) രൂപയാണ്. ഈയിനത്തിലുള്ള 2021-22 ലെ R&P Statement പ്രകാരം Collection 15,79,698.00 രൂപയാണ്. ഇതിൻ പ്രകാരം 40,26,680 രൂപയാണ് Receivables ഉണ്ടാകേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം ഇത് 28,79,953.00 രൂപയാണ്.

13) 130400100 ഹെഡിൽ Rent From Lease On Land – Demand 27,06,449.00 രൂപയും R&P Statement പ്രകാരം Collection 16,10,139.00 രൂപയുമാണ്. ഇതിൻ പ്രകാരം Receivables 10,96,310.00 രൂപയായിരിക്കും. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം Receivables തുകയൊന്നും കാണുന്നില്ല.

14) 340200100 Rent Deposit ഹെഡിൽ 2020-21 ൽ 5,87,86,902.00 നീക്കിയിരിപ്പുണ്ട്. 2021-22

ഇതേ ഹെഡിൽ 37,01,029.00 വരവും 69,44,844.00 രൂപ ചെലവുമുണ്ട്. ഇതിൻ പ്രകാരം 5,55,43,087.00 രൂപയാണ് നീക്കിയിരിപ്പുണ്ടാകേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 5,44,70,981.00 രൂപയാണ് നീക്കിയിരിപ്പ്. 10,72,106.00 രൂപയുടെ വ്യത്യാസമുണ്ട്.

15) 340200200 Auction Deposit ഹെഡിൽ 2020-21 ൽ 2,43,26,514.00 നീക്കിയിരിപ്പുണ്ട്. 2021-22 ഇതേ ഹെഡിൽ 92,25,961.00 വരവും 14,95,944.00 രൂപ ചെലവുമുണ്ട്. ഇതിൻ പ്രകാരം 3,20,56,531.00 രൂപയാണ് നീക്കിയിരിപ്പുണ്ടാകേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 3,10,64,069.00 രൂപയാണ് നീക്കിയിരിപ്പ്. 9,92,462.00 രൂപയുടെ വ്യത്യാസമുണ്ട്.

16) 350300700 Goods & Services Tax (CGST) ഹെഡിൽ 2020-21 ൽ 11,11,801.00 നീക്കിയിരിപ്പുണ്ട്. 2021-22 ഇതേ ഹെഡിൽ 22,21,325.00 വരവും 17,88,145.00 രൂപ ചെലവുമുണ്ട്. ഇതിൻ പ്രകാരം 15,44,981.00 രൂപയാണ് നീക്കിയിരിപ്പുണ്ടാകേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 17,71,661.00 രൂപയാണ് നീക്കിയിരിപ്പ്. 2,26,680.00 രൂപയുടെ വ്യത്യാസമുണ്ട്.

17) 350300800 - Goods & Services Tax (SGST) ഹെഡിൽ 2020-21 ൽ 11,12,895.00 നീക്കിയിരിപ്പുണ്ട്. 2021-22 ഇതേ ഹെഡിൽ 22,05,893.00 വരവും 17,88,147.00 രൂപ ചെലവുമുണ്ട്. ഇതിൻ പ്രകാരം 15,30,641.00 രൂപയാണ് നീക്കിയിരിപ്പുണ്ടാകേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 17,55,621.00 രൂപയാണ് നീക്കിയിരിപ്പ്. 2,24,980.00 രൂപയുടെ വ്യത്യാസമുണ്ട്.

ക്രമ നമ്പർ 7 മതൽ 17 വരെയുള്ള മറുപടിയിൽ പറയുന്ന കാര്യങ്ങൾ സാധൂകരിക്കാൻ അക്കൗണ്ട് നോട്ടുകളോ (Notes To Accounts) അനുബന്ധ രേഖകളോ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിരുന്നില്ല.

18) 350200214 – Recoveries Payable - KCWWF ഹെഡിൽ 2020-21 ൽ 92,747.00 നീക്കിയിരിപ്പുണ്ട്. 2021-22 ഇതേ ഹെഡിൽ വരവും ചെലവുമില്ല. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് തുക 1,03,793.00 രൂപയായി വർദ്ധിച്ചിരിക്കുന്നു.

മറുപടിയിൽ വ്യക്തതയില്ല.

19) 350300820 – Flood Cess Payable ഹെഡിൽ 2020-21 ൽ 80,394.00 നീക്കിയിരിപ്പുണ്ട്. 2021-22 ഇതേ ഹെഡിൽ 98,292.00 വരവും 1,00,701.00 രൂപ ചെലവുമുണ്ട്. ഇതിൻ പ്രകാരം

77,985.00 രൂപയാണ് Payables ഉണ്ടാകേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 90180.00 രൂപയാണ് Payables.

വിശദീകരണത്തിൽ വ്യക്തതയില്ല. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

20) 350200201 – Income Tax Deducted At Source – Municipal Fund ഹെഡിൽ 2020-21 ൽ 6455.00 നീക്കിയിരിപ്പുണ്ട്. 2021-22 ഇതേ ഹെഡിൽ 31,563.00 രൂപ വരവും 39,188.00 രൂപ ചെലവുമുണ്ട്. ഇതിൻ പ്രകാരം 1170.00 രൂപ അധികച്ചെലവാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 17,968.00 രൂപ Payables ഉള്ളതായും കാണുന്നു.

21) മുനിസിപ്പൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കരാറുകാരിൽ നിന്നും റിക്കവറി നടത്തി, ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് ഒടുക്കുന്ന തുകകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ വരവെടുക്കാതെയാണ് ചെലവ് ചെയ്തതായി കാണിക്കുന്നത്. ഇതുമൂലം നിരവധി ഇനങ്ങളിൽ വരവിൽ കൂടുതൽ ചെലവുള്ളതായി കാണുന്നു (ഉദാ : Income Tax Deducted At Source, Profession Tax Deducted At Source, Contributory Pension Payable Etc...). മാത്രവുമല്ല റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് ചെലവുകളെ പ്രതിഫലിപ്പിക്കുന്നതായി കണക്കാക്കാനും സാധിക്കുന്നില്ല.

ക്രമ നമ്പർ 20, 21 എന്നിവക്കുള്ള മറുപടിയിൽ പറയുന്ന കാര്യങ്ങൾ സാധൂകരിക്കാൻ അക്കൗണ്ട് നോട്ടുകളോ (Notes To Accounts) അനുബന്ധ രേഖകളോ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിരുന്നില്ല.

22) താഴെ ചേർക്കുന്ന Balance Sheet നീക്കിയിരിപ്പുകൾ എന്താണെന്നും എങ്ങനെ തുക കണക്കാക്കിയെന്നും വിശദീകരിക്കേണ്ടതാണ്.

| Sl. No. | Account Code | Head Of Account | Amount |
|---|---|---|---|
| 1 | 460100700 | Miscellaneous Advance | 14,18,202.00 |
| 2 | 460500201 | Advance To Implimenting Agencies | 2,75,948.00 |
| 3 | 432100100 | Provision For Outstanding Property Tax | 30,98,590.00 |
| 4 | 432120100 | Provision For Outstanding Profession Tax | 7,58,179.00 |

ക്രമ നമ്പർ 22 നുള്ള മറുപടിയിൽ പറയുന്ന കാര്യങ്ങൾ സാധൂകരിക്കാൻ അക്കൗണ്ട് നോട്ടുകളോ (Notes To Accounts) അനുബന്ധ രേഖകളോ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിരുന്നില്ല.

വാർഷിക ധനകാര്യ പത്രികയുടെ വ്യക്തതക്കായി വാർഷിക ധനകാര്യ പത്രികയോടൊപ്പം വിശദീകരണ പത്രികയും അനുബന്ധ വിവരങ്ങളും ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. തുടർന്നുള്ള വാർഷിക ധനകാര്യ പത്രികയിൽ മേല്പറഞ്ഞവയുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കപ്പെടുന്ന മുറക്ക് ഒഴിവാക്കാവുന്ന പരാമർശങ്ങൾ ഒഴിവാക്കാവുന്നതാണ്.

1-4 സാമ്പത്തിക വിശകലനം

2020-21, 2021-22 താരതമ്യം

| | 2020-21 | 2021-22 | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 3,92,40,971.95 | 2,44,71,764.95 | -1,47,69,207.00 |
| വരവ് | 20,14,65,261.00 | 20,97,62,938.00 | 82,97,677.00 |
| ആകെ | 24,07,06,232.95 | 23,42,34,702.00 | -64,71,530.00 |
| ചെലവ് | 21,62,34,468.00 | 21,17,12,160.00 | 45,22,308.00 |
| നീക്കിയിരിപ്പ് | 2,44,71,764.95 | 2,25,22,542.95 | -19,49,222.00 |

മേൽപ്പറഞ്ഞ കണക്കുകളിൽ നിന്നും നഗരസഭയുടെ തൻവർഷത്തെ വരവിൽ കാര്യമായ വർദ്ധനവ് ഉണ്ടായതായി കാണാൻ സാധിക്കുന്നില്ല. മുൻവർഷത്തെ അപേക്ഷിച്ച് 82.97 ലക്ഷം രൂപയുടെ വർദ്ധനവാണ് കാണുന്നത്. കോവിഡിനെ തുടർന്നുണ്ടായ സാമ്പത്തിക ഞെരുക്കത്തിൽ നിന്നും നഗരസഭ ചെറിയ രീതിയിലെങ്കിലും കരകയറുന്നതിന്റെ ലക്ഷണങ്ങൾ കാണുന്നുണ്ട്. പദ്ധതി വിഹിതങ്ങളിൽ കുറവുണ്ടായപ്പോളും തനത് വരുമാനത്തിൽ നേരിയ വർദ്ധനവ് കാണാൻ സാധിക്കുന്നുണ്ട്.

നഗരസഭയുടെ പ്രധാന തനതുവരുമാനങ്ങളിൽ മുൻവർഷങ്ങളെ അപേക്ഷിച്ചുണ്ടായ വർദ്ധനവ് താഴെ ചേർക്കുന്നു.

| ഇനം | 2020-21 | 2021-22 | വ്യത്യാസം (വർദ്ധനവ് ) |
|---|---|---|---|
| സാനിറ്റേഷൻ ടാക്സ് | 13,53,250.00 | 20,58,400.00 | 7,05,150.00 |
| വിനോദ നികുതി | 73,212.00 | 3,52,339.00 | 2,79,127.00 |

| | | | |
|---|---|---|---|
| ടൗൺഹാൾ വാടക | 1,53,950.00 | 2,82,417.00 | 1,28,467.00 |
| മാർക്കറ്റ് ഫീസ് | 4,64,021.00 | 18,16,152.00 | 13,52,131.00 |
| ബസ് സ്റ്റാന്റ് ഫീസ് | 0 | 4,97,738.00 | 4,97,738.00 |
| വസ്തു നികുതി | 3,46,46,589.00 | 3,53,76,496.00 | 7,29,907.00 |
| വാടക | 1,31,18,252.00 | 1,36,40,444.00 | 5,22,192.00 |

മേൽപ്പറഞ്ഞ പ്രകാരം തനത് വരുമാനങ്ങളിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും കച്ചവട-വ്യാപാര സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വരുമാനങ്ങളിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | 2020-21 | 2021-22 | വ്യത്യാസം (കുറവ് ) |
|---|---|---|---|
| തൊഴിൽനികുതി (വ്യാപാരികൾ) | | | |
| കറണ്ട് | 24,64,228.00 | 25,17,128.00 | -52,900.00 |
| അരിയർ | 5,81,243.00 | 3,29,954.00 | 2,51,289.00 |
| ആകെ | 30,45,471.00 | 28,47,082 | 1,98,389.00 |
| D & O ലൈസൻസ് | | | |
| (അഡ്വാൻസ്) | 27,47,840.00 | 23,67,700.00 | 3,80,140.00 |
| കറണ്ട് | 7,72,450.00 | 5,41,027.00 | 2,31,423.00 |

കച്ചവട-വ്യാപാര മേഖലകളിൽ കോവിഡാനന്തരമുണ്ടായ പ്രത്യാഘാതത്തിന്റെ പ്രതിഫലമാണ് ഇവയുമായി ബന്ധപ്പെട്ട മേഖലയിലെ നഗരസഭയുടെ വരുമാനത്തിൽ കുറവുണ്ടായിരിക്കുന്നത്. ആലുവ നഗരസഭയുടെ തനത് വരുമാനത്തിൽ ഏതാനും വർഷങ്ങളായി കാര്യമായ വർദ്ധനവ് ഉണ്ടാകുന്നില്ല. 2018 -ലെ മഹാപ്രളയവും തുടർന്നുണ്ടായ കോവിഡ് മഹാമാരിയും നഗരസഭയുടെ തനത് വരുമാനത്തിന്റെ വർദ്ധനവിന് കാര്യമായ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും മുടങ്ങുന്ന സാഹചര്യത്തിലൂടെയാണ് നഗരസഭ കടന്നുപോകുന്നത്. പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ ജീവനക്കാർ

കോടതിയെ സമീപിക്കേണ്ട സാഹചര്യമുണ്ടാവുകയും കോടതി നിർദ്ദേശങ്ങൾ പാലിക്കാൻ സാധിക്കാത്ത സാഹചര്യവുമുണ്ടായിട്ടുണ്ട്. നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടൽ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. നഗരസഭയുടെ തനത് വരുമാന സ്രോതസ്സുകൾ ഫലപ്രദമായി പ്രയോജനപ്പെടുത്താത്തത് സംബന്ധിച്ചും ആയത് സംബന്ധിച്ച ഓഡിറ്റ് നിർദ്ദേശങ്ങളും ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച 2018-19 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-11 -ൽ സവിസ്തരം പരാമർശിച്ചിരുന്നെങ്കിലും ഫലപ്രദമായ നടപടികളുണ്ടായതായി കാണുന്നില്ല.

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 1,21,07,000.00 | 1,21,07,000.00 | 1,21,07,000.00 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 42,80,500.00 | 42,80,500.00 | 16,59,188.00 | 26,21,312.00 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 3,09,47,000.00 | 3,09,47,000.00 | 1,03,99,701.00 | 2,05,47,299.00 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 84,26,806.00 | 84,26,806.00 | 51,51,779.00 | 32,75,027.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied | | 0 | 1,40,87,966.00 | 1,40,87,966.00 | 34,89,111.00 | 1,05,98,855.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Untied | | 0 | 1,07,27,536.00 | 1,07,27,536.00 | 55,58,893.00 | 51,68,643.00 |
| സാക്ഷരത | | 8,542.00 | 0 | 8,542.00 | 0 | 8,542.00 |
| ദുരിതാശ്വാസനിധി | | 12,000.00 | 0 | 12,000.00 | 12,000.00 | - |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 670908.00 | 10,00,000.00 | 16,85,020.00 | 93,165.00 | 5,09,221.00 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 14,112.00 | | 10,82,634.00 | |
| PMAY | | 36,27,540.00 | 97,046.00 | 37,24,586.00 | 20,75,152.00 | 16,49,434.00 |
| ബി ഫണ്ട് | | 0 | 3,35,24,600.00 | 3,35,24,600.00 | 3,35,24,600.00 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 8,96,293.00 | 1,21,01,000.00 | 1,29,97,293.00 | 1,19,97,293.00 | 10,00,000.00 |

.സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) 55,58,893/- രൂപയാണ് ACR പ്രകാരം

ആകെ ചെലവ്. വാർഷിക ധനകാര്യ പത്രികയിൽ 160100104 എന്ന ഹെഡിൽ 18,98,915/- രൂപയും 160100110 ഹെഡിൽ 36,74,418/- രൂപയുമാണ് വരവ് കാണിച്ചിരിക്കുന്നത്. ACR ലെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ വാർഷിക ധനകാര്യ പത്രികയിൽ 14,440/- രൂപ അധികമാണ് വരവെട്ടുത്തിരിക്കുന്നത്.

.എം.ജി.എൻ.ആർ.ഇ.ജി.എസ് ഫണ്ടിന്റെ നീക്കിയിരിപ്പ് വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ് ഫണ്ടിന്റെ നീക്കിയിരിപ്പ് 5,09,042/- രൂപയാണ് . 179/- രൂപയുടെ വ്യത്യാസമുണ്ട്.

1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 126 | 9,43,72,197 | 81 | 3,93,88,922 | 25 | 45 | 64.28% |

2021-22 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച 126 പദ്ധതികളിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 19,20,000 | 1,33,664 | 6.96% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 5 | 5 | 44,48,659 | 44,48,659 | 100% |
| വ്യവസായ വികസന ഓഫീസർ | 2 | 2 | 55,000 | 55,000 | 100% |
| കൃഷി ഫീൽഡ് ഓഫീസർ | 8 | 7 | 15,77,569 | 8,14,125 | 51.60 |
| മുനിസിപ്പൽ സെക്രട്ടറി | 12 | 12 | 61,02,558 | 42,62,234 | 69.84 |
| വെറ്ററിനറി സർജൻ | 4 | 4 | 9,60,000 | 6,28,601 | 65.47 |
| പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 14 | 10 | 53,90,750 | 27,70,776 | 51.39 |
| ഹെൽത്ത് ഓഫീസർ | 7 | 5 | 1,28,50,181 | 43,93,189 | 34.18 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 2 | 2 | 15,16,800 | 15,16,758 | 99.99 |

| | | | | | |
|---|---|---|---|---|---|
| ICDS സൂപ്പർ വൈസർ | 6 | 5 | 49,97,770 | 22,26,900 | 44.55 |
| പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കന്ററി സ്കൂൾ | 3 | 3 | 24,91,141 | 24,67,683 | 99.05 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 61 | 24 | 5,20,61,769 | 1,56,71,333 | 30.10 |
| ആകെ | 126 | 81 | 9,43,72,197 | 3,93,88,922 | 41.73 |

നടപ്പാക്കിയ പ്രോജക്റ്റുകളുടെ ശതമാനം താരതമ്യേന ഉയർന്നതാണെങ്കിലും ചെലവഴിച്ച തുക 50 ശതമാനത്തിലും താഴെയാണെന്ന് കാണാം. അതായത് നടപ്പാക്കിയ പ്രോജക്റ്റുകളുടെ തുക പൂർണ്ണ അളവിൽ ചെലവഴിച്ചിട്ടില്ല എന്നുവേണം മനസ്സിലാക്കാൻ. മെഡിക്കൽ ഓഫീസർ (ആയുർവേദം), വ്യവസായ വികസന ഓഫീസർ, മെഡിക്കൽ ഓഫീസർ(അലോപ്പതി), പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കന്ററി സ്കൂൾ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പൂർണ്ണതോതിൽ തുക ചെലവഴിച്ചപ്പോൾ ഫിഷറീസ് സബ് ഇൻസ്പെക്ടർ 7 ശതമാനത്തിൽ താഴെ തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി ചെലവിന്റെ പകുതിയിലധികം തുകയും വകയിരുത്തിയിരുന്നത് അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾക്കായിരുന്നെങ്കിലും വകയിരുത്തിയ തുകയുടെ 30 ശതമാനം തുകയാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. മാലിന്യ നിർമ്മാർജ്ജനം, കോവിഡ് പ്രതിരോധം, സ്വച്ഛ് ഭാരത് മിഷൻ പ്രോജക്ടുകൾ നിർവ്വഹണം നടത്തിയ ഹെൽത്ത് സൂപ്പർവൈസർ 34% തുകയാണ് ചെലവഴിച്ചത്. മാലിന്യ നിർമ്മാർജ്ജന പ്രോജക്റ്റുകളായ ഹരിത കർമ്മ സേന വി.ജി.എഫ് ആരോഗ്യ ഇൻഷൂറൻസ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൾ, ഖരമാലിന്യ സംസ്കരണത്തിന് പ്രത്യേകം രൂപകൽപ്പന ചെയ്ത വാഹനം വാങ്ങൽ എന്നീ പദ്ധതികൾക്ക് യഥാക്രമം 10 ലക്ഷം, 15 ലക്ഷം രൂപ വീതം വകയിരുത്തിയിരുന്നെങ്കിലും ഇവയിൽ നിന്നും തുകയൊന്നും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. സ്വച്ഛ് ഭാരത് മിഷൻ പ്രോഗ്രാമായ ബയോ ഗ്യാസ് പ്ലാന്റ് ബയോ ഗ്യാസ് ബിൻ – സോളിഡ് പേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാം എന്ന പ്രോജക്റ്റിനായി 54 ലക്ഷം രൂപയോളം വകയിരുത്തിയതിൽ 3.64 ലക്ഷം രൂപയോളമാണ് ചെലവഴിച്ചത്. ഖര-ജൈവ മാലിന്യ സംസ്കരണം ആലുവ നഗരസഭ നേരിടുന്ന ഗുരുതര പാരിസ്ഥിക-സാമ്പത്തിക പ്രശ്നമാണെന്നിരിക്കെ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കുന്നതിൽ വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ല എന്നാണ് മനസ്സിലാകുന്നത്. വകയിരുത്തിയ തുക പൂർണ്ണ അളവിൽ

ചെലവഴിച്ച് ഫലപ്രദമായി പദ്ധതി നിർവ്വഹണം നടത്തിയ മെഡിക്കൽ ഓഫീസർ(ആയുർവേദം), വ്യവസായ വികസന ഓഫീസർ, മെഡിക്കൽ ഓഫീസർ (അലോപ്പതി), പ്രിൻസിപ്പാൾ- ഗവ. ഹയർ സെക്കന്ററി സ്കൂൾ എന്നിവർ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | പലിശ | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | 6,70,908.00 | 10,00,000 (Allotment) | 14,112 | 16,85,020.00 | 93,165.00 | 5,09,221.00 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | ---------- | ---------- | ---------- | ---------- | 10,82,634.00 | ---------- |

മേല്പറഞ്ഞ നീക്കിയിരിപ്പ്, വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം 5,09,042/- രൂപയാണ് നീക്കിയിരിപ്പ്. 179/- രൂപയുടെ വ്യത്യാസമുണ്ട്.

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ സഹായം | NIL | NIL |
| കർഷകതൊഴിലാളി പെൻഷൻ | 2,20,800.00 | 9 |
| വിധവാപെൻഷൻ | 79,14,200.00 | 425 |
| വാർദ്ധക്യകാല പെൻഷൻ | 2,25,23,800.00 | 1223 |
| വികലാംഗ പെൻഷൻ | 22,00,000.00 | 113 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 6,65,800.00 | 37 |

1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ സമഗ്രമായ പുരോഗതിക്ക് ഭരണ-ഉദ്യോഗസ്ഥ തലത്തിൽ ക്രിയാത്മകമായ സമീപനവും മികച്ച ആസൂത്രണവും നിർവ്വഹണവും അനിവാര്യമാണ്. ആലുവ നഗരസഭയുടെ വളർച്ചക്ക് ഉതകുന്ന നിലയിലുള്ള ആസൂത്രണവും നിർവ്വഹണവും ഉണ്ടാകുന്നില്ല എന്നതാണ് വാസ്തവം. സമീപ വർഷങ്ങളിൽ നഗരസഭയിൽ വിഭാവനം ചെയ്ത പദ്ധതികൾ ഫലപ്രദമായി

നടപ്പാക്കുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. നടപ്പാക്കിയ പദ്ധതികൾ ഉദ്ദേശിച്ച രീതിയിൽ ഫലപ്രാപ്തി നൽകുന്നുണ്ടോയെന്നും പരിശോധിക്കേണ്ടിയിരിക്കുന്നു.

നഗരസഭയുടെ വാർഷിക പദ്ധതി രേഖയിൽ വർഷങ്ങളായി പ്രതിപാദിക്കുന്ന പദ്ധതികളാണ് ജനറൽ മാർക്കറ്റ് നിർമ്മാണം, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കൽ, നഗരസഭയുടെ അഭിമാനമായ രണ്ട് ടൗൺ ഹാളുകളുടെ നവീകരണം, മുനിസിപ്പൽ പാർക്ക് നവീകരണം, മുനിസിപ്പൽ ഗ്രൗണ്ട് നവീകരണം എന്നിവ. ഇതിൽ മുനിസിപ്പൽ പാർക്കിന്റേയും ഗ്രൗണ്ടിന്റേയും നവീകരണം ഭാഗികമായി പൂർത്തിയായതൊഴിച്ചാൽ മറ്റ് പദ്ധതികളൊന്നും നടപ്പാക്കാൻ സാധിച്ചിട്ടില്ല. നഗരസഭ നേരിടുന്ന മാലിന്യ സംസ്കരണ പ്രശ്നത്തിന് പരിഹാരമായി നടപ്പാക്കിയ തുമ്പൂർമുഴി മാലിന്യ പദ്ധതി ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യമാണ്. 36 എയറോബിന്നുകൾ സ്ഥാപിക്കുന്നതിനായി പദ്ധതിയിൽ വിഭാവനം ചെയ്തതിൽ 10 എണ്ണം മാത്രമാണ് സ്ഥാപിക്കാനായത്. ഇവയിൽ മാലിന്യം സംസ്കരിക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷം വരെ 47.89 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി ചെലവഴിച്ചത്. എന്നാൽ നഗരസഭയിലെ മാലിന്യ സംസ്കരണത്തിന് ഒരു രീതിയിലും ഈ പദ്ധതി ഗുണകരമായില്ല. നഗരത്തിന്റെ ഹൃദയ ഭാഗത്ത് സ്ഥിതിചെയ്യുന്ന രണ്ട് ടൗൺ ഹാളുകളും ശരിയായി മെയിന്റനൻസ് നടത്താത്തതുമൂലവും കാലോചിതമായി നവീകരിക്കാത്തതുമൂലവും വാടക ബുക്കിങ്ങിൽ കുറവുണ്ടാവുകയും ഹാൾ വാടകയിൽ വർദ്ധനവ് വരുത്തുന്നതിനും സാധിക്കുന്നില്ല. ജനറൽ മാർക്കറ്റ് നിർമ്മാണവും നാളിതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല. വർഷങ്ങളായി ഉപയോഗ ശൂന്യമായി കിടക്കുന്ന വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനും സാധിച്ചിട്ടില്ല.

ഡിജിറ്റൽ പരിതസ്ഥിതിയിലേക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ജീവനക്കാരുടെ സാങ്കേതിക ക്ഷമതയും കാര്യക്ഷമതയും ഒപ്പം തന്നെ അനുകൂലമായ ഭൗതിക സാഹചര്യവുമെല്ലാം ഇതിന് അനിവാര്യമാണ്. നഗരസഭയിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളുടെ പൂർണ്ണതോതിലുള്ള ഗുണങ്ങൾ ജനങ്ങൾക്കും ഒപ്പം ജീവനക്കാർക്കും ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ആലുവ നഗരസഭയിൽ ഇത്തരത്തിൽ ഫലപ്രദമായി

സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം സാധ്യമാകുന്നില്ല. റവന്യൂ വരുമാനത്തിന്റെ സോഫ്റ്റ് വെയറായ 'സഞ്ചയ' യിലെ ഡാറ്റാ എൻട്രി നാളിതുവരെ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. വിരൽത്തുമ്പിൽ വിവരങ്ങൾ ലഭ്യമാകേണ്ട ഈ കാലഘട്ടത്തിൽ അത്തരത്തിൽ പുരോഗതി പ്രാപിക്കാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല.

ഡിജിറ്റൽ സംവിധാനത്തിൽ അധികാര അവകാശങ്ങൾ ശരിയായി നിർവ്വഹിച്ച് നൽകുന്നതിനും അതിൽ പാലിക്കേണ്ട ചിട്ടവട്ടങ്ങൾ യഥാവിധം നിർണ്ണയിക്കുന്നതിനും കഴിഞ്ഞിട്ടില്ല. പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകേണ്ട ഫയൽ ട്രാക്കിങ്ങ് പോലുള്ള സംവിധാനം നടപ്പാക്കുന്നതിന് നഗരസഭക്ക് സാധിച്ചിട്ടില്ല. താൽക്കാലിക/കരാർ ജീവനക്കാരെ നിയമിച്ച് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ജോലി ചെയ്യിക്കേണ്ടി വരുന്നതും വലിയ ന്യൂനതയാണ്. ഉദ്യോഗസ്ഥരിൽ പലരും തങ്ങൾ രഹസ്യമായി സൂക്ഷിക്കേണ്ട പാസ്സ് വേഡുകൾ താൽക്കാലിക/കരാർ ജീവനക്കാരുൾപ്പെടെയുള്ള മറ്റ് ജീവനക്കാർക്ക് കൈമാറുന്നത് ഇവ ദുരുപയോഗം ചെയ്യുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

നഗരസഭയിലെ സ്റ്റോക്ക് ആന്റ് സ്റ്റോഴ്സിന്റെ പരിപാലനത്തിൽ അപാകതകൾ നിലനിൽക്കുന്നുണ്ട്. മുനിസിപ്പാലിറ്റിയിൽ ജനറൽ, എഞ്ചിനീയിറിങ്ങ്, ആരോഗ്യ വിഭാഗങ്ങളിൽ പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. ജനറൽ വിഭാഗത്തിലെ സ്റ്റോക്ക് പരിശോധനയിൽ ഏതാനും രജിസ്റ്ററുകളുടെയും ഫോമുകളുടെയും എണ്ണത്തിൽ വ്യത്യാസമുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ആരോഗ്യ വിഭാഗത്തിലെ സ്റ്റോക്ക് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ചിരുന്നില്ല. ആരോഗ്യ വിഭാഗത്തിൽ നിന്നും രണ്ട് സോണുകളിലേക്കും ഈ സോണുകളിൽ നിന്നും തൊഴിലാളികൾക്കുമാണ് സാനിറ്റേഷൻ സാധനങ്ങളും ഉപകരണങ്ങളും വിതരണം ചെയ്യുന്നത്. ആരോഗ്യ വിഭാഗത്തിൽ മെയിൻ സ്റ്റോക്ക് രജിസ്റ്ററും സോണുകൾക്ക് സബ്സിഡിയറി സ്റ്റോക്ക് രജിസ്റ്ററുകളും പരിപാലിക്കേണ്ടതാണെങ്കിലും ഇത്തരത്തിൽ തയ്യാറാക്കിയിരുന്നില്ല. ഓഡിറ്റിന്റെ നിർദ്ദേശത്തെ തുടർന്ന് മെയിൻ സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് നിലവിൽ തയ്യാറാക്കിയിരിക്കുന്നത്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.06.2014 മുതൽ | 2011 ഏപ്രിൽ മുതൽ | 15.11.2014 |

| | | | |
|---|---|---|---|
| | 07.06.2014 വരെ | 2013 സെപ്റ്റമ്പർ വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.11.2019 | 2018-2019 | 03.01.2020 |

1-11 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ദൈനം ദിന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നിർണ്ണായക സ്ഥാനമാണുള്ളത്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 20 പ്രകാരം 6 സ്റ്റാന്റിംഗ് കമ്മിറ്റികളാണ് നഗരസഭകളിലുള്ളത്.

1) ധനകാര്യം
2) വികസനകാര്യം
3) ക്ഷേമകാര്യം
4) ആരോഗ്യം
5) മരാമത്ത്
6) വിദ്യാഭ്യാസം, കലാ, കായികം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

*ചുമതലകൾ /ഉത്തരവാദിത്വങ്ങൾ*

* ബജറ്റ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച മേൽനോട്ടം കൗൺസിലിന് കിട്ടേണ്ടതായ നികുതികൾ, ഫീസുകൾ, വാടക എന്നിവയുടെ തിട്ടപ്പെടുത്തലും ഈടാക്കലും.

* മുനിസിപ്പൽ കൗൺസിലിന്റെ അക്കൗണ്ടുകൾ കൂടെക്കൂടെ പരിശോധിക്കുക.

* സർക്കാരിൽ നിന്നും ലഭിക്കുന്നതും വിതരണം ചെയ്യുന്നതുമായ ഗ്രാന്റുകളുടെ ശരിയായ ഉപയോഗം നിരീക്ഷിക്കുക.

* അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ്ചെയ്യുക.

* കൗൺസിലിന് ലഭിക്കേണ്ടതും വസൂലാക്കാവുന്നതല്ലെന്ന് കമ്മിറ്റിക്ക് തോന്നുന്നതുമായ തുകകൾ ചട്ടങ്ങൾക്ക് വിധേയമായി എഴുതിത്തള്ളുക.

* വാർഷിക അക്കൗണ്ടുകളുടെ തുക ആവശ്യപ്പെടലുകളും പരിച്ചെടുത്ത തുകയും നീക്കിയിരിപ്പ് തുകയും സൂക്ഷ്മ പരിശോധന നടത്തുക.

* 286 -ാം വകുപ്പ് പ്രകാരം ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന്റെ മുമ്പാകെ വയ്ക്കുക.

* കൗൺസിൽ ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക ബജറ്റിൽ വകയിരുത്തിയിട്ടുള്ളതാണോ എന്നും അതിലേക്ക് ആവശ്യമായ തുക ഉണ്ടോയെന്നും പരിശോധിക്കുക.

* നികുതി സംബന്ധമായ അപ്പീലുകൾ തീർപ്പാക്കുക.

* നികുതി സംബന്ധിച്ച കേസുകൾ പുനഃപരിശോധിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകുക.

നഗരസഭയുടെ വൈസ് ചെയർപേഴ്സനാണ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ. 2021-22 വർഷം 13 സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങൾ ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തം ബജറ്റ് തയ്യാറാക്കുക എന്നതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതും, പ്രസ്തുത നിർദ്ദേശങ്ങളെയും കേരള മുനിസിപ്പാലിറ്റി ആക്ടിലെ ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ട് അടുത്ത വർഷത്തേക്കുള്ള വരവു ചെലവുകളുടെ ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതുമാണ്. ആലുവനഗരസഭയിലെ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി 2021 ഫെബ്രുവരി 16 ന് ചേർന്ന യോഗത്തിൽ 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റും 2022-23 ലെ ബജറ്റ് എസ്റ്റിമേറ്റും അംഗീകരിച്ച് കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ഫെബ്രുവരി മൂന്നിന് ബജറ്റ് ചർച്ചക്കായി പ്രത്യേക ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം നോട്ടീസ് കൂടാതെ ചേരാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ബജറ്റ് ചർച്ച ചെയ്തതിന്റെ മിനിറ്റ്സ് ലഭ്യമല്ല. മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയിട്ടുള്ളതായോ ബജറ്റ് സംബന്ധിച്ച് കാതലായ ചർച്ച കൗൺസിലിൽ നടന്നതായോ കാണുന്നില്ല. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ നഗരസഭ കടന്നു പോകുമ്പോൾ വരുമാന വർദ്ധനവിലൂടെ പ്രതിസന്ധി മറികടക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ അനിവാര്യമാണ്.

വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

കൃഷി, മണ്ണ് സംരക്ഷണം, സാമൂഹ്യവനവൽക്കരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം, മൽസ്യബന്ധനം, ചെറുകിട വ്യവസായം, സഹകരണം, ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതും മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികളും നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് മുനിസിപ്പൽ കൗൺസിലിന്റെ വികസന പദ്ധതികൾ തയ്യാറാക്കേണ്ടതും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2021 നവംബർ മുതലുള്ള മിനിറ്റ്സ് പരിശോധനക്ക് വിധേയമാക്കി. 2021-22 വാർഷിക പദ്ധതി നടത്തിപ്പ് പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തിയിട്ടുണ്ട്. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങളായ കൃഷി, മൃഗ സംരക്ഷണം, ക്ഷീര വികസനം തുടങ്ങിയ മേഖലകളിൽ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തുടങ്ങി വച്ച കാർഷിക പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി ഉറപ്പ് വരുത്തുന്നതിന് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിരന്തരമായ ഇടപെടലുകൾ അനിവാര്യമാണ്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, പട്ടികജാതി പട്ടികവർഗ്ഗവികസനം, സമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷ പെൻഷനും ധനസഹായവും, ദാരിദ്ര്യനിർമ്മാർജ്ജനം, ചേരി പരിഷ്കരണം, പൊതുവിതരണ സമ്പ്രദായം എന്നീ വിഷയങ്ങളാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യുന്നത്.

2021-22 സാമ്പത്തിക വർഷത്തിൽ 14 തവണ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ ചേർന്നിട്ടുണ്ട്. 5 വർക്കിംഗ് ഗ്രൂപ്പുകൾ ഈ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്. പരിഗണനാ വിഷയങ്ങളിൽ കമ്മിറ്റി ഇടപെടൽ നടത്തിയിട്ടുണ്ടെങ്കിലും പട്ടികജാതി പ്രത്യേക ഘടക പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പും കാര്യക്ഷമമാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ അനിവാര്യമാണ്.

ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പൊതു ജനാരോഗ്യവും ആരോഗ്യ സേവനവും, ശുചീകരണം, അപകടകരവും അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങളുടെ നിയന്ത്രണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

2021-22 -ൽ ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 11 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ആരോഗ്യ ശുചീകരണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ടെങ്കിലും ഉറവിട മാലിന്യ സംസ്കരണത്തിന് കാര്യക്ഷമമായ പദ്ധതികളില്ല. ആശ്രമത്തിനോട് ചേർന്നുള്ള മലിനജല സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമല്ല. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി നഗരസഭ

നടപ്പിലാക്കിയ പദ്ധതികളുടെ മോണിട്ടറിങ്ങ് കാര്യക്ഷമമല്ല. ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ,

പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം ഉൾപ്പെടെയുള്ള നഗരാസൂത്രണം, പരിസ്ഥിതി, വൈദ്യുതി, ശുദ്ധജല വിതരണം, ഡ്രെയിനേജ്, അഴുക്കുചാൽ നിർമ്മാണം എന്നീ വിഷയങ്ങളാണ് മരാമത്തു സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യുന്നത്.

2021-22 സാമ്പത്തികവർഷം മരാമത്തു സ്റ്റാന്റിംഗ് കമ്മിറ്റി സ്റ്റാന്റിംഗ് കമ്മിറ്റി എട്ട് യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി സ്റ്റാൻഡിങ്ങ് കമ്മിറ്റി വിലയിരുത്തിയതായി കാണുന്നില്ല. 2021-22 സാമ്പത്തികവർഷം മെയിന്റനൻസ് ഗ്രാന്റിനത്തിൽ ചെലവ് 43.45% മാത്രമാണ്. പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ സ്പിൽ ഓവറായി 2022-23 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തേണ്ടി വന്നു. പൊതുമരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമവും സമയ ബന്ധിതവുമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിന് പൊതുമരാമത്ത് സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ഇടപെടൽ ഉറപ്പു വരുത്തേണ്ടതുണ്ട്.

വിദ്യാഭ്യാസ കലാകായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

നഗരസഭയുടെ വിദ്യാഭ്യാസം, കലാകായിക വിനോദം, സംസ്കാരം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. സാമ്പത്തിക വർഷം 12 തവണയാണ് വിദ്യാഭ്യാസ കലാകായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടിയിട്ടുള്ളത്. പരിഗണനാവിഷയങ്ങളിൽ സ്റ്റാൻഡിംഗ് കമ്മിറ്റി ഇടപെട്ടിട്ടുണ്ട്. നഗരസഭാ ലൈബ്രറിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. നഗരസഭയ്ക്ക് സ്വന്തമായുള്ള ഗ്രൗണ്ട് ഉപയോഗപ്പെടുത്തി കായിക രംഗത്ത് കുറച്ചുകൂടി മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്നത് ഉചിതമായിരിക്കും.

1-12 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന പ്രതി മാസം സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അതാത് സമയത്തെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെടുന്നുണ്ട്. ക്യാഷ് പരിശോധന വിവരങ്ങൾ അതാത് മാസം

തന്നെ മുഖ്യകാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഓഡിറ്റ് കാലയളവിലെ അവസാനത്തെ ക്യാഷ് പരിശോധന 09.02.2023 തീയതിയിലായിരുന്നു.

1-13 മാലിന്യ സംസ്കരണം - ഹരിത ട്രിബ്യൂണൽ നടപടികൾ

| | | |
|---|---|---|
| സൂചന | : | ഫയൽ നമ്പർ - H4 – 2655/19 |

ആലുവ നഗരസഭയിലെ ജൈവമാലിന്യങ്ങൾ നഗരസഭയുടെ ഉടമസ്ഥതയിൽ എടത്തല, കീഴ്മാട് പഞ്ചായത്തുകളിലുള്ള സ്ഥലങ്ങളിലാണ് സംസ്കരിച്ചിരുന്നത്. എന്നാൽ പരിസരവാസികളുടെ എതിർപ്പ് മൂലം മാലിന്യ നിർമ്മാർജ്ജനം തടസ്സപ്പെട്ടതിനേതുടർന്നും ബഹു. ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ജൈവ മാലിന്യങ്ങൾ കൊച്ചിൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ബ്രഹ്മപുരം പ്ലാന്റിൽ സംസ്കരിക്കുകയാണ് നിലവിൽ ചെയ്യുന്നത്. ബഹു.ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് നമ്പർ ഒ.എ.നം.606/2018 Dtd 14.12.2020 പ്രകാരം 09.04.2019 മുതൽ 31.12.2020 വരെയുള്ള കാലയളവിൽ നഗരസഭ, ഖരമാലിന്യ സംസ്കരണ നിയമം 2016 തുടർച്ചയായി ലംഘിക്കുന്നതായും ആയതിന്റെ അടിസ്ഥാനത്തിൽ 212.71 ലക്ഷം രൂപ പിഴ ഒടുക്കുന്നതിന് നിർദ്ദേശിച്ചിരിക്കുകയുമാണ്. കൂടാതെ പാരിസ്ഥിതിക സംരക്ഷണ നിയമം 1986 സെക്ഷൻ 5 പ്രകാരവും ഗവൺമെന്റ് ഓഫ് ഇന്ത്യ നോട്ടിഫിക്കേഷൻ SO 327(E) Dtd 10.04.2001 പ്രകാരവും നഷ്ടപരിഹാരം ഒടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രിബ്യൂണൽ ചുമത്തിയിരിക്കുന്ന ഭീമമായ പിഴ ഒടുക്കുന്നതിൽ നിന്നും ബഹു. ഹൈക്കോടതി WP(C) No.27908/2022 പെറ്റീഷനിൽ ആദ്യം ഒരു മാസത്തേക്കും പിന്നീട് 2 മാസത്തേക്കും സ്റ്റേ അനുവദിച്ചിട്ടുണ്ട്. 12.12.2022 തീയതിയിലാണ് 2 മാസത്തേക്കുള്ള സ്റ്റേ അനുവദിച്ചിരുന്നത്.

ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് ആലുവ നഗരസഭ മുന്നോട്ട് പോകുന്നത്. ഈയൊരു സാഹചര്യത്തിൽ 2 കോടിയിലധികം രൂപ നഷ്ടപടിഹാരമായി ഒടുക്കേണ്ടി വരുന്നത് പ്രായോഗികമല്ലന്നിരിക്കെ ഇക്കാര്യത്തിൽ ഗൗരവമായ ഇടപെടലുകൾ ആവശ്യമാണ്. അതോടൊപ്പം വേസ്റ്റ് മാനേജ്മെന്റ് സംവിധാനത്തിന് പുതിയ മാർഗങ്ങൾ തേടേണ്ടതുമാണ്. ഇത് സംബന്ധിച്ച് താഴെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1). സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016 ൽ നിലവിൽ വരുന്നതിനു മുമ്പ് 2012 മുതൽ ബ്രഹ്മപുരം പ്ലാന്റിൽ മാലിന്യം നിക്ഷേപിക്കുന്നതിന് പ്ലാന്റിന്റെ ഉടമസ്ഥരായ കൊച്ചി

കോർപ്പറേഷനുമായി കരാറുള്ളതും കരാർ പ്രകാരമുള്ള ടിപ്പിങ്ങ് ചാർജ്ജ് നൽകുന്നതുമാണ്. വീഴ്ച സംഭവിച്ചതായി പറയുന്ന കാലയളവിൽ പ്രതിദിനം ശരാശരി 5.87 ടൺ ജൈവമാലിന്യം ബ്രഹ്മപുരം പ്ലാന്റിൽ സംസ്കരിച്ചിരുന്നതായാണ് കണക്കുകളിൽ നിന്നും വ്യക്തമാകുന്നത്. കൂടാതെ ഈ കാലയളവിൽ ബയോ ബിൻ, ബയോ ഗ്യാസ് പ്രോജക്റ്റുകൾ, തുമ്പൂർ മുഴി മാലിന്യ നിർമ്മാർജ്ജന പദ്ധതി മുതലായ ജൈവമാലിന്യ സംസ്കരണ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. എന്നാൽ കേരള സംസ്ഥാന പൊല്ല്യൂഷൻ കൺട്രോൾ ബോർഡിന്റെ നഷ്ട പരിഹാര നിർണ്ണയ കണക്ക് പ്രകാരം നഗരസഭാ പരിധിയിൽ പ്രതിദിനം 6.73 ടൺ മാലിന്യം ഉത്ഭവിച്ചതിൽ 0.67 ടൺ മാലിന്യം നഗരസഭ ചട്ട പ്രകാരം സംസ്കരിച്ചതായാണ് കണക്കാക്കിയിരിക്കുന്നത്. പ്രതിദിനം 6.06 ടൺ ജൈവമാലിന്യം ചട്ട പ്രകാരം സംസ്കരിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി കണക്കാക്കിയാണ് 212.71 ലക്ഷം നഷ്ടപരിഹാരം ചുമത്തിയിരിക്കുന്നത്. എന്നാൽ നഗരസഭയുടെ കണക്കും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റ കണക്കും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു. ഈ സാഹചര്യത്തിൽ നഗരസഭയിൽ ഉത്ഭവിക്കുന്ന മാലിന്യം തരംതിരിച്ച് ജൈവ മാലിന്യങ്ങൾ മേല്പറഞ്ഞ രീതിയിൽ സംസ്കരിച്ചിരുന്നതായും ഖരമാലിന്യങ്ങൾ പ്ലാൻ@എർത്ത് മുഖേന സംസ്കരിച്ചിരുന്നതായും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ ലംഘിച്ചിട്ടില്ലെന്ന് സ്ഥാപിക്കുന്നതിനുമായി നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിന് മുമ്പ് ഹരിത ട്രിബ്യൂണലിൽ നേരിട്ട് ഹാജരായി ബോധ്യപ്പെടുത്തുന്നതിന് സാധിച്ചതായി കാണുന്നില്ല. ദേശീയ ഹരിത ട്രിബ്യൂണലിന്റെ 212.71 ലക്ഷം രൂപ പിഴ ഒടുക്കണമെന്ന ഉത്തരവിനെതിരെ ബന്ധപ്പെട്ട അപ്പീൽ അതോററ്റിയെ നഗരസഭ സമീപിച്ചതായും കാണുന്നില്ല. 2 കോടിയിലധികം പിഴ തുക ഒടുക്കാൻ നഗരസഭക്ക് സാമ്പത്തിക പ്രതിസന്ധിമൂലം സാധിക്കില്ലന്നിരിക്കെ ബഹു. ഹൈക്കോടതിയിൽ നിന്നും ഒന്നോ രണ്ടോ മാസത്തേക്ക് സമയം നീട്ടി വാങ്ങി താൽക്കാലിക പരിഹാരം കാണുന്നതിന് പകരം ഇത് സംബന്ധിച്ച് ശാശ്വത പരിഹാരമാണ് ആവശ്യം. ഇതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

2). നഗരസഭക്കെതിരെ 2 കോടിയിലധികം രൂപ പിഴ ചുമത്തുന്നതിനുള്ള ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിന് മുന്നോടിയായി നഗരസഭയുടെ വിശദീകരണം ശരിയായ വിധം കേട്ടിട്ടില്ല എന്നാണ് മനസ്സിലാകുന്നത്. ബ്രഹ്മപുരം പ്ലാന്റിൽ മാലിന്യം നിക്ഷേപിക്കുന്നത്

നിരോധിച്ചുകൊണ്ടോ അല്ലങ്കിൽ ഇത് നിയമവിരുദ്ധമാണെന്നോ നഗരസഭയെ മുൻകൂട്ടി അറിയിക്കാതെയും നഗരസഭയുടെ ഭാഗം കേൾക്കാതെയുമാണ് നഷ്ടപരിഹാരം ആവശ്യപ്പെട്ടിരിക്കുന്നത്. കൂടാതെ നഗരസഭാ സെക്രട്ടറിയുടെ 25.10.2019 തീയതിയിലെ എച്ച് 4-2655/19 നമ്പർ കത്തിൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ആലുവ നഗരസഭ ഭക്ഷണ സാധനങ്ങൾ ഉൾപ്പെടെയുള്ള ജൈവമാലിന്യങ്ങൾ കൊച്ചി കോർപ്പറേഷൻ വക ബ്രഹ്മപുരം പ്ലാന്റിൽ സംസ്കരിക്കുന്നതെന്ന് വിശദീകരിക്കുന്നുണ്ട്. മാത്രവുമല്ല കൊച്ചി കോർപ്പറേഷനുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ ടിപ്പിങ്ങ് ചാർജ് നൽകിയാണ് നഗരസഭ മാലിന്യം കൈമാറുന്നത്. ഈയിനത്തിൽ ഗണ്യമായ തുക നഗരസഭക്ക് ചെലവുണ്ടാകുന്നുണ്ട്. മാലിന്യ സംസ്കരണ പ്രോജക്റ്റ് നം. 24/2020-21 ൽ ഉൾപ്പെടുത്തി ടിപ്പിങ്ങ് ചാർജ്ജ് നൽകിയതായി പ്രോജക്ട് ഓഫീസറുടെ 14.12.2020 -ലെ എച്ച്.4- 7919/12 നടപടി ക്രമത്തിൽ പറയുന്ന ചെലവ് താഴെപ്പറയും പ്രകാരമാണ്.

| കാലയളവ് | നിരക്ക് | തൂക്കം (ടൺ) | തുക |
|---|---|---|---|
| 01.10.2019 മുതൽ 31.01.2020 വരെ | 1420/- | 895.66 | 12,71,844.00 |
| 01.02.2020 മുതൽ 31.05.2020 വരെ | 1420/- | 760.93 | 10,80,521.00 |
| 01.06.2020 മുതൽ 30.09.2020 വരെ | 1420/- | 485.34 | 6,89,176.00 |
| ആകെ | 1420/- | 2141.93 | 30,41,541.00 |

ദേശീയ ഹരിത ട്രിബ്യൂണൽ പിഴ ചുമത്തിയിരിക്കുന്ന കാലയളവിൽ ഉൾപ്പെടുന്ന ഒരു വർഷം ബ്രഹ്മപുരം പ്ലാന്റിൽ മാലിന്യം സംസ്കരിച്ചതിന് നൽകിയിരിക്കുന്ന ടിപ്പിങ്ങ് ചാർജ് മേല്പറഞ്ഞ പ്രകാരമാണ്. പ്രതിദിനം ശരാശരി (2141.93/365) 5.87 ടൺ മാലിന്യം ബ്രഹ്മപുരം പ്ലാന്റിൽ സംസ്കരിച്ചിരുന്നതായും ഒരു വർഷത്തേക്ക് 30 ലക്ഷത്തിലധികം രൂപ ടിപ്പിങ്ങ് ചാർജ്ജായി ചെലവഴിച്ചതായും മേല്പറഞ്ഞ കണക്കുകളിൽ നിന്നും വ്യക്തമാണ്. ഈ സാഹചര്യത്തിൽ ജൈവമാലിന്യ സംസ്കരണത്തിൽ നഗരസഭക്ക് വീഴ്ച സംഭവിക്കുന്നില്ല എന്നും ബ്രഹ്മപുരം പ്ലാന്റിലെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നഗരസഭക്കെതിരെ സ്വീകരിച്ചിരിക്കുന്ന നടപടി ഒഴിവാക്കേണ്ടതാണെന്നും അപ്പീൽ അധികാരികളെ ബോധ്യപ്പെടുത്തേണ്ടതാണ്.

3). നഗരസഭാ പരിധിയിലെ മലിനജലം പെരിയാർ നദിയിലേക്ക് ശുദ്ധീകരിച്ച ശേഷം ഒഴുക്കി വിടുന്നതിനായി നദീ തീരത്ത് സ്ഥാപിച്ചതാണ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്. എന്നാൽ വർഷങ്ങളായി ഈ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിക്കുന്നില്ല. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ മലിന ജലം പെരിയാറിലേക്ക് നേരിട്ട് ഒഴുക്കുന്നെന്ന പരാതിയുമായി ആലുവ പരിസ്ഥിതി സംരക്ഷണ സമിതി ബഹു.ഹൈക്കോടതിയിൽ പരാതി നൽകുകയും കോടതി ഈ പരാതി ചെന്നൈ ഗ്രീൻ ട്രിബ്യൂണലിന് കൈമാറുകയും ചെയ്തിരുന്നു. നിലവിൽ ഈ കേസ് കേന്ദ്ര ഹരിത ട്രിബ്യൂണലിന്റെ പരിഗണനയിലാണ്. ഈ സാഹചര്യത്തിൽ വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് വർഷങ്ങളായി പ്രവർത്തിക്കുന്നില്ല എന്നത് വളരെ ഗൗരവമായി കാണേണ്ടതാണ്. കൂടാതെ ഫിഷ് മാർക്കറ്റിൽ സ്ഥാപിച്ചിരിക്കുന്ന വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും പ്രവർത്തനക്ഷമമല്ല. പെരിയാറിലെ പമ്പിങ്ങ് സ്റ്റേഷനിൽ നിന്നാണ് സമീപ നഗരങ്ങളിലെ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നത്. പെരിയാർ മലിനീകരണവുമായി ബന്ധപ്പെട്ട് ഹരിത ട്രിബ്യൂണൽ മുമ്പാകെ പരാതി നിലനിൽക്കുന്ന സാഹചര്യത്തിൽ വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരണം അടിയന്തിര പ്രാധാന്യത്തോടെ നടത്തേണ്ടതാണ്.

4). നഗരസഭയിലെ ആധുനിക അറവുശാലയുടെ നിർമ്മാണം 2017-18 സാമ്പത്തിക വർഷത്തിൽ പാതിവഴിയിൽ നിലച്ചിരിക്കുകയാണ്. അനധികൃത മാംസക്കച്ചവടം നിരോധിക്കുന്നതിനും ലൈസൻസുള്ള അറവുശാലകൾ വഴി മാത്രമേ മാംസക്കച്ചവടം നടത്താവൂ എന്ന് ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലുമാണ് വൃത്തിയുള്ളതും മാലിന്യ സംസ്കരണശേഷിയുള്ളതുമായ അറവുശാലകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചത്. ഇതിലേക്കായി ശുചിത്വ മിഷൻ മുഖേന 1.67 കോടി രൂപ ആലുവ നഗരസഭയ്ക്ക് അനുവദിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷം വരെ 41.70 ലക്ഷം രൂപയുടെ പ്രവർത്തികളാണ് പൂർത്തീകരിച്ചത്. അറവുശാലയുടെ സ്ട്രക്ചർ പൂർത്തിയായെങ്കിലും ഡ്രെയിനേജ് നിർമ്മാണവും പ്ലബിങ്ങും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. നഗരസഭാ പരിധിയിലെ അറവ് മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരമാകേണ്ട ആധുനിക അറവുശാല നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാത്തത് നിലവിലെ സാഹചര്യത്തിൽ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു.

5). ജൈവ മാലിന്യ സംസ്കരണത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ 47.89 ലക്ഷം

രൂപ ചെലവഴിച്ച് നടപ്പാക്കിയ പദ്ധതിയാണ് തുമ്പൂർ മുഴി മാലിന്യ നിർമ്മാർജ്ജന പദ്ധതി. നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ 36 എയറോബിന്നുകൾ സ്ഥാപിച്ച് മാലിന്യം സംസ്കരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. എന്നാൽ ഈ പദ്ധതിയിലൂടെ മാലിന്യ സംസ്കരണം നടക്കുന്നില്ല എന്നാണ് മനസ്സിലാക്കുന്നത്. 2017-18, 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇത് സംബന്ധിച്ച് വിശദമായി പരാമർശിച്ചിട്ടുണ്ട്.

മേല്പറഞ്ഞ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/M2/2021-22 തീയതി 01.02.2023 ന് നൽകിയ മറുപടിയിൽ തുമ്പൂർമുഴി മാലിന്യ പദ്ധതിയിൽ അപാകതകൾ കണ്ടെത്തിയതിനാൽ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ തുടർന്ന് വരികയാണെന്നും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പുനരുദ്ധാരണത്തിനായി 23.14 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ച് വരുന്നതായും അറവുശാലയുടെ സ്ട്രക്ച്ചറൽ വർക്ക് കഴിഞ്ഞതാണെന്നും ബിൽഡിങ് ഓൾട്ടറേഷനും മറ്റ് പ്രവർത്തികൾക്കുമായി 4-5 കോടി രൂപയോളം വേണ്ടിവരുമെന്നും വിഷയം കൗൺസിൽ പരിഗണനയിലാണെന്നും അറിയിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണവും ഇതുമായി ബന്ധപ്പെട്ട കോടതി നടപടികളും പ്രധാന ചർച്ചാവിഷയമായ നിലവിലെ സാഹചര്യത്തിൽ മേല്പറഞ്ഞ കാര്യങ്ങളിൽ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് അഭിപ്രായപ്പെടുന്നു.

1-14 വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തന രഹിതം - നടപടിക്രമങ്ങളിലെ കാലതാമസം മൂലം പുനരുദ്ധാരണം വൈകുന്നു.

ഫയൽ നമ്പർ E4/3072/20, E4/4052/15

നഗരസഭയിലെ മാലിന്യ ജല നിർമ്മാർജ്ജനത്തിനായി എം.പി. ഫണ്ടും നഗരസഭയുടെ തനത് ഫണ്ടും ഉപയോഗിച്ച് 2011 -ൽ ആശ്രമം കടവിനടുത്ത് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിച്ചിരുന്നു. വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം കരാർ വച്ച് എ.എം.സി പ്രകാരമാണ് നിർവ്വഹിച്ചിരുന്നത്. കരാറുകാരനുമായുള്ള എ.എം.സി. അവസാനിച്ചത് 2015-16 ലാണ്. തുടർന്ന് ഏപ്രിൽ, മെയ് മാസങ്ങളിലേയ്ക്ക് കരാർ കാലാവധി നീട്ടി നൽകി. 31.05.2016 -ന് ശേഷം പ്ലാന്റ് പ്രവർത്തനരഹിതമായി. ബഹു. എറണാകുളം ജില്ലാ കളക്ടറുടെ നിർദ്ദേശത്തെത്തുടർന്ന് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് ടെണ്ടർ നടപടികൾ ആരംഭിക്കുകയും പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് Waterman Aquatic System Pvt.Ltd മായി 2017-18 -ൽ കരാറിലേർപ്പെടുകയും ചെയ്തു. 04.05.2018

-ൽ 5,30,400/- രൂപയുടെ പ്രവൃത്തി നടത്തിയതായി കരാറുകാരൻ ബിൽ സമർപ്പിച്ചെങ്കിലും സമയബന്ധിതമായി പണി പൂർത്തീകരിക്കാത്തതിനാൽ 2,15,000/- രൂപ മാത്രമാണ് നഗരസഭ നൽകിയത്.

2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം മൂലം വേസ്റ്റ് വാട്ടർട്രീറ്റ്മെന്റ് പ്ലാന്റിന്റെ ഫിൽറ്ററിങ്ങ് ഇജക്ടറിൽ ചെളികയറി പ്രവർത്തനരഹിതമായിത്തീർന്നു. വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലെ മലിനജലം പെരിയാറിലേക്ക് ഒഴുക്കുന്നത് മൂലം സമീപത്തുള്ള വാട്ടർ അതോറിറ്റിയുടെ ജലശുദ്ധീകരണ പ്ലാന്റിന്റെ പമ്പിങ്ങ് മേഖലയിൽ ഒഴുകിയെത്തി പമ്പ് ചെയ്യുന്ന കുടിവെള്ളം മലിനമാകാൻ സാധ്യതയുള്ളതായി തിരുവനന്തപുരം പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ 16.10.2019 -ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മലിനജലം ഒഴുക്കുന്ന കാന പമ്പ് ഹൗസിൽ നിന്നും 70 മീറ്റർ അകലെയായതിനാൽ ശുദ്ധീകരണത്തിനെടുക്കുന്ന ജലത്തിന്റെ ഗുണനിലവാരത്തെ ഇത് ബാധിക്കുന്നില്ലായെന്ന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ റിപ്പോർട്ട് വിശ്വാസ യോഗ്യമല്ലെന്ന് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ 2018 ഫെബ്രുവരി 22 -ന് പുറപ്പെടുവിച്ച ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.

വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് മൂലമുള്ള മലിനീകരണം സംബന്ധിച്ച് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയ റിപ്പോർട്ടിൽ പുഴയുടെ തീരത്ത് പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങൾ മലിനജലം പുഴയിലേക്ക് തള്ളുന്നതിനാൽ പുഴയിലെ ജലം മലിനപ്പെടുന്നതായി പരാമർശിച്ചിട്ടുണ്ട്..

മനുഷ്യാവകാശ കമ്മീഷൻ ആലുവ നഗരസഭ സ്വീകരിക്കേണ്ട തുടർനടപടികളെ സംബന്ധിച്ച് സെക്രട്ടറിക്ക് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1). ആലുവ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യക്കുഴലുകൾ നീക്കം ചെയ്യുകയും മലിനജലം സ്വന്തം നിലയിൽ സംസ്കരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും വേണം.

2). ആശ്രമം കടവിൽ സ്ഥിതിചെയ്യുന്ന വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കപ്പാസിറ്റി കൂട്ടി പ്രവർത്തന സജ്ജമാക്കണം.

3). ഫ്ളോട്ടിങ്ങ് ഇജക്ടർ പുനഃസ്ഥാപിക്കണം.

നഗരസഭ പ്രളയ ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് 2019-20 സാമ്പത്തിക വർഷം (SO 211/20) 4,90,000/- രൂപ അനുവദിച്ചെങ്കിലും പ്രവൃത്തി നടപ്പാക്കുന്നതിന് ശുചിത്വമിഷന്റെ സാങ്കേതികാനുമതി ലഭ്യമാകാത്തതിനാൽ പ്ലാന്റിന്റെ അറ്റകുറ്റപ്പണി സമയബന്ധിതമായി നടപ്പാക്കാൻ കഴിഞ്ഞില്ല. 02.03.2020 – ൽ DPR സഹിതം വിശദമായ റിപ്പോർട്ട് ജില്ലാ ശുചിത്വമിഷന് നൽകിയെങ്കിലും ഇലക്ട്രിക്കൽ/മെക്കാനിക്കൽ പ്രവൃത്തികളുടെ സാങ്കേതികാനുമതി പി.ഡബ്ല്യു.ഡി -യിൽ നിന്ന് വാങ്ങേണ്ടതാണെന്ന് 28.12.2020 -ലാണ് ശുചിത്വമിഷൻ അറിയിച്ചത്. മെയിന്റനൻസ് പ്രവൃത്തികൾക്ക് ശുചിത്വമിഷന്റെ സാങ്കേതികാനുമതി ആവശ്യമില്ലെന്ന് ടെക്നിക്കൽ കമ്മിറ്റിയുടെ ഓൺലൈൻ മീറ്റിങ്ങിൽ തീരുമാനിച്ചിരുന്നെങ്കിലും ഇതിന്റെ മിനിറ്റ്സ് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

സ്പിൽ ഓവർ പദ്ധതിയായി SO 183/21-22 പ്രകാരം 11,64,000/- രൂപയുടെ എസ്റ്റിമേറ്റ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരിക്കുന്നതിനാവശ്യമായ ടെക്നിക്കൽ പ്രവൃത്തികൾക്കായി തയ്യാറാക്കുകയും 11,50,000/- രൂപ വകയിരുത്തുകയും ചെയ്തു.

2017-18 -ൽ പ്ലാന്റിന്റെ അറ്റകുറ്റപ്പണിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് DSR പ്രകാരമല്ലാത്തതിനാൽ വാട്ടർട്രീറ്റ്മെന്റ് പ്ലാന്റിന്റെ പുനരുദ്ധാരണത്തിനായി മെക്കാനിക്കൽ പാർട്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഇറിഗേഷൻ മെക്കാനിക്കൽ ഡ്രെഡ്ജർ സബ്ഡിവിഷനെയും ഇലക്ട്രിക്കൽ പാർട്ടിന്റെ Detailed Estimate തയ്യാറാക്കുന്നതിനായി ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ വിങ്ങിനെയും സിവിൽ പാർട്ടിന്റെ Detailed Estimate തയ്യാറാക്കുന്നതിനായി നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തെയും ചുമതലപ്പെടുത്തി. സിവിൽ വർക്കുകൾക്ക് 4,03,000/- രൂപയും ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് 4,62,000/- രൂപയും ഉൾപ്പെടെ 20,29,000/- രൂപയാണ് വാട്ടർട്രീറ്റ്മെന്റ് പ്ലാന്റിന്റെ പുനരുദ്ധാരണത്തിനായി ആകെ ചെലവ് കണക്കാക്കിയിട്ടുള്ളത്. പദ്ധതിയിനത്തിൽ വകയിരുത്തിയ 11,50,000/- രൂപ അപര്യാപ്തമായതിനാൽ പബ്ലിക് വർക്സ് കമ്മിറ്റി ശുപാർശയനുസരിച്ച് 14.02.2023 -ലെ 29 -ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 2022- 23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും തുടർനടപടി സ്വീകരിക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ കാര്യാലയത്തിൽ നിന്ന്

10.12.2019 -ൽ നൽകിയ കത്തിൽ ആലുവ നഗരസഭാ സെക്രട്ടറിക്ക് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകിയിരുന്നു.

1). നദികളുടെ പുനരുദ്ധാരണത്തിനായി തയ്യാറാക്കിയ കർമ്മപദ്ധതി പ്രകാരം പെരിയാറിന്റെ മലിനീകരണം നിയന്ത്രിക്കുന്നതിനായി മാർക്കറ്റിലുണ്ടാകുന്ന മുഴുവൻ മലിനജലം സംസ്കരിക്കാനുതകുന്ന കപ്പാസിറ്റിയുള്ള എസ്.ടി.പി മാർക്കറ്റിൽ നിർമ്മിക്കുകയും ആയതിലേക്ക് അറവുശാല, മത്സ്യ മാർക്കറ്റ് എന്നിവയിൽ നിന്നുള്ള മലിനജലം സംസ്കരിക്കുകയും ചെയ്യേണ്ടതാണ്.

2). അദ്വൈതാശ്രമത്തിനോട് ചേർന്ന് പ്രവർത്തിച്ചുവരുന്ന എസ്.ടി.പി യിലേക്ക് ഡ്രെയിനേജിൽ നിന്നുള്ള മുഴുവൻ മലിനജലവും ബന്ധിപ്പിക്കേണ്ടതും അത് പൂർണ്ണമായി സംസ്കരിക്കേണ്ടതുമാണ്. ഡ്രെയിനേജ് വിഭജിച്ച് ഒരു ഭാഗം മലിനജലം നേരിട്ട് പെരിയാറിലേക്ക് ഒഴുക്കുന്നത് പൂർണ്ണമായും തടയേണ്ടതാണ്.

ആലുവ നഗരത്തിലെ മലിനജലം കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനമായ വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് അഞ്ച് വർഷമായി പ്രവർത്തനക്ഷമമല്ല എന്നത് വളരെ ഗൗരവതരമാണ്. ആലുവയിലെയും പരിസരപ്രദേശങ്ങളിലെയും ജനങ്ങൾ ദൈനം ദിനാവശ്യങ്ങൾക്കും കുടിവെള്ളത്തിനുമായി ആശ്രയിക്കുന്ന പെരിയാറിലെ ജലം മലിനമാകുന്നത് തടയാൻ മലിനീകരണ നിയന്ത്രണ ബോർഡ്, നാഷണൽ ഗ്രീൻ ട്രിബ്യൂണൽ, മനുഷ്യാവകാശ കമ്മീഷൻ എന്നിവയുടെ ഇടപെടലുണ്ടായിട്ടും ഫലപ്രദമായ പരിഹാരം കണ്ടെത്താൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. നടപടിക്രമങ്ങളിലെ കാലതാമസം മൂലം പ്ലാന്റിന്റെ പുനരുദ്ധാരണ പദ്ധതി ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം എം3-29/2021-22 തീയതി 31.03.2023) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പുനരുദ്ധാരണം അടിയന്തിരമായി നടപ്പാക്കാൻ നഗരസഭയുടെ ഭാഗത്ത് നിന്ന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-15 ജൈവമാലിന്യ നിർമ്മാർജ്ജനം - ക്രമാതീതമായ ചെലവ്

പ്രോജക്റ്റ് നമ്പർ - 85/22(New), 112/22(SO)

ആലുവ നഗരസഭാ പരിധിയിലെ മാലിന്യങ്ങൾ നഗരസഭാ വാഹനത്തിൽ ബ്രഹ്മപുരം പ്ലാന്റിൽ സംസ്കരിക്കുന്നതിന് പ്ലാന്റിന്റെ ഉടമസ്ഥരായ കൊച്ചി കോർപ്പറേഷന് പ്രതിഫലം നൽകുന്നതിനാണ് സൂചന പ്രോജക്റ്റുകൾ നടപ്പാക്കിയിരിക്കുന്നത്. 2021-22 സാമ്പത്തിക

വർഷത്തിൽ ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നമ്പർ 85/22 - "മാലിന്യം നീക്കംചെയ്യൽ - സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ടുപോകൽ" - എന്ന പ്രവർത്തിക്കായി 22,76,200/- രൂപ വകയിരുത്തുകയും മുഴുവൻ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്പിൽ ഓവർ പ്രോജക്ടായ 112/22 ൽ 2,22,756/- രൂപ വകയിരുത്തിയതിൽ 2,03,523/- രൂപയും ഇതേ ആവശ്യത്തിനായി ചെലവഴിച്ചിട്ടുണ്ട്. 03/2021 മുതൽ 02/2022 വരെ (12 മാസം) 2122.61 ടൺ ജൈവമാലിന്യമാണ് സംസ്കരിച്ചിരിക്കുന്നത്. ശരാശരി 176.88 ടൺ മാലിന്യമാണ് നഗരസഭാ പരിധിയിൽ പ്രതിമാസം ഉൽഭവിക്കുന്നതെന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. ഒരു ടൺ മാലിന്യം സംസ്കരിക്കുന്നതിന് ബ്രഹ്മപുരം പ്ലാന്റിന്റെ ഉടമസ്ഥരായ കൊച്ചി കോർപ്പറേഷന് 1566/- രൂപയാണ് നൽകേണ്ടത്. അതായത് 33,24,007/- ലക്ഷം രൂപയാണ് ഈ ആവശ്യത്തിനായി മേല്പറഞ്ഞ 12 മാസത്തേക്ക് ചെലവുണ്ടാകേണ്ടത്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ രണ്ട് പ്രോജക്ടുകളിലുമായി 24,98,956/- രൂപ വകയിരുത്തി 24,79,723/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ബാക്കി തുക കുടിശ്ശികയാണ്. നഗരസഭയിലെ ജൈവമാലിന്യ സംസ്കരണ ചെലവിന്റെ സമീപകാല ചരിത്രം പരിശോധിക്കുമ്പോൾ ഗണ്യമായ തുക ഈയിനത്തിൽ ചെലവഴിക്കുന്നതായി കാണുന്നുണ്ട്. ബ്രഹ്മപുരം പ്ലാന്റിൽ മാലിന്യം സംസ്കരിക്കുന്നതിന് തുക ചെലവഴിക്കുന്നത് കൂടാതെ മറ്റ് മാലിന്യ സംസ്കരണ പദ്ധതികൾക്കായും നഗരസഭ തുക ചെലവഴിച്ചിട്ടുണ്ട്. 2018-19 ൽ നടപ്പാക്കിയ തുമ്പൂർമുഴി പദ്ധതി, വിവിധ വർഷങ്ങളിൽ നടപ്പാക്കിയ ബയോ ഗ്യാസ് പ്ലാന്റ്, ബയോ ബിൻ വിതരണ പദ്ധതി എന്നിവയെല്ലാം ജൈവ മാലിന്യ സംസ്കരണ പദ്ധതികളാണ്. ഈ പദ്ധതികൾ നടപ്പാക്കുമ്പോളും ബ്രഹ്മപുരം പ്ലാന്റിൽ മാലിന്യം സംസ്കരിക്കുന്നതിന് നൽകുന്ന ടിപ്പിങ്ങ് ചാർജിൽ കാര്യമായ കുറവുണ്ടാകുന്നില്ല. നഗരസഭയിലെ മാലിന്യ സംസ്കരണത്തിന്റെ സമീപകാല ചെലവുകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1). നഗരസഭാ പ്രദേശത്തെ ജൈവ മാലിന്യ പ്രശ്നത്തിന് പരിഹാരമെന്ന നിലയിൽ 2017-18 സാമ്പത്തിക വർഷത്തിൽ നഗരസഭ ആസൂത്രണം ചെയ്ത പദ്ധതിയാണ് തുമ്പൂർമുഴി മാലിന്യ സംസ്കരണ പദ്ധതി. ഈ പദ്ധതിക്കായി 2017-18 -ൽ 47.89 ലക്ഷം രൂപയാണ് നഗരസഭ

ചെലവഴിച്ചത്. എന്നാൽ നഗരസഭ 2018-19 -ൽ തുമ്പൂർമുഴി മാലിന്യ സംസ്കരണ പ്രോജക്ട് നടപ്പാക്കിയ ശേഷവും തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ മാലിന്യം സംസ്കരിക്കുന്നതിനുള്ള ചെലവ് തുക കുറഞ്ഞതായി കാണുന്നില്ല.

2). 2017-18 സാമ്പത്തിക വർഷത്തിൽ 47.89 ലക്ഷം രൂപ വകയിരുത്തി 36 എയറോബിന്നുകൾ സ്ഥാപിക്കുന്നതിനാണ് തുമ്പൂർമുഴി മാലിന്യ സംസ്കരണ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ഈ പദ്ധതി 2018-19 സാമ്പത്തിക വർഷത്തിലാണ് നിർമ്മാണം ആരംഭിക്കുന്നത്. 36 എയറോബിന്നുകളിൽ 10 ബിന്നുകൾ മാത്രമാണ് 2018-19 സാമ്പത്തിക വർഷത്തിൽ സ്ഥാപിച്ചത്. ബാക്കിയുള്ള 26 എയറോബിന്നുകൾ സ്ഥാപിക്കാൻ സാധിച്ചിട്ടില്ലെന്നു മാത്രമല്ല സ്ഥാപിച്ച എയറോബിന്നുകളിൽ ശരിയായവിധം മാലിന്യസംസ്കരണം ആരംഭിക്കാനും സാധിച്ചിട്ടില്ല. കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കാതെ വന്നതിനെതുടർന്ന് 16.11.2019 ൽ നഗരസഭ അസ്സിസ്റ്റന്റ് എഞ്ചിനീയർ, KAICO അധികൃതർ എന്നിവർ സംയുക്തമായി നടത്തിയ പരിശോധനയിൽ ടി നിർമ്മാണത്തിൽ അപാകതയുള്ളതായി കണ്ടെത്തിയിട്ടുള്ളതായും തുക തിരികെ ഈടാക്കുന്നതിന് നടപടികൾ തുടരുന്നതായും നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്

3). സ്വച്ഛ് ഭാരത് മിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി ബയോ ഗ്യാസ് പ്ലാന്റ്, ബയോ ഗ്യാസ് ബിൻ എന്നീ പ്രോജക്ടുകളും നഗരസഭയിൽ നടപ്പാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 61.64 ലക്ഷം രൂപ വകയിരുത്തി ബയോ ഗ്യാസ് പ്ലാന്റ്, ബയോ ഗ്യാസ് ബിൻ പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 9.85 ലക്ഷം രൂപയാണ് ചെലവഴിക്കാൻ സാധിച്ചത്. 2021-22 സാമ്പത്തിക വർഷത്തിൽ 22.51 ലക്ഷം രൂപ ഇതേ പ്രോജക്ടുകൾക്കായി വകയിരുത്തിയതിൽ 2.03 ലക്ഷം രൂപയാണ് ചെലവഴിച്ചത്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 334 (എ) (ബി) എന്നിവ പ്രകാരം ജൈവ മാലിന്യങ്ങൾ ഉറവിട സ്ഥലത്ത് തന്നെ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് ബയോ ഗ്യാസ് പ്ലാന്റ്, ബയോ ഗ്യാസ് ബിൻ പ്രോജക്ടുകൾ നഗരസഭയിൽ നടപ്പാക്കിയത്. എന്നാൽ മേല്പറഞ്ഞ കണക്ക് പ്രകാരം ഉറവിട മാലിന്യ സംസ്കരണ പ്രോജക്ടുകളായ ബയോ ഗ്യാസ് പ്ലാന്റ്, ബയോ ബിൻ എന്നിവയ്ക്ക് വകയിരുത്തിയ തുകയിൽ വളരെ തുച്ഛമായ തുകയാണ് ചെലവഴിച്ചതെന്ന് മനസ്സിലാക്കാം.

4). നഗരസഭയിൽ നിന്നും 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ സൗജന്യമായോ സബ്സിഡിയായോ ബയോ ഗ്യാസ് പ്ലാന്റുകളും ബയോ ബിന്നുകളും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭയുടെ മാലിന്യ നിർമ്മാർജ്ജന ചെലവ് വർദ്ധിക്കുന്നതായാണ് കാണുന്നത്.

5). കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നഷ്ട പരിഹാര നിർണ്ണയ കണക്ക് പ്രകാരം നഗരസഭാ പരിധിയിൽ പ്രതിദിനം 6.73 ടൺ മാലിന്യം ഉത്പാദിപ്പിച്ചതിൽ 0.67 ടൺ മാലിന്യം നഗരസഭ ജൈവമാലിന്യ സംസ്കരണ ചട്ട പ്രകാരം സംസ്കരിച്ചതായാണ് കണക്കാക്കിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രതിദിനം 6.06 ടൺ മാലിന്യം ജൈവമാലിന്യം ചട്ട പ്രകാരം സംസ്കരിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി കണക്കാക്കി ഹരിത ട്രിബ്യൂണൽ 212.71 ലക്ഷം നഷ്ടപരിഹാരം ചുമത്തിയിട്ടുണ്ട്. സാമ്പത്തിക പരാധീനത നേരിടുന്ന നഗരസഭക്ക് ഈ തുക ഒടുക്കാൻ സാധിച്ചിട്ടില്ല. ഹരിത ട്രിബ്യൂണൽ ചുമത്തിയ പിഴ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേല്പറഞ്ഞ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 05/M2/2021-22 തീയതി 31.10.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-16 സ്വച്ഛ് ഭാരത് മിഷൻ - DPR പ്രകാരമുള്ള പദ്ധതികൾ പൂർത്തീകരിച്ചില്ല

ഫയൽ നമ്പർ - H4 – 16434/17, വൗച്ചർ നമ്പർ - 80-12/21 എന്നിവ പരിശോധിച്ചതിൽ, കേന്ദ്ര സർക്കാരിന്റെ സ്വച്ഛ് ഭാരത് (അർബൻ) പദ്ധതി പ്രകാരം നഗരസഭയുടെ ഖരമാലിന്യ പരിപാലനത്തിന് വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് സംസ്ഥാന സർക്കാർ എം പാനൽ ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും മൽസരാധിഷ്ഠിത ടെണ്ടറിലൂടെ ഒരു ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് സംസ്ഥാന ശുചിത്വ മിഷന്റെ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.11.2017 തീയതിയിലെ 3719(1) D1/2016/SM നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. സംസ്ഥാന ശുചിത്വ മിഷൻ ഖരമാലിന്യ പരിപാലനത്തിന് വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് നഗരസഭകളെ സഹായിക്കുന്നതിനുള്ള ഏജൻസിയായി എം പാനൽ ചെയ്തിട്ടുള്ള ഹൈടെക് ബയോ ഫെർട്ടിലൈസേഴ്സ് ഇൻഡ്യ എന്ന സ്ഥാപനത്തെയാണ് ആലുവ നഗരസഭ DPR തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയത്. ഹൈടെക് ബയോ ഫെർട്ടിലൈസേഴ്സ് ഇൻഡ്യ നഗരസഭ പ്രദേശത്തെ ശാസ്ത്രീയ ഖരമാലിന്യ

പരിപാലനത്തിന് വിശദമായ പദ്ധതി റിപ്പോർട്ട് സംസ്ഥാന ശുചിത്വ മിഷന്റേയും സ്വച്ഛ് ഭാരത് (അർബൻ) പദ്ധതിയുടേയും മാർഗരേഖകൾക്ക് അനുസൃതമായി നിശ്ചിത സമയ പരിധിക്കുള്ളിൽ തയ്യാറാക്കി നൽകേണ്ടതും നഗരസഭാ കൗൺസിലിന്റെ അംഗീകാരം നേടുന്നതോടൊപ്പം മറ്റ് ആവശ്യമായ അധികാരികൾക്ക് സമർപ്പിക്കുകയും ആവശ്യമായ ഘടകങ്ങൾക്കുള്ള അംഗീകാരം അടിയന്തിരമായി നേടുകയും വേണം. മേല്പറഞ്ഞ സേവനത്തിന് പ്രതിഫലമായി അംഗീകരിക്കപ്പെടുന്ന മൊത്തം പദ്ധതി തുകയുടെ 0.45 ശതമാനം തുക നഗരസഭ ഹൈടെക് ബയോ ഫെർട്ടിലൈസേഴ്സ് ഇൻഡ്യക്ക് നൽകണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു.

ഹൈടെക് ബയോ ഫെർട്ടിലൈസേഴ്സ് ഇൻഡ്യ തയ്യാറാക്കിയ DPR ന് 29.09.2018 ൽ കൂടിയ നഗരസഭാ കൗൺസിൽ അംഗീകാരം നൽകുകയും ഗവൺമെന്റ് അംഗീകാരത്തിനായി അയക്കുകയും 30.10.2018 ന് ഗവ. ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന ശുചിത്വ മേഖലക്കുള്ള 7 -ാമത് സംസ്ഥാന തല ഉന്നതാധികാര സമിതി ആലുവ നഗരസഭയുടെ 1,59,88,296/- രൂപ അടങ്കൽ തുക പ്രകാരമുള്ള പദ്ധതി അംഗീകരിച്ചതായി ശുചിത്വ മിഷൻ ഡയറക്ടർ അറിയിച്ചിട്ടുള്ളതാണ്. DPR പ്രകാരം നഗരസഭയിൽ നടപ്പാക്കേണ്ട പദ്ധതികളും കേന്ദ്രാവിഷ്കൃതം, സംസ്ഥാനാവിഷ്കൃതം, LSG വിഹിതം (ധനകാര്യ കമ്മീഷൻ) തിരിച്ചുള്ള ഫണ്ട് വിഹിതവും താഴെ ചേർക്കുന്നു.

| Item | Qty | Unit Rate | Total | Source Breakups | | |
|---|---|---|---|---|---|---|
| | | | | Central (35%) | State (23.3%) | LSG&Others (41.7%) |
| Biogas 0.75m3 | 950 | 12000 | 11400000 | 3990000 | 2656200 | 4753800 |
| Bio Pots (1.5kg/day) | 1700 | 1800 | 3060000 | 1071000 | 712980 | 1276020 |
| Biogas (Institutions - 1m3) | 10 | 13500 | 135000 | 47250 | 31455 | 56295 |
| MCF – Material Collection Fecility | 3 | 440557 | 1321671 | 462585 | 307949 | 551137 |
| Sub Total | | | 15916671 | 5570835 | 3708584 | 6637252 |
| DPR Preparation | | | 71625 | 25069 | 16689 | 29867 |

| | | | | | | |
|---|---|---|---|---|---|---|
| Fees | | | | | | |
| Grand Total | | | 15988296 | 5595904 | 3725273 | 6667119 |

നഗരസഭയും ഹൈടെക് ബയോ ഫെർട്ടിലൈസേഴ്സ് ഇൻഡ്യയും തമ്മിലുള്ള കരാർ പ്രകാരം DPR തയ്യാറാക്കിയ ഏജൻസിക്കുള്ള പ്രതിഫലം DPR ന് സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച് 7 ദിവസത്തിനകം 50%, കേന്ദ്ര ഭവന നിർമ്മാണ നഗരകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ച് 7 ദിവസത്തിനകം 30%, അംഗീകരിച്ച DPR പ്രകാരം നിർമ്മാണത്തിന് കരാർ ഒപ്പു വച്ച ഏഴ ദിവസത്തിനകം 10%, പദ്ധതികളുടെ പൂർത്തീകരണം അല്ലെങ്കിൽ പദ്ധതി അംഗീകരിച്ച് 12 മാസം പൂർത്തിയാകുന്നത് ഏതാണോ ആദ്യം - ആയതിന് ഏഴ ദിവസത്തിനകം 10% എന്നിങ്ങനെയാണ് നൽകേണ്ടത്. ഇതിൻ പ്രകാരം ആദ്യ ഘട്ടമായി 50 % തുകയായ 35973/- രൂപയും GST 6475/- രൂപയും ഉൾപ്പെടെ 42448/- രൂപ ചെക്ക് നമ്പർ 786829 തീയതി 14.06.2019 പ്രകാരവും രണ്ടാം ഘട്ടമായി 21,166/- രൂപ ചെക്ക് നമ്പർ 786843 തീയതി 16.12.2021 പ്രകാരവും നൽകിയിട്ടുണ്ട്. നാളിതുവരെ 63614/- രൂപയാണ് DPR തയ്യാറാക്കിയതിന് ബയോ ഫെർട്ടിലൈസേഴ്സ് ഇൻഡ്യക്ക് നൽകിയിട്ടുള്ളത്. എന്നാൽ DPR പ്രകാരമുള്ള പ്രോജക്റ്റുകൾ നടപ്പാക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായതായോ പദ്ധതി നടപ്പാക്കിയതിനുശേഷവും നഗരസഭയിലെ മാലിന്യ സംസ്കരണ ചെലവിൽ കാര്യമായ കുറവുണ്ടായതായോ കാണുന്നില്ല. ഇത് സംബന്ധിച്ച താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1). DPR തയ്യാറാക്കുന്നതിന് ബയോ ഫെർട്ടിലൈസേഴ്സ് ഇൻഡ്യക്ക് പദ്ധതി അടങ്കലിന്റെ 0.45 ശതമാനത്തിനാണ് കരാർ നൽകിയത്. GST പ്രത്യേകം അനുവദിക്കണമെന്ന് ക്വട്ടേഷനിൽ പറഞ്ഞിട്ടില്ല. ഒന്നാം ഘട്ടമായി 50% തുകയായ 35973/- രൂപക്കു പുറമെ 18 % GST തുകയായ 6475/- രൂപയുമുൾപ്പെടെ 42448/- രൂപ 14.06.2019 ൽ നൽകിയിട്ടുണ്ട്. എന്നാൽ രണ്ടാം ഘട്ടമായി 30% തുക നൽകിയപ്പോൾ പ്രത്യേകം GST നൽകിയതായി കാണുന്നില്ല. പദ്ധതി അടങ്കലിന്റെ 30 ശതമാനമായ 21166/- രൂപയിൽ 3277/- രൂപ GST ഉൾപ്പെടുത്തിയാണ് ബിൽ നൽകിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഒന്നാം ഘട്ടമായി 14.06.2019 ൽ തുക നൽകിയപ്പോൾ നഗരസഭയിൽ നിന്നും GST അനുവദിക്കേണ്ടതില്ല എന്നാണ് മനസ്സിലാകുന്നത്. 6475/- രൂപ പ്രത്യേകം GST നൽകിയതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/M2/2021-22/07.02.2023 മറുപടി

ലഭ്യമാക്കിയിട്ടില്ല.

2). സ്വച്ഛ് ഭാരത് മിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി 2020-21 വർഷം 2 പ്രോജക്റ്റുകളിലായി 1,45,95,000 രൂപ വകയിരുത്തിയതിൽ (135000+2229000) 23,64,000/- രൂപയാണ് ചെലവായിരിക്കുന്നത്. 2021-22 ൽ 3,64,875/- രൂപയാണ് ചെലവായിരിക്കുന്നത്. ഇതേ വർഷം വൗച്ചർ നമ്പർ 80/20-21 പ്രകാരം 32,63,875/- രൂപ ശുചിത്വ മിഷനിലേക്ക് തിരിച്ച് അടച്ചിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ 1.59 കോടി രൂപയിലധികം രൂപയുടെ DPR ൽ 27.28 ലക്ഷം രൂപയാണ് രണ്ട് വർഷങ്ങളിലായി ചെലവഴിച്ചിരിക്കുന്നത്. നഗരസഭയിലെ ജൈവമാലിന്യ സംസ്കരണ ചെലവിന്റെ സമീപകാല ചരിത്രം പരിശോധിക്കുമ്പോൾ ഗണ്യമായ തുക ഈയിനത്തിൽ ചെലവഴിക്കുന്നതായി കാണുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന നഗരസഭ ജൈവ മാലിന്യ സംസ്കരണത്തിന് തുക കണ്ടെത്താൻ ബുദ്ധിമുട്ടുന്ന ഈ സാഹചര്യത്തിലാണ് സ്വച്ഛ് ഭാരത് മിഷൻ പ്രോഗ്രാമിലെ 32,63,875/- രൂപ തിരിച്ച് ഒടുക്കിയിരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

3). 03/2021 മുതൽ 02/2022 വരെ (12 മാസം) 2122.61 ടൺ ജൈവമാലിന്യമാണ് ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ സംസ്കരിച്ചിരിക്കുന്നത്. അതായത് പ്രതിദിനം 5.82 ടൺ മാലിന്യം നഗരസഭയിൽ നിന്നും സംസ്കരിച്ചതായി കണക്കാക്കാവുന്നതാണ്. 10/2019 മുതൽ 09/2020 വരെ നഗരസഭയിൽ നിന്നും 2141.93 ടൺ മാലിന്യമാണ് ബ്രഹ്മപുരം പ്ലാന്റിൽ സംസ്കരിച്ചിരിക്കുന്നത്. ശരാശരി പ്രതിദിനം 5.86 ടൺ മാലിന്യമാണ് സംസ്കരിച്ചിരിക്കുന്നത്. അതായത് 2020-21 സാമ്പത്തിക വർഷത്തിൽ 75 ബയോ ഗ്യാസ് പ്ലാന്റുകളും 805 ബയോ ബിന്നുകളും സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടും ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ സംസ്കരിക്കുന്ന മാലിന്യത്തിന്റെ അളവിൽ കുറവുണ്ടാകുന്നതായി കാണുന്നില്ല.

4). 1321671/- രൂപ വകയിരുത്തി മൂന്ന് MCF (Material Collection Facility) കൾ നിർമ്മിക്കുമെന്ന് DPR ൽ വിശദീകരിക്കുന്നുണ്ട്. ഇതിന്റെ എസ്റ്റിമേറ്റും എഞ്ചിനീയറിങ്ങ് ഡ്രോയിങ്ങും DPR ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇത്തരത്തിൽ ഒരു പ്രോജക്റ്റ് നടപ്പാക്കിയിട്ടില്ല.

5). DPR തയ്യാറാക്കുന്നതിന് മുന്നോടിയായി വിശദമായ ഫീസിബിലിറ്റി സ്റ്റഡി നടത്തിയിട്ടില്ല എന്ന് വേണം മനസ്സിലാക്കാൻ. 950 ബയോ ഗ്യാസ് പ്ലാന്റുകൾക്കും 1700 ബയോ ബിന്നുകൾക്കുമുള്ള DPR ന്റെ അടിസ്ഥാനത്തിൽ പദ്ധതി ആവിഷ്കരിച്ച് അപേക്ഷ

ക്ഷണിച്ചപ്പോൾ വളരെ കുറച്ച് അപേക്ഷകൾ മാത്രമാണ് ലഭിച്ചത്. 65 ബയോ ഗ്യാസ് പ്ലാന്റിനും 805 ബയോ ബിന്നുമാണ് വിതരണം ചെയ്യാൻ സാധിച്ചത്. സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള 10 ബയോ ഗ്യാസ് പ്ലാന്റുകൾ മാത്രമാണ് പൂർണ്ണമായി നടപ്പാക്കാൻ സാധിച്ചത്. 3 MCF കൾ (Material Collection Facility) നിർമ്മിക്കുന്നതിന് DPR ൽ വിഭാവനം ചെയ്തെങ്കിലും ഒന്നുപോലും നടപ്പായിട്ടില്ല. ഇതിൽ നിന്നും പദ്ധതിയെക്കുറിച്ചുള്ള വിശദമായ സാധ്യതാ പഠനം നടത്തിയിട്ടില്ല എന്ന് മനസ്സിലാക്കാവുന്നതാണ്.

6). മാലിന്യ നിർമ്മാർജ്ജനം നഗരസഭകളുടെ അനിവാര്യ ചുമതലയാണെന്നിരിക്കെ മറ്റ് പല രീതികളിലുമുള്ള പദ്ധതികളും നടപ്പാക്കാൻ സാധിക്കുമായിരുന്നു. DPR തയ്യാറാക്കാൻ ക്വട്ടേഷൻ സമർപ്പിച്ച മറ്റ് സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമായ പദ്ധതികളുടെ ക്വട്ടേഷനുകളും ലഭിച്ചിരുന്നു. എന്നാൽ DPR തയ്യാറാക്കുന്നതിന്റെ ചെലവിന്റെ അടിസ്ഥാനപ്പെടുത്തി ബയോ ഫെർട്ടിലൈസേഴ്സ് ഇൻഡ്യയുടെ DPR അംഗീകരിച്ചതായാണ് കാണുന്നത്. ഇതിന്റെ പ്രായോഗികതയെക്കുറിച്ച് ശരിയായ വിലയിരുത്തൽ നടന്നതായി കാണുന്നില്ല. ബയോ ഫെർട്ടിലൈസേഴ്സ് ഇൻഡ്യയുടെ DPR കൂടാതെ വ്യത്യസ്തങ്ങളായ മാലിന്യ സംസ്കരണ രീതികളാണ് ഓരോ സ്ഥാപനവും ക്വട്ടേഷനിൽ പറഞ്ഞിരുന്നത്. നഗരസഭക്ക് അനിവാര്യമായതും നടപ്പാക്കാൻ സാധിക്കുന്നതുമായ പദ്ധതികളുടെ DPR തെരഞ്ഞെടുക്കുന്നതിന് ശ്രദ്ധിച്ചിട്ടില്ല.

7). സ്വച്ഛ് ഭാരത് മിഷൻ പ്രോഗ്രാമിലെ 1.59 കോടി രൂപയിൽ കേന്ദ്രാവിഷ്കൃതം, സംസ്ഥാനാവിഷ്കൃതം, LSG വിഹിതം (ധനകാര്യ കമ്മീഷൻ) എന്നിവയുടെ വരവ്, ചെലവ്, തിരിച്ചടവ്, നീക്കിയിരിപ്പ് വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. നാളിതുവരെ DPR പ്രകാരം എത്ര രൂപ ലഭിച്ചെന്നും DPR പ്രകാരമുള്ള പ്രോജക്റ്റുകൾക്കായി എത്ര രൂപ ചെലവഴിച്ചെന്നും എത്ര രൂപ തിരിച്ച് നൽകിയെന്നും എത്ര രൂപ നഗരസഭയിൽ നീക്കിയിരിപ്പുണ്ടെന്നും ഇനം (കേന്ദ്രാവിഷ്കൃതം, സംസ്ഥാനാവിഷ്കൃതം, LSG വിഹിതം) തിരിച്ചുള്ള വിവരം ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 15/M2/2021-22/07.02.2023 ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1-17 അക്കൗണ്ടുകളിൽ നിന്നുള്ള തുക പിൻവലിക്കലുകൾ -അപാകതകൾ

01.04.2022 മുതൽ 31.03.2023 വരെയുള്ള ആലുവ നഗരസഭയുടെ തനതു ഫണ്ട് അക്കൗണ്ട് SBI,

Aluva (അക്കൗണ്ട് നം- 00000057044383943), ഫ്രണ്ട് ഓഫീസ് സ്വയ്പിങ് അക്കൗണ്ട് South Indian Bank, Aluva (അക്കൗണ്ട് നമ്പർ (0002053000102585) എന്നിവയുടെ പിൻവലിക്കലുകൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന ഇടപാടുകൾക്ക് അപാകതകൾ കാണുന്നു.

1) ഫ്രണ്ട് ഓഫീസ് ഓൺലൈൻ ട്രാൻസാക്ഷൻ വേണ്ടിയുള്ള സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ട്, ആലുവ ബ്രാഞ്ചിലെ അക്കൗണ്ട് നമ്പർ (0002053000102585) ബാങ്ക് പാസ്ബുക്ക് പ്രകാരം താഴെ പറയുന്ന പിൻവലിക്കലുകൾ നടത്തിയിട്ടുണ്ടെങ്കിലും സാംഖ്യ സോഫ്റ്റ്‌വെയറിലെ ചെക്ക് ഇഷ്യൂ രജിസ്റ്ററിലും, ബാങ്ക് ബുക്കിലും ഈ തുകകൾ രേഖപ്പെടുത്തിയതായി കാണുന്നില്ല.

| ക്രമ നമ്പർ | തീയതി | ചെക്ക് നമ്പർ | ബാങ്ക് തുക |
|---|---|---|---|
| 1 | 07/10/2022 | 113121 | 18500.00 |
| 2 | 28/10/2022 | 113133 | 115004.00 |
| 3 | 01/11/2022 | 113134 | 115003.80 |
| 4 | 14/02/2023 | 113203 | 300000.00 |

2) തനത് ഫണ്ട് അക്കൗണ്ട് - എസ്.ബി.ഐ. ആലുവ (അക്കൗണ്ട് നം. 00000057044383943) പിൻവലിക്കലുകൾ പരിശോധിച്ചതിലും സാംഖ്യ സോഫ്റ്റ്‌വെയറിലെ ചെക്ക് ഇഷ്യൂ രജിസ്റ്റർ ,ബാങ്ക് ബുക്കിലെ തുകകളും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പിൻവലിക്കലുകളിലെ തുകയും തമ്മിൽ പൊരുത്തക്കേടുകൾ കാണുന്നു.

| ക്രമ നമ്പർ | തീയതി | ചെക്ക് നമ്പർ | വിവരണം | ചെക്ക് ഇഷ്യൂ രജിസ്റ്റർ / ബാങ്ക് ബുക്ക് പ്രകാരം തുക | ബാങ്ക് സ്റ്റേറ്റ്മെന്റ് തുക |
|---|---|---|---|---|---|
| 1 | 12/07/2022 | 290227 | Manager | 73775 | 74035 |
| 2 | 26/09/2022 | 395914 | Sanoop Appukuttan | എൻട്രി ഇല്ല | 28363 |
| 3 | 26/12/2022 | 582400 | Melbin K G | എൻട്രി ഇല്ല | 49000 |
| 4 | 07/01/2022 | 582404 | Non Operative Revenue | എൻട്രി ഇല്ല | 12304 |

മേൽ തുകകൾ എന്താവശ്യത്തിന് വേണ്ടി പിൻവലിച്ചുവെന്ന് പരിശോധിച്ച വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറി 33/M1/2021-22, തീയതി: 03/04/2022- നുള്ള

മറുപടിയിൽ പെന്റിംഗ് ടാസ്ക് ആക്റ്റീവാകുമ്പോൾ ആയത് മുഖേന അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പിൻവലിക്കലുകൾ പരിശോധിച്ചതിൽ സാംഖ്യ സോഫ്റ്റ്‌വെയറിലെ ചെക്ക് ഇഷ്യൂ രജിസ്റ്റർ എൻട്രികളും ബാങ്ക് ബുക്ക് രേഖപ്പെടുത്തലുകളും തമ്മിലും ധാരാളം പൊരുത്തക്കേടുകൾ കാണുന്നു. ചെലവുകളുമായി ബന്ധപ്പെട്ട് നഗരസഭയിൽ നിന്ന് ചെക്ക് നൽകുമ്പോൾ തന്നെ സാംഖ്യ ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണമെന്ന് നിർദ്ദേശിക്കുന്നു.

1-18 റോഡ് കട്ടിങ്ങ് തുക കുറവായി ഈടാക്കി-9497/- രൂപയുടെ നഷ്ടം

I) ആലുവ നഗരസഭയിലെ ലഭ്യമായ റോഡ് കട്ടിങ്ങ് അപേക്ഷകൾ പരിശോധിച്ചതിൽ കട്ടിങ്ങ് ചാർജ് ഈടാക്കിയതിൽ അപാകതകളുള്ളതായി കാണുന്നു. PWD റോഡുകളിൽ പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നതിനായി കുഴിയെടുക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പൊതു മരാമത്ത് വകുപ്പിൽ നിന്നുള്ള G.O.(Rt) No.30/2018/PWD Dtd 05.01.2018 ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം വിവിധ റോഡുകളിൽ ഈടാക്കേണ്ട റീസ്റ്റോറേഷൻ നിരക്കുകൾ G.O.(Ms) No.59/2020/PWD Dtd 30.07.2020 പ്രകാരം പൊതുമരാമത്ത് വകുപ്പും, G.O.(Rt) No.1983/2021/LSGD Dtd 13.10.2021 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പും പുറപ്പെടുവിച്ചിട്ടുണ്ട്. പൈപ്പുകളും കുഴികളും സ്ഥാപിക്കുന്നതിനായി എടുക്കുന്ന കുഴിയുടെ വീതിയുടെ 1.5 മടങ്ങ് വീതിയിൽ റീസ്റ്റോറേഷൻ ചാർജ് ഈടാക്കണമെന്നും BT സർഫേസുകളുടെ കാര്യത്തിൽ മിനിമം 1 മീറ്റർ വീതിയിൽ റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആലുവ നഗരസഭയിൽ താഴെ ചേർക്കുന്ന റീസ്റ്റോറേഷൻ അപേക്ഷകളിൽ റീസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു.

1. അപേക്ഷകന്റെ പേര് - നൂറുദ്ദീൻ.T.Y

റോഡിന്റെ തരം - ഇന്റർലോക്കിങ്ങ് കട്ടിങ്ങ്

Berm Cutting - 0.5x0.5

ഈടാക്കിയ തുക - 0.5x0.5x1.5x5473.44 = 1231.52 (Calculation Mistake)

(റോഡിന്റെ തരം ഇന്റർലോക്കിങ്ങ് കട്ടിങ്ങ് എന്നാണ് കാണിച്ചിരിക്കുന്നത് എങ്കിലും കോൺക്രീറ്റ് റോഡ് സർഫേസ് കട്ടിങ്ങിന്റെ നിരക്കാണ് ഈടാക്കിയിരിക്കുന്നത്)

തുക ഈടാക്കിയതിന്റെ വിവരം - Online Ref No. 224917960682 Dtd 06.09.2022

ഈടാക്കേണ്ട തുക - 0.5x0.5x1.5x5473.44 = 2052.54

കുറവായി ഈടാക്കിയത് - 2052.54-1231.52 = 821.00

2. അപേക്ഷകന്റെ പേര് - രാജു.C.J, ചിറമേൽ ഹൗസ്, വാർഡ് - 23

റോഡിന്റെ തരം - ഇന്റർലോക്കിങ്ങ് കട്ടിങ്ങ്

കട്ട് ചെയ്ത റോഡിന്റെ നീളം - 5 M

കട്ട് ചെയ്ത റോഡിന്റെ വീതി - 0.5 M

ഈടാക്കിയ തുക - 5x0.5x3722.14 = 9306.00

തുക ഈടാക്കിയതിന്റെ വിവരം - ലഭ്യമല്ല

ഈടാക്കേണ്ട തുക - 5x0.5x1.5x3722.14 = 13958.02

കുറവായി ഈടാക്കിയത് - 13958-9306 = 4652.00

3. അപേക്ഷകന്റെ പേര് - അനന്തകുമാർ, വാഴേലിപറമ്പിൽ ഹൗസ് , വാർഡ് - 23

റോഡിന്റെ തരം - ഇന്റർലോക്കിങ്ങ് ടൈൽ

കട്ട് ചെയ്ത റോഡിന്റെ നീളം - 3 M

കട്ട് ചെയ്ത റോഡിന്റെ വീതി - 0.5 M

ഈടാക്കിയ തുക - 3x0.5x3722.14 = 5583.00

തുക ഈടാക്കിയതിന്റെ വിവരം - ലഭ്യമല്ല

ഈടാക്കേണ്ട തുക - 3x0.5x1.5x3722.14 = 8375

കുറവായി ഈടാക്കിയത് - 8375-5583 = 2792.00

4. അപേക്ഷകന്റെ പേര് - ജോൺസൺ പോൾ , വാർഡ് - 23

റോഡിന്റെ തരം - കോൺക്രീറ്റ് റോഡ്

കട്ട് ചെയ്ത റോഡിന്റെ നീളം - 0.90m

കട്ട് ചെയ്ത റോഡിന്റെ വീതി - 0.5 M

ഈടാക്കിയ തുക - 0.9x0.5x5473.44 = 2463.05

തുക ഈടാക്കിയതിന്റെ വിവരം - Online Ref No. 2024283319 Dtd 23.01.2023

ഈടാക്കേണ്ട തുക - 0.9x0.5x1.5x5473.44 = 3694.57

കുറവായി ഈടാക്കിയത് - 3695 - 2463 = 1232.00

മേല്പറഞ്ഞ പ്രകാരം കുറവായി ഈടാക്കിയ തുക അപേക്ഷകരിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ക്രമ നമ്പർ 1, 4 പ്രകാരമുള്ള നഷ്ടത്തുകകൾ 2021-22 സാമ്പത്തിക വർഷത്തെ അല്ലാത്തതിനാലും ക്രമ നമ്പർ 2, 3 എന്നിവയുടെ തുക ഈടാക്കിയ വിവരം ലഭ്യമല്ലാത്തതിനാലും വ്യക്തമായ നഷ്ടമായി ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

II) താഴെ ചേർക്കുന്ന റോഡ് കട്ടിങ്ങ് അപേക്ഷകളോടൊപ്പം കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

1) K.S.കൃഷ്ണകുമാർ, ആശാരിപ്പടിക്കൽ, വാർഡ് - 7

2) വിജയകുമാരി.A, VII/24/2, ന്യൂ ലെയിൻ, വാർഡ് - 7

3) Willy, Isotaparambil, Nazarath Road, വാർഡ് - 18

4) ഷാനി ഹൈഡ്രോസ്, തസ്നിം, കനാൽ റോഡ്, വാർഡ് - 26

5) ആരിഫ അബൂബക്കർ, പൂഴിത്തറ, ന്യൂ ലെയിൻ റോഡ്, വാർഡ് - 7

6) രഞ്ജിത്ത് പീറ്റർ, പുത്തനങ്ങാടി, വാർഡ് - 19

7) ബിജു സുകുമാരൻ, കിഴക്കേത്തറ, വാർഡ് - 15

മേല്പറഞ്ഞ അപേക്ഷകളുടെ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

മേല്പറഞ്ഞ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/M2/2021-22 തീയതി 14.03.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-19 വസ്തു നികുതി കണക്കാക്കിയതിലെ അപാകത-11284/- രൂപയുടെ വരുമാന നഷ്ടം

2011 -ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പട്ടിക (2) പ്രകാരം 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പിങ്ങ് മാളുകൾ സൂപ്പർ മാർക്കറ്റുകൾ എന്നിവയ്ക്ക് നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ വസ്തുനികുതി ചതുരശ്രമീറ്ററിന് 90 രൂപയും കൂടിയ നികുതി ചതുരശ്രമീറ്ററിന് 140 രൂപയുമാണ്. വാർഡ് XI -ൽ 983(8) നമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 110/-രൂപ നിരക്കിലാണ്, വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ വാർഡ് -1 -ൽ 490(2) നമ്പരായിട്ടുള്ള അബൂബക്കർ കെ.എം, കാഞ്ഞിരത്തിങ്കൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് (261.66 ച.മീ) 80/- രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതുമൂലം വരവിൽ

നഷ്ടമുണ്ടായിട്ടുണ്ട്. (ഖണ്ഡിക 2-1 കാണുക)

1-20 കുത്തക കരാറിൽ വീഴ്ചവരുത്തി

ഫയൽ നമ്പർ - R5 – 236/20

ആലുവ നഗരസഭയിലെ 2021-22 സാമ്പത്തിക വർഷത്തെ വിവിധ കുത്തക ഫീസുകൾ പിരിച്ചെടുക്കുന്നതിനുള്ള അവകാശം കോവിഡ് സാഹചര്യത്തിൽ 15.06.2021 തീയതിയിലാണ് ലേലം ചെയ്ത് നൽകിയത്. സസ്യ ചന്ത കംഫർട്ട് സ്റ്റേഷൻ പിരിവ് കുത്തകക്ക് എടുത്തത് 2,17,000/- രൂപക്ക് ശ്രീ. സാബു.യു.ടി എന്നയാളാണ്. കുത്തക തുക മൂന്ന് തുല്യ ഗഡുക്കളായി ഒടുക്കണമെന്നാണ് ലേല വ്യവസ്ഥ. എന്നാൽ കോവിഡ് മൂലമുള്ള പ്രത്യേക സാഹചര്യത്തിൽ സോൾവൻസി ലഭ്യമാക്കാൻ കാലതാമസം നേരിട്ടതിനാൽ ടിയാന്റെ പേരിലുള്ള ചെക്ക് ലീഫുകൾ സെക്യൂരിറ്റിയായി കണക്കാക്കി എല്ലാ മാസവും മുൻകൂറായി ഓരോ ഗഡു തുകയും ഒടുക്കണമെന്ന വ്യവസ്ഥയിൽ എഗ്രിമെന്റ് വെക്കുന്നതിന് അനുമതി നൽകുകയായിരുന്നു. വിവിധ ഘട്ടങ്ങളിലായി കുത്തകക്കാരൻ 1,44,622/- രൂപ നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ടിയാൻ സെപ്റ്റമ്പർ, ഒക്ടോബർ മാസങ്ങളിൽ നൽകിയ ചെക്കുകൾ അക്കൗണ്ടിൽ പണമില്ലാത്തതിനാൽ ബൗൺസായിട്ടുള്ളതും തുടർന്ന് നിരവധി തവണ നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതുമാണ്. ലേലത്തുകയായ 2,17,000/- രൂപയിൽ നിന്നും ഒടുക്കിയ തുകയായ 1,44,622/- രൂപ കിഴിച്ച് 72,378/- രൂപ പിഴ പലിശ സഹിതം കുത്തകക്കാരനിൽ നിന്നും ഈടാക്കേണ്ടതുണ്ട്. തുക ഒടുക്കാത്ത സാഹചര്യത്തിൽ കുത്തകക്കാരനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാവുന്നതാണെന്ന ശുപാർശ 03.11.2022 തീയതിയിൽ നഗരസഭാ സെക്രട്ടറി അംഗീകരിച്ചതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിരുന്നില്ല. കുത്തകക്കാരൻ തുക ഒടുക്കിയോയെന്നും റവന്യൂ റിക്കവറി നടപടി ആരംഭിച്ചോയെന്നും നിലവിലെ സ്ഥിതി എന്തെന്നും വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 08/M2/2021 തീയതി 22.12.2022 നുള്ള മറുപടിയിൽ റവന്യൂ റിക്കവറി ഓൺലൈൻ പോർട്ടലിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെന്നും എന്നാൽ ചില സാങ്കേതിക തടസ്സങ്ങളുണ്ടെന്നും ഈ സാങ്കേതിക പ്രശ്നം പരിഹരിച്ച് റവന്യൂ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1-21 സ്ക്രാപ്പ് ലേലം - വാല്യുവേഷനിലെ അപാകത

ഫയൽ നമ്പർ - E1-H3 – 2568/18

ആലുവ നഗരസഭ ഓഫീസിലും M.G.ടൗൺഹാൾ ഉൾപ്പെടെ നഗരസഭ വക മറ്റ് കെട്ടിടങ്ങളിലും സൂക്ഷിച്ചിരുന്ന ആക്രി സാധനങ്ങളുടെ വാല്യുവേഷൻ നടത്തി അടിയന്തിരമായി ലേലം നടത്തുന്നതിന് നഗരസഭാ ചെയർമാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പബ്ലിക് വർക്ക് ഓവർസീയർ സർവ്വേ റിപ്പോർട്ട് (വാല്യുവേഷൻ റിപ്പോർട്ട്) തയ്യാറാക്കാക്കുന്നതിന് 19.03.2021 ൽ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്ന പ്രകാരം 10 സ്ഥലത്തെ ആക്രി സാധനങ്ങൾക്ക് 3,58,045/- രൂപയാണ് പബ്ലിക് വർക്ക് ഓവർസീയർ വാല്യുവേഷൻ കണക്കാക്കിയത്.

| ക്രമ നം | സ്ഥലം | തുക |
|---|---|---|
| 1 | മുനിസിപ്പൽ ഓഫീസ് | 80,770.50 |
| 2 | മുനിസിപ്പൽ ലൈബ്രറി | 54,320.00 |
| 3 | മുനിസിപ്പൽ സ്റ്റാഫ് ക്വാർട്ടേഴ്സ് | 33,600.00 |
| 4 | ഗവ.ആയുർവേദ ഹോസ്പിറ്റൽ | 25,800.00 |
| 5 | എം.ജി ടൗൺ ഹാൾ | 1,27,040.00 |
| 6 | അംബേദ്കർ ഹാൾ | 7075.00 |
| 7 | ബോയ്സ് ഹൈ സ്കൂൾ | 11,800.00 |
| 8 | പ്രിയദർശിനി ഹാൾ | 3,090.00 |
| 9 | റോഡ്, ബസ് സ്റ്റാന്റ് | 12,900.00 |
| 10 | അംഗനവാടി നമ്പർ 20 | 1650.00 |
| ആകെ | | 3,58,045.50 |

മേല്പറഞ്ഞ 10 സ്ഥലങ്ങളിലേയും വാല്യുവേഷൻ റിപ്പോർട്ട് ഫയലിൽ ലഭ്യമാണ്. ഇത് കൂടാതെ വാർഡ് 4 ലെ അക്കാട്ട് ബൈലൈയിനിലെ ഉപയോഗ ശൂന്യമായ ഇലക്ട്രിക്കൽ സാധനങ്ങളുടെ സർവ്വേ റിപ്പോർട്ട് എടുക്കുന്നതിനുവേണ്ടി സാധനങ്ങൾ മുനിസിപ്പൽ ഓഫീസിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പബ്ലിക് വർക് ഓവർസീയർ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിന്റെ തുടർ നടപടി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് 26.04.2021 ൽ സർവ്വേ റിപ്പോർട്ടുകൾ കൗൺസിലിലേക്ക്

സമർപ്പിക്കാവുന്നതാണെന്ന് അസ്സി. എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ കൗൺസിൽ അംഗീകാരം പ്രതീക്ഷിച്ച് 03.06.2021 ന് 11 മണിക്ക് ലേലം നടത്തുന്നതിന് നടപടി സ്വീകരിക്കാൻ ചെയർമാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ലേലം നടത്തുകയായിരുന്നു. 7,01,000/- രൂപയാണ് ലേലത്തിലെ ഉയർന്ന തുകയെങ്കിലും 7,61,100/- രൂപയുടെ ഉയർന്ന ക്വട്ടേഷൻ സമർപ്പിച്ചിരുന്ന വെൽഫിറ്റ് ഇന്റസ്ട്രീസ് എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ ഉറപ്പിക്കുകയായിരുന്നു. 14.06.2021 തീയതിയിൽ തുക മുഴുവൻ ഒടുക്കിയതിന്റെ അടിസ്ഥാനത്തിൽ സാധനങ്ങൾ നീക്കം ചെയ്യുന്നതിന് കരാറുകാരനെ അനുവദിച്ചു.

നോട്ട് ഫയൽ പ്രകാരം പബ്ലിക് വർക്ക് ഓവർസീയർ 3,58,045/- രൂപയുടെ വാല്യുവേഷനാണ് നടത്തിയിരിക്കുന്നത്. ക്വട്ടേഷൻ ഉറപ്പിച്ചിരിക്കുന്നത് 7,61,100/- രൂപക്കാണ്. മേല്പറഞ്ഞ 10 സ്ഥലങ്ങളിലെ സാധനങ്ങൾ മാത്രമാണോ 7,61,100/- രൂപയുടെ ക്വട്ടേഷൻ പ്രകാരം വില്പന നടത്തിയതെന്ന് വ്യക്തമല്ല. മേല്പറഞ്ഞ 10 സ്ഥലങ്ങളിലെ കൂടാതെ വാർഡ് 4 ലെ അക്കാട്ട് ബൈ ലെയ്നിലെ ഉപയോഗ ശൂന്യമായ ഇലക്ട്രിക്കൽ സാധനങ്ങളുടെ സർവ്വേ റിപ്പോർട്ട് എടുക്കുന്നതിനുവേണ്ടി സാധനങ്ങൾ മുനിസിപ്പൽ ഓഫീസിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പബ്ലിക് വർക് ഓവർസീയർ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. അക്കാട്ട് ബൈ ലെയിനിലെ സാധനങ്ങളുടെ വാല്യുവേഷൻ നടത്തിയോ എന്നും എത്ര രൂപയാണ് വാല്യുവേഷൻ തുകയെന്നും വ്യക്തമല്ല.

സ്ക്രാപ്പ് നീക്കം ചെയ്തപ്പോൾ മുനിസിപ്പൽ ഓഫീസിൽ സൂക്ഷിച്ചിരുന്ന പഴയ ടയറുകൾ നീക്കം ചെയ്തില്ലെന്നും ഇതിനായി ക്വട്ടേഷൻ/ലേല നടപടികൾ സ്വീകരിക്കാവുന്നതാണെന്നും 13.07.2021 ൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം 10,000/- രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ച് എം.അബ്ദുൾ കരീം എന്നായാൾക്ക് ഉറപ്പിച്ചു നൽകുകയും GST ഉൾപ്പെടെ 11800/- രൂപ നഗരസഭയിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പബ്ലിക് വർക്ക് ഓവർസീയറുടെ മേല്പറഞ്ഞ സർവ്വെ റിപ്പോർട്ട് ക്രമ നമ്പർ 9 ൽ മുനിസിപ്പൽ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ടയറുകളും ഉൾപ്പെടുന്നതായി കാണുന്നു. അങ്ങനെയെങ്കിൽ ആദ്യത്തെ ലേലത്തിൽ ഉൾപ്പെട്ടിരുന്ന ടയറുകൾ ആദ്യത്തെ കരാറുകാരൻ നീക്കം ചെയ്തില്ലെന്നുവേണം മനസ്സിലാക്കാൻ.

മേല്പറഞ്ഞ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ

09/M2/2021-22 തീയതി 23.12.2022 നള്ള മറുപടിയിൽ ഓവർസീയർ തയ്യാറാക്കിയ 10 വാർഡുകളിലെ വാല്യുവേഷനിൽ വാർഡ് 4 ലെ അക്കാട്ട് ലെയിൻ ഉൾപ്പെട്ടിരുന്നതായും ഇത് ഫയലിൽ എഴുതാൻ വിട്ടു പോയതാണെന്നും വിശദീകരിക്കുന്നു. കൂടാതെ മുനിസിപ്പൽ ഓഫീസിൽ സൂക്ഷിച്ചിരുന്ന ഉപയോഗശൂന്യമായ പഴയ ടയറുകൾ ആദ്യത്തെ ലേലത്തിൽ ഉൾപ്പെട്ടിരുന്നതാണെന്നും ലേലം കൊണ്ട കരാറുകാരൻ ഇത് കൊണ്ടുപോയിട്ടില്ലാത്തതിനാൽ ക്വട്ടേഷൻ ക്ഷണിച്ച് വിൽക്കുകയായിരുന്നെന്നും മറുപടിയിൽ വിശദീകരിക്കുന്നു.

അക്കാട്ട് ബൈ ലെയ്നിലെ ഉപയോഗ ശൂന്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ എന്താണെന്നോ എത്രയുണ്ടെന്നോ ഫയലിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. ഓവർസീയറുടെ വാല്യുവേഷൻ തുകയേക്കാൾ ഇരട്ടിയിലധികം തുകക്കാണ് ലേലം നടന്നിരിക്കുന്നത്. 3,58,045/- രൂപ വാല്യുവേഷനുണ്ടായിരുന്ന സാധനങ്ങൾ 7,61,600/- രൂപക്ക് ലേലം നടന്നതിൽ നിന്നും ഓവർസീയറുടെ വാല്യുവേഷനിൽ അപാകതയുണ്ട് എന്ന് വേണം മനസ്സിലാക്കാൻ. വാല്യുവേഷനിൽ ഉൾപ്പെട്ടിരുന്ന 10,000/- രൂപയോളം വിലയുള്ള ഉപയോഗശൂന്യമായ ടയറുകൾ ഈ കരാറുകാരൻ കൊണ്ടു പോയിട്ടുമില്ല. ഈ സാഹചര്യത്തിൽ ഫയലിലെ അസ്വാഭാവികത വിശദമായി പരിശോധിക്കപ്പെടേണ്ടതാണ്.

## 1-22 വാടക കുടിശ്ശിക

ഫയൽ നമ്പർ - R5 – 562/21

ആലുവ നഗരസഭയുടെ ഉടമസ്ഥതയിലുള്ള 300 ൽ അധികം വരുന്ന കെട്ടിടങ്ങളിൽ നിന്നുള്ള വാടക നഗരസഭയുടെ പ്രധാന വരുമാനമാർഗമാണ്. 2021-22 സാമ്പത്തിക വർഷത്തെ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ പ്രകാരം 43 വാടകക്കാരാണ് കുടിശ്ശിക വരുത്തിയിരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/M2/2021-22 തീയതി 03.03.2023 ന് നഗരസഭാ സെക്രട്ടറി നൽകിയ 18.03.2023 തീയതിയിലെ എ3-9316/22 മറുപടിയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥനത്തിൽ തയ്യാറാക്കിയ 2021-22 ലെ കുടിശ്ശിക വിവരം താഴെ ചേർക്കുന്നു.

.

| ക്രമ നം | കെട്ടിടത്തിന്റെ പേര് | വാടക രജി. ക്രമ നമ്പർ | വാടകക്കാരന്റെ പേര് | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | ടൗൺ ബസാർ | 13 | കെ.കെ.വിശ്വംഭരൻ | 5558.00 |

| | | | | |
|---|---|---|---|---|
| 2 | ബസ് സ്റ്റാന്റ് | 8 | ടി.എസ്.ഷഫീഖ് | 19036.00 |
| 3 | മിനി ഷോപ്പിങ്ങ് കോംപ്ലസ് | 4 | കെ.എം.അബ്ദുൾ നാസർ | 1834.00 |
| 4 | ക്യാറ്റിൽ മാർക്കറ്റ് | 4 | ടി.എ.സലിം | 6524.00 |
| 5 | ക്ലോക്ക് ടവർ | 4 | ഹസിം.കെ.കെ | 9296.00 |
| 6 | ക്ലോക്ക് ടവർ (I Floor) | 1 | സവിത സലിം (മുറി ഒഴിഞ്ഞു) | 261928.00 |
| 7 | ക്ലോക്ക് ടവർ (IIIrd Floor) | 4 | ജിന്റോ.P.D | 470283.00 |
| 8 | നെഹ്റു പാർക്ക് അവന്യൂ | 105 | നിസാർ.കെ.എം | 338239.00 |
| 9 | ഫിഷ് സ്റ്റാൾ പുനരധിവാസം | 18 | കെ.ഡി.സുനി | 11/2019 മുതൽ |
| 10 | മിനി മാർക്കറ്റ് (Old) | 17 | പി.എ.അഹമ്മദ് | 1618.00 |
| 11 | ,, | 20 | മിഷാൽ ജോസഫ് | 16310.00 |
| 12 | മിനി മാർക്കറ്റ്, അനക്സ് | 4 | സെക്രട്ടറി, മേഖല ലോഡ് വർക്കേഴ്സ് യൂണിയൻ. | 10728.00 |
| 13 | പച്ചമീൻ ഗോഡൗൺ | 13A | കെ.ഡി.സുനിൽ | 710235.00 |
| 14 | ഉണക്കച്ചെമ്മീൻ ഗോഡൗൺ | 13B | റോസി അന്തപ്പൻ | 04/2019 മുതൽ |

മേല്പറഞ്ഞ കുടിശ്ശികക്കാരിൽ ക്രമ നമ്പർ 6, 7, 8, 9, 13 എന്നിവ കോടതി കേസ്സ് നടപടികൾ തുടരുന്നതാണ്. ഓഡിറ്റ് എൻക്വയറിയിൽ നിലവിലെ കുടിശ്ശിക വിവരം ലഭ്യമാക്കാനും ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 16.03.2023 ലെ കുടിശ്ശിക വിവരം ലഭ്യമാക്കിയത് താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | വാടകക്കാരന്റെ പേര് | വാടക കുടിശ്ശിക | | ജി.എസ്.ടി | പി.ഐ. | ആകെ |
|---|---|---|---|---|---|---|---|
| സ്കാവിഞ്ചിംഗ് കോളനി | | | | | | | |
| 1. | 3 | കെ.ബി സുലൈമാൻ | 414 X 3 | 1242 | 224 | 25 | 1491 |
| ടൗൺ ബസ്സാർ | | | | | | | |
| 2. | 2 | വേണുഗോപാൽ റ്റി.വി. | 2780x3 | 8340 | 1501 | 167 | 10008 |
| 3. | 11 | കെ.എച്ച്. ഷാജഹാൻ | 2380x2 | 4760 | 857 | 72 | 5689 |
| 4. | 12 | എൻ.പി. ഹമീദ് | 1946x 2 | 3892 | 701 | 59 | 4652 |
| 5. | 13 | കെ.കെ. വിശ്വംഭരൻ | 2779x2 | 5558 | 1005 | 751 | 7314 |
| | | | 2918x12 | 35016 | 6303 | 2276 | 43595 |
| 6. | 14 | വി മോഹൻ രാജ് | 2918x 8 | 23344 | 4202 | 1051 | 28597 |
| 7. | 16 | പി.എൻ. വിശംഭരൻ | 2913x 3 | 8739 | 1573 | 175 | 10487 |
| ന്യൂ സ്റ്റാന്റ് ബിൽഡിംഗ് ( ക്ലോക്ക് ടവർ ഗ്രൗണ്ട് ഫ്ലോർ) | | | | | | | |
| 8. | 6 | സി.ആർ. ദിനേശ് | 3598 X 3 | 10794 | 1943 | 216 | 12953 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9. | 8 | റിഹാന മരയ്ക്കാർ | 3969 X 8 | 31752 | 5715 | 1429 | 38896 |
| 10. | 9 | എം.സി. തോമസ് | 4422 X 6 | 26532 | 4776 | 929 | 32237 |
| 11. | 12 | എം.യു. അബൂബക്കർ | 4842 X 2 | 9684 | 1743 | 146 | 11573 |
| 12. | 16 | റ്റി.ഡി. അജിത് ലാൽ | 3823 X 5 | 19115 | 3441 | 574 | 23130 |
| 13. | 18 | എ.ബി. സന്തോഷ് | 3641 X 5 | 18205 | 3277 | 546 | 22028 |
| 14 | 21 | പി.വി. വിജയൻ | 2861 X 3 | 8583 | 1545 | 172 | 10300 |
| ന്യൂ റൂംസ് സ്റ്റാൾ | | | | | | | |
| 15 | 3 | സി.ജെ. ജോയ് | 1437 X 3 | 4311 | 776 | 87 | 5174 |
| 16 | 4 | അബ്ദുൾ അസീസ് കെ.എം. | 2617 X 4 | 10468 | 1884 | 262 | 12614 |
| കാർട്ട് സ്റ്റാന്റ് ബിൽഡിംഗ് | | | | | | | |
| 17 | 5 | പി.എ. ഷെറീഫ് | 2515 X 3 | 7545 | 1358 | 151 | 9054 |
| 18 | 6 | പി.എ.അബ്ദുൾ കരീം | 3431 X 6 | 20586 | 3706 | 721 | 25013 |
| കാർട്ട് സ്റ്റാന്റ് ഗോഡൗൺ ബിൽഡിംഗ് | | | | | | | |
| 19 | 3 | പി.എച്ച്. അബ്ദുൾ കരീം | 2295 X 3 | 6885 | 1240 | 138 | 8263 |
| 20 | 8 | സി.എ. ജമാൽ | 2528 X 3 | 7584 | 1365 | 152 | 9101 |
| മിനി ഷോപ്പിംഗ് കോംപ്ലക്സ് | | | | | | | |
| 21 | 4 | കെ.എം. അബ്ദുൾ നാസർ | 917 X 2 | 1834 | 330 | 248 | 2412 |
| | | | 963 X 12 | 11556 | 2080 | 751 | 14387 |
| 22 | 5 | കെ.ഇ. ജോസ് | 881 X 2 | 1762 | 317 | 238 | 2317 |
| | | | 925 X 12 | 11100 | 1998 | 722 | 13820 |
| ക്യാറ്റിൽ മാർക്കറ്റ് | | | | | | | |
| 23 | 4 | റ്റി.എ. സലീം | 3425 X 3 | 10275 | 1850 | 1439 | 13564 |
| | | | 3596 X 12 | 43152 | 7768 | 2805 | 53725 |
| 24 | 5 | അബ്ദുൾ റസാക്ക് | 6847 X 2 | 13694 | 2465 | 206 | 16365 |
| 25 | 7 | ഡോ. അജീഷ് പോൾ | 6323 X 7 | 44261 | 7967 | 1772 | 54000 |
| 26 | 8 | ഡോ. അജീഷ് പോൾ | 10146 X 7 | 71022 | 12784 | 2841 | 86647 |
| 27 | 9 | രമണി സുകുമാരൻ | 2128 X 7 | 14896 | 2681 | 596 | 18173 |
| റെസ്റ്റ് ഹൗസ് ബിൽഡിംഗ് | | | | | | | |
| 28 | 3 | ബി.എ.കൈസ് | 14490 X 5 | 72450 | 13041 | 2174 | 87665 |
| 29 | 4 | ബി.എ. കൈസ് | 14490 X 5 | 72450 | 13041 | 2174 | 87665 |
| 30 | 5 | ബി.എ. കൈസ് | 9199 X 5 | 45995 | 8280 | 1380 | 55655 |
| 31 | 6 | കെ.കെ. മുഹമ്മദ് സലീം | 9660 X 5 | 48300 | 8694 | 1449 | 58443 |

| | | | | | | | |
|---|---|---|---|---|---|---|---|
| 32 | 8 | ബി.എ. കൈസ് | 7551 X 5 | 37755 | 6796 | 1133 | 45684 |
| 33 | 9 | ബി.എ. കൈസ് | 6807 X 5 | 34035 | 6127 | 1021 | 41183 |
| 34 | 13 | താഹിറ ഷെഫീഖ് | 7415 X 6 | 44490 | 8008 | 1557 | 54055 |
| 35 | 14 | റ്റി.എസ്. ഷെഫീഖ് | 7415 X 6 | 44490 | 8008 | 1557 | 54055 |
| 36 | 15 | സക്കീർ ഹുസൈൻ | 13771 X 4 | 55084 | 9915 | 4407 | 69406 |
| | | | 14460 X 5 | 72300 | 13014 | 2169 | 87483 |
| പെട്ടിക്കട | | | | | | | |
| 37 | 7 | സി.എം. അലി | 1231 X 3 | 3693 | 665 | 74 | 4432 |
| 38 | 11 | പി. അസൈനാർ | 973 X 3 | 2919 | 526 | 59 | 3504 |
| 39 | 17 | അബ്ദുൾ സലീം | 1644 X 1 | 1644 | 296 | 214 | 2154 |
| | | | 1727 X 12 | 20724 | 3731 | 1347 | 25802 |
| 40 | 28 | കെ.കെ. ഖാദർ | 421 X 3 | 1263 | 228 | 26 | 1517 |
| പഗോഡ ബങ്ക് | | | | | | | |
| 41 | 5 | സലീന | 3516 X 10 | 35160 | 6329 | 1934 | 43423 |
| ക്ലോക്ക് ടവർ | | | | | | | |
| 42 | 5 | ഹസീം എം.കെ | 2324 X 4 | 9296 | 1673 | 1348 | 12317 |
| | | | 2440 X 12 | 29280 | 5271 | 1903 | 36454 |
| 43 | 1 | ജോസ്സ ഗിരീഷ് | 9961 X 12 | 119532 | 21516 | 7770 | 148818 |
| 44 | 3 | അബ്ദുള്ള നഡ്‌വി | 3557 X 12 | 42684 | 7683 | 2775 | 53142 |
| 45 | 2 | അബ്ദുള്ള നഡ്‌വി | 4633 X 4 | 18532 | 3336 | 2687 | 24555 |
| | | | 4685 X 12 | 58380 | 10509 | 3795 | 72684 |
| ബസ് ടെർമിനൽ പഗോഡ ബങ്ക് | | | | | | | |
| 46 | 3 | കെ.കെ. കുഞ്ഞ് | 1199 X 4 | 4796 | 863 | 120 | 5779 |
| രാജീവ് ഗാന്ധി ബസ് ടെർമിനൽ | | | | | | | |
| 47 | 1 | മുഹമ്മദ് സലി പി.കെ. | 6489 X 10 | 64890 | 11680 | 3569 | 80139 |
| 48 | 4 | സുഹാസിനി മായ | 9269 X 2 | 18538 | 3337 | 278 | 22153 |
| 49 | 6 | മമ്മൂട്ടി ബി.എം. | 6133 X 2 | 12266 | 2208 | 184 | 14658 |
| 50 | 9 | റ്റി.എം. ഇസഹാക്ക് | 6180 X 3 | 18540 | 3337 | 371 | 22248 |
| 51 | 10 | വി.വി. അബ്ദുൾ ഖാദിർ ഹാജി | 5886 X 3 | 17658 | 3178 | 353 | 21189 |
| 52 | 13 | കെ.കെ. കുഞ്ഞ് | 6133 X 4 | 25008 | 4502 | 626 | 30136 |
| 53 | 3 | വിപിൻ വർഗ്ഗീസ് | 6115 X 7 | 42805 | 7705 | 1713 | 52223 |
| ടൗൺ ബസ്സാർ പുനരധിവാസം | | | | | | | |
| 54 | 3 | സിയാദ് സി.എം. | 957 X 4 | 3828 | 689 | 96 | 4613 |

| | | | | | | | |
|---|---|---|---|---|---|---|---|
| 55 | 4 | ഷിജി ജോർജ്ജ് | 1512 X 2 | 3024 | 545 | 46 | 3615 |
| 56 | 10 | മുഹമ്മദ് ഇക്ബാൽ | 1006 X 3 | 3018 | 544 | 61 | 3623 |
| എസ്.സി./എസ്.റ്റി ബിൽഡിംഗ് | | | | | | | |
| 57 | 1 | പി.സി കവിത | 4451 X 3 | 13353 | 2404 | 267 | 16024 |
| 58 | 2 | പി.സി. കവിത | 2311 X 3 | 6933 | 1248 | 139 | 8320 |
| 59 | 3 | എം. രവി | 2311 X 3 | 6933 | 1248 | 139 | 8320 |
| മാർവാർ ബിൽഡിംഗ് | | | | | | | |
| 60 | 2.A | കെ.എ. റോബർട്ട് | 4054 X 3 | 12162 | 2190 | 244 | 14596 |
| 61 | 5 | ഫിറോസ് കെ. പള്ളത്ത് | 4101 X 3 | 12303 | 2215 | 246 | 14764 |
| നെഹ്റു പാർക്ക് അവന്യൂ ബിൽഡിംഗ് | | | | | | | |
| 62 | 102 | അബ്ദുൾ കരീം | 15502 X 3 | 46506 | 8371 | 465 | 55342 |
| 63 | 103 | ഷൗക്കത്തലി | 15502 X 7 | 108514 | 19533 | 4341 | 132388 |
| 64 | 105 | നിസ്സാർ കെ.എം. | 13237 X 8 | 105896 | 19061 | 30181 | 155138 |
| | | | 13899 X 12 | 166788 | 30022 | 30856 | 227666 |
| | | | 14594 X12 | 175128 | 31523 | 11384 | 218038 |
| 65 | 109 | സക്കീർ ഹുസൈൻ | 11628 X 3 | 34884 | 6280 | 698 | 41862 |
| 66 | 303 | അനിത കുമാരി എം.ബി. | 3356 X 5 | 16780 | 3021 | 504 | 20305 |
| 67 | 310 | സൂരജ് എം. | 3525 X 5 | 17625 | 3173 | 529 | 21327 |
| 68 | 311 | അനിതകുമാരി എം.ബി. | 3356 X 6 | 20136 | 3625 | 705 | 24466 |
| ഫിഷ് സ്റ്റാൾ, പുനരധിവാസം | | | | | | | |
| 69 | 3 | എം.പി. മുഹമ്മദ് ബഷീർ | 3973 X 7 | 27811 | 5006 | 1113 | 33930 |
| 70 | 6 | റ്റി.ജെ. ബെന്നി | 3973 X 8 | 31784 | 5721 | 1431 | 38936 |
| 71 | 10 | എം.പി. അബ്ദുൾ സലാം | 3973 X 7 | 27811 | 5006 | 1113 | 33930 |
| 72 | 16 | റ്റി.എഫ്. സാജൻ | 3973 X 2 | 7946 | 1430 | 120 | 9496 |
| 73 | 18 | കെ.ഡി. സുനി | | | | | 0 |
| 74 | 20 | പി.റ്റി. ടെൽസൺ, പി.ജെ. ജോബി | 3973 X 7 | 27811 | 5006 | 1113 | 33930 |
| 75 | 23 | റ്റി.റ്റി. ജോൺസൺ | 3973 X 4 | 15892 | 2861 | 398 | 19151 |
| ബീഫ് സ്റ്റാൾ, പുനരധിവാസം | | | | | | | |
| 76 | 9 | എൻ.കെ. അബ്ദുൾ സുനീർ | 4516 X 2 | 9032 | 1626 | 136 | 10794 |
| മിനി മാർക്കറ്റ്, ഓൾഡ് ബിൽഡിംഗ് | | | | | | | |
| 77 | 1,2 | സെക്രട്ടറി, കെ.എസ്.സി.ബി | CASE | | | | 0 |
| 78 | 8 | ജോർജ്ജ് ആന്റണി | 1051 X 3 | 3153 | 568 | 63 | 3784 |
| 79 | 17 | പി.എ. അഹമ്മദ് | 809 X 2 | 1618 | 291 | 219 | 2128 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 849 X 12 | 10188 | 1834 | 663 | 12685 |
| 80 | 18 | കെ.എം. അബ്ദുൾ സലാം | 861 X 2 | 1722 | 310 | 233 | 2265 |
| | | | 904 X 12 | 10848 | 1953 | 705 | 13506 |
| 81 | 20 | മിഷാൽ ജോസഫ് | 1631 X 10 | 16310 | 2936 | 897 | 20143 |
| | | | 1713 X 12 | 20556 | 3700 | 1336 | 25592 |
| 82 | 21 | ചന്ദ്രിക | 1439 X 4 | 5756 | 1036 | 144 | 6936 |
| 83 | 23 | റ്റി.കെ. സെബാസ്റ്റ്യൻ | 1431 X 7 | 10017 | 1803 | 401 | 12221 |
| 84 | 24 | സിസി ജോൺ ജോസഫ് | 735 X 9 | 6615 | 1191 | 331 | 8137 |
| 85 | 28 | മംഗൾ കാർത്തികേയൻ | 5708 X 3 | 17124 | 3083 | 343 | 20550 |
| മിനി മാർക്കറ്റ് അനക്സ് | | | | | | | |
| 86 | 4 | സെക്രട്ടറി. ആലുവ മേഖല | 04/20 To | | | | |
| 87 | 5 | മുഹമ്മദ് അൻവർ | 3010 X 3 | 9030 | 1625 | 180 | 10835 |
| ഡ്രൈ പ്രോൺ ഗോഡൗൺ | | | | | | | |
| 88 | 13 C | നിതിൻ മാത്യൂ | 826 X 3 | 2478 | 446 | 50 | 2974 |
| 89 | 13 B | റോസി ആന്റപ്പൻ | CASE | | | | |
| ഫിഷ് മാർക്കറ്റ് ഗോഡൗൺ | | | | | | | |
| 90 | 13 A | കെ.ഡി. സുനിൽ | 01/2019 To | CASE | | | |
| മിനി മാർക്കറ്റ് ന്യൂ ബ്ലോക്ക് പുനരധിവാസം | | | | | | | |
| 91 | 3 | കെ.ജി പ്രഭാകരൻ | 2067 X 7 | 14469 | 2605 | 579 | 17653 |
| 92 | 4 | കെ.ആർ. സേവ്യർ | 10/16 To | | | | 27368 |
| 93 | 6 | കെ.റ്റി ബാബു | 2702 X 11 | 29722 | 5350 | 1784 | 36856 |
| ജനറൽ മാർക്കറ്റ് ടെംപററി ഷെഡ്സ് | | | | | | | |
| 94 | 1 | സോജൻ | 504 X 3 | 1512 | 272 | 31 | 1815 |
| 95 | 2 | മനോജ് | 504 X 8 | 4032 | 726 | 182 | 4940 |
| 96 | 3 | അബ്ദുൾ ലത്തീഫ് | 504 X 3 | 1512 | 272 | 31 | 1815 |
| 97 | 4 | മുഹമ്മദ് യുവാസ് | 504 X 3 | 1512 | 272 | 31 | 1815 |
| 98 | 5 | ഷാനി എം.എ. | 504 X 2 | 1008 | 182 | 15 | 1205 |
| 99 | 6 | അബ്ദുൾ റഷീദ് | 504 X 4 | 2016 | 363 | 51 | 2430 |
| 100 | 7 | സുധീർ | 504 X 2 | 1008 | 182 | 15 | 1205 |
| 101 | 8 | ഹസീം പി.എ. | 504 X 2 | 1008 | 182 | 15 | 1205 |
| 102 | 9 | മുഹമ്മദ് | 504 X 9 | 4536 | 817 | 227 | 5580 |

മേല്പറഞ്ഞ വാടകക്കാരിൽ നിന്നും നിലവിലുള്ള കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കുന്നതിനും തുടർന്നും കുടിശ്ശികയില്ലാതെ വാടക പിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-23 വസ്തു നികുതി - സഞ്ചയ ഡാറ്റാ എൻട്രി പൂർണ്ണമല്ല

സർക്കാർ ഉത്തരവ് (സാധാ) നം.540/2019 ത.സ്വ.ഭ.വ തീയതി 06.03.2019.

ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുക, സേവന ലഭ്യത ഉറപ്പുവരുത്തുക, വിവരശേഖരണം എളുപ്പവും കൃത്യവുമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സോഫ്റ്റ് വെയറുകൾ വിന്യസിച്ചത്. ഇൻഫോർമേഷൻ കേരള മിഷൻ (IKM) വികസിപ്പിച്ചെടുത്ത 16 ൽ അധികം സോഫ്റ്റ് വെയറുകളാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നത്. ഇതിൽ വിപുലമായി ഉപയോഗിക്കപ്പെടുന്ന സോഫ്റ്റ് വെയറാണ് റവന്യൂ ഇനങ്ങൾ കൈകാര്യം ചെയ്യുന്ന സഞ്ചയ സോഫ്റ്റ് വെയർ. വസ്തു നികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് തുടങ്ങിയ റവന്യൂ ഇനങ്ങൾ കൈകാര്യം ചെയ്യുന്നതിന് സോഫ്റ്റ് വെയറിൽ മേല്പറഞ്ഞവയുടെ ഡാറ്റാ എൻട്രി നിർവ്വഹിക്കൽ അനിവാര്യമാണ്. നഗരസഭകളിലെ വസ്തു നികുതി പരിഷ്കരണത്തിന്റെ പ്രാബല്യ തീയതി 01.04.2016 ആയി ദീർഘിപ്പിച്ചുകൊണ്ടുള്ള മുകളിലെ സർക്കാർ ഉത്തരവിൽ കെട്ടിടങ്ങളുടെ വിവരശേഖരണം, ഫോറം നമ്പർ 6 ലെ ഡാറ്റാ എൻട്രി, വേരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ നടപടിക്രമങ്ങളും 2019 സെപ്റ്റംബർ

മാസത്തിനകം പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെയും ആലുവ നഗരസഭയിൽ ഡാറ്റാ എൻട്രി പൂർത്തിയായിട്ടില്ല. നഗരസഭയിൽ വസ്തു നികുതി ഡിമാന്റ് ചെയ്യുന്നത് ഇപ്പോഴും ബിൽ കളക്ടർമാർ അനൗദ്യോഗികമായി എഴുതി സൂക്ഷിക്കുന്ന ഹാന്റ് ബുക്കിനെ ആശ്രയിച്ചാണ്. നിലവിലും നഗരസഭയിൽ ഡാറ്റാ എൻട്രി ജോലികൾ കരാർ നിയമനത്തിലൂടെ നിർവ്വഹിക്കുന്നുണ്ട്. നഗരസഭയിലെ വസ്തു നികുതി ഡാറ്റാ എൻട്രിയുടെ വാർഡ് അടിസ്ഥാനത്തിലുള്ള പുരോഗതി അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ 24/M2/2021-22 തീയതി 28.03.2023 ലൂടെ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

1-24 തൊഴിൽ നികുതി (ജീവനക്കാർ) വാർഷിക ധനകാര്യപത്രിയിലെ ഡിമാന്റ് കളക്ഷൻ തുകകളിലെ പൊരുത്തക്കേട് സംബന്ധിച്ച്.

മുൻകൂട്ടി ഡിമാന്റ് ചെയ്യാൻ കഴിയാത്ത ഇനങ്ങളുടെ (ക്യാഷ് അടിസ്ഥാനത്തിൽ വരവുള്ളവ) ഡിമാന്റും വരവും തുല്യമായിരിക്കും. ഇവയ്ക്ക് ബാലൻസ്ഷീറ്റിൽ നീക്കിയിരിപ്പ് ഉണ്ടാവില്ല. ഇൻകം ആന്റ് എക്സ്പെൻറ്റീച്ചർ ഷെഡ്യൂളുകളിൽ രേഖപ്പെടുത്തുന്ന തുകകളും റസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂളുകളിൽ രേഖപ്പെടുത്തുന്ന തുകകളും തുല്യമായിരിക്കും.

ആലുവ നഗരസഭയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ തൊഴിൽനികുതി (മുൻകൂട്ടി ഡിമാന്റ് ചെയ്യാൻകഴിയാത്തത്) ഇനത്തിലെ വരവ് ഇൻകം ആന്റ് എക്സ്പെൻറ്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 1,55,84,063/- രൂപയും റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 1,52,70,363/- രൂപയുമാണ്. 3,13,700/- രൂപ വ്യത്യാസം കാണുന്നു. തുകയിലെ വ്യത്യാസം എപ്രകാരമെന്ന് വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 26/2021-22 (4) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

തൊഴിൽനികുതിയിനത്തിലെ ഈ വ്യത്യാസം നഗരസഭ ജീവനക്കാരുടെ 2021-22 സാമ്പത്തിക വർഷത്തെ ഒന്നും രണ്ടും അർദ്ധവർഷത്തെ - 2021 ആഗസ്റ്റ് മാസത്തേയും, 2022 ഫെബ്രുവരി മാസത്തേയും - തൊഴിൽനികുതിയിനത്തിലാണോ എന്ന് ശമ്പള ബില്ലുകൾ പ്രകാരം പരിശോധിച്ചതിൽ ആകെ റിക്കവറി തുക 2,57,250/- രൂപ മാത്രമാണുള്ളത്. ഇത് നഗരസഭാ ഫണ്ടിൽ ഒടുക്കിയതിന്റെ രേഖകളും മേൽ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല .

2021 ഓഗസ്റ്റ് മാസം (ഒന്നാം അർദ്ധവർഷം )

| | |
|---|---|
| റെഗുലർ ജീവനക്കാർ | : 73,750രൂപ |
| ഈസ്റ്റ് സോൺ കണ്ടിജന്റ് ജീവനക്കാർ | : 33,500രൂപ |

| | | |
|---|---|---|
| വെസ്റ്റ് സോൺ കണ്ടിജന്റ് ജീവനക്കാർ | : | 23,750 രൂപ |

2022 ഫെബ്രുവരി മാസം (രണ്ടാം അർദ്ധവർഷം )

| | | |
|---|---|---|
| റെഗുലർ ജീവനക്കാർ | : | 70,000രൂപ |
| ഈസ്റ്റ് സോൺ കണ്ടിജന്റ് ജീവനക്കാർ | : | 32,500 രൂപ |
| വെസ്റ്റ് സോൺ കണ്ടിജന്റ് ജീവനക്കാർ | : | 23,750 രൂപ |
| ആകെ | | 2,57,250/- |

ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ – എ3-9316/22 തീയതി 05.04.2023 - പ്രകാരം നഗരസഭ ജീവനക്കാരുടെ തൊഴിൽനികുതി ശമ്പള റിക്കവറി നടത്തി 310100200 (Profession Employees) എന്ന ഹെഡ്ഡിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും ആയത് Income And Expenditure Statement – ൽ വരവ് ചേർത്തിട്ടുണ്ടെന്നുമാണ് വിശദീകരിക്കുന്നത്. നൽകിയ മറുപടി തൃപ്തികരമല്ല. Income And Expenditure Statement -ൽ 3 ൽ തുടങ്ങുന്ന ഹെഡ്ഡുകൾ ഒന്നും തന്നെ ഇല്ല. ആയതിനാൽ നഗരസഭ ജീവനക്കാരുടെ തൊഴിൽനികുതി റിക്കവറി തുക 2,57,250/- കിഴിച്ച് ബാക്കി 56,450/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ഈ പൊരുത്തക്കേട് എപ്രകാരമാണ് എന്ന് വിശദമാക്കേണ്ടതാണ്.

1-25 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നമ്പർ 89/2021-22(SO), പ്രോജക്റ്റ് നമ്പർ 96/2021-22 (SO), ഫയൽ നമ്പർ - E1/7744/20, E13070/21

ആലുവ നഗരസഭാ പരിധിയിലെ സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ് ജോലികൾ കരാർ നൽകിയാണ് നിർവ്വഹിക്കുന്നത്. മെയിന്റനൻസിന് ആവശ്യമായ സാധനങ്ങൾ നഗരസഭ നേരിട്ട് വാങ്ങുകയും മെയിന്റനൻസ് ഏറ്റെടുത്തിരിക്കുന്ന വ്യക്തിക്ക് ആവശ്യാനുസരണം വിതരണം നടത്തുകയും ചെയ്യുന്നു. 2019-20 സാമ്പത്തിക വർഷത്തെ മെയിന്റനൻസ് കരാറിന്റെ കാലാവധി 24.07.2020 ൽ അവസാനിച്ചതിനേത്തുടർന്ന് പുതുക്കിയ ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ കരാർ തുകയായ 350/- നിരക്കിൽ 2019-20 ലെ കരാറുകാരന് തന്നെ കരാർ ഉറപ്പിച്ചു നൽകുകയായിരുന്നു. ഇതിൻ പ്രകാരം Agmt. No. 02/Sec/2020-21 കരാർ 04.11.2020 ലാണ് നിലവിൽ വന്നത്.

കരാർ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1). 2019-20 സാമ്പത്തിക വർഷം മുതൽ നഗരസഭയിൽ 350/- രൂപ നിരക്കിലാണ് തെരവു

വിളക്കുകളുടെ മെയിന്റനൻസ് പ്രവൃത്തി നടത്തി വരുന്നത്. ഇതേ നിരക്ക് തന്നെയാണ് തുടർന്നുള്ള വർഷങ്ങളിലും അനുവദിച്ചിരിക്കുന്നത്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് E.P.അരവിന്ദാക്ഷൻ എന്നയാൾക്ക് കരാർ നൽകിയിരിക്കുന്നത്. എന്നാൽ ടെണ്ടർ ക്ഷണിക്കുന്നതിന് മുന്നോടിയായി ഒരു പോസ്റ്റിന് എത്ര രൂപ മെയിന്റനൻസ് ചെലവുണ്ടാകും എന്ന് കണക്കാക്കുന്നതിന് നഗരസഭ എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നില്ല. തദ്ദേശ സ്വയം ഭരണ (പി.പി) വകുപ്പിന്റെ 26.10.22 ലെ E.W.B1/101/2020 – ത.സ്വ.ഭ.വ സർക്കുലർ പ്രകാരം സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് KSEB ഉൾപ്പെടെയുള്ള മറ്റ് ഏജൻസികളെ ഏല്പിച്ചാൽ 166 രൂപ + 18% GST എന്ന നിരക്കിന് മുകളിൽ നൽകരുതെന്ന നിർദ്ദേശം കണക്കിലെടുക്കുമ്പോൾ കഴിഞ്ഞ മൂന്ന് വർഷവും നഗരസഭയിൽ നിന്നും നൽകിയിരുന്ന നിരക്ക് ഇരട്ടിയിലധികമാണെന്ന് കാണാം. മാത്രവുമല്ല 2022-23 സാമ്പത്തിക വർഷത്തിൽ മെയിന്റനൻസ് ജോലി കരാർ നൽകിയിരിക്കുന്നത് 270/- രൂപ നിരക്കിലാണെന്നതും പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ സാഹചര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കാതെ/കുറഞ്ഞ നിരക്ക് നിശ്ചയിക്കാതെ പ്രവൃത്തി ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതും അധിക നിരക്ക് നൽകാനിടയായതും നഗരസഭയുടെ ഉത്തമ താല്പര്യം സംരക്ഷിക്കുന്നതിന് വിരുദ്ധമാണ്.

2). 31.12.2020 തീയതിയിലാണ് മേല്പറഞ്ഞ കരാർ പ്രകാരമുള്ള വേല ചെയ്തതിന്റെ ആദ്യ വിഹിതം (Ist & Part Bill) കരാറുകാരൻ ക്ലെയിം ചെയ്യുന്നത്. 04.11.2020 മുതൽ 31.12.2020 വരെയുള്ള കാലയളവിൽ മെയിന്റനൻസ് നടത്തിയ സ്ട്രീറ്റ് ലൈറ്റുകളുടെ തുകയാണ് Ist ബില്ലിൽ ക്ലെയിം ചെയ്തിരിക്കുന്നത്. ഇതിൻ പ്രകാരം 520 സ്ട്രീറ്റ്പോസ്റ്റുകളിലെ (LED – 285 + Tube Set 235) അറ്റകുറ്റപ്പണിക്ക് 350/- രൂപ വീതം 1,82,000/- രൂപയിൽ നിന്നും റിട്ടെൻഷനും റിക്കവറികളും കഴിച്ച് 1,58,321/- രൂപ ചെക്ക് നമ്പർ 923615 തീയതി 15.02.2021 പ്രകാരം കരാറുകാരന് നൽകിയിട്ടുണ്ട്. ഈ പ്രവർത്തിക്ക് ആവശ്യമായ സാധനങ്ങളുടെ വിവരം ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

| Item | Nos |
|---|---|
| LED | 177 |
| Pendant Holder | 170 |
| Plastic Shade | 85 |

| | |
|---|---|
| Tube | 340 |
| Starter | 120 |
| Electronic Choke | 180 |
| Rortar Holder | 256 |
| Aluminium Coil | 4 Coil |

നഗരസഭയിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കരാർ തീയതിയായ 04.11.2020 മുതൽ 31.12.2020 വരെയുള്ള കാലയളവിൽ കരാറുകാരൻ ആവശ്യപ്പെട്ട പ്രകാരം വിതരണം ചെയ്ത സാധനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| Item | 18.11.20 No. | 23.11.20 No. | 04.12.20 No. | 08.12.20 No. | 28.12.20 No. | Total No. Issued |
|---|---|---|---|---|---|---|
| Tube | 60 | 180 | 60 | 40 | 30 | 370 |
| Led Light | 52 | 14 | 48 | 75 | 40 | 229 |
| Aluminim Coil | 2 | 0 | 1 | 1 | 0 | 4 |
| Starter | 24 | 40 | 0 | 56 | 0 | 120 |
| Pendant Holder | 30 | 40 | 0 | 40 | 20 | 130 |
| Plastic Shade | 20 | 15 | 15 | 35 | 15 | 100 |
| Electronic Choke | 35 | 0 | 100 | 45 | 25 | 205 |
| Rortar Holder | 0 | 208 | 0 | 48 | 48 | 304 |

മേല്പറഞ്ഞ കണക്കുകൾ പ്രകാരം പ്രവൃത്തിയിൽ ഉപയോഗിച്ച സാധനങ്ങളുടെ എണ്ണവും നഗരസഭയിൽ നിന്നും ഇഷ്യൂ ചെയ്ത സാധനങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇഷ്യൂ ചെയ്തതും ഇൻസ്റ്റാൾ ചെയ്തതുമായ സാധനങ്ങളുടെ എണ്ണത്തിലുള്ള വ്യത്യാസം താഴെ ചേർക്കുന്നു.

| Item | Issued | Installed | Difference |
|---|---|---|---|
| Tube | 370 | 340 | 30 |
| Led Light | 229 | 177 | 52 |
| Aluminim Coil | 4 | 4 | 0 |
| Starter | 120 | 120 | 0 |
| Pendant Holder | 130 | 170 | -40 |
| Plastic Shade | 100 | 85 | 15 |
| Electronic Choke | 205 | 180 | 25 |
| Rortar Holder | 304 | 256 | 48 |

Agmt. No. 02/Sec/2020-21 കരാർ പ്രകാരം മൂന്ന് തവണകളായാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. ആദ്യ തവണ (Ist& Part Bill) തുക നൽകിയപ്പോളാണ് മേല്പറഞ്ഞ പ്രകാരം വ്യത്യാസമുള്ളതായി കാണുന്നത്. പിന്നീടുള്ള രണ്ട് തവണയും കരാറുകാരൻ ആവശ്യപ്പെട്ട സാധനങ്ങളുടേയും നഗരസഭയിൽ നിന്നും നൽകിയ സാധനങ്ങളുടെയും

എണ്ണത്തിൽ വ്യത്യാസമുള്ളതായി കാണുന്നില്ല.

3). 07.01.2021 മുതൽ 09.04.2021 വരെ 611 സ്ട്രീററ് ലൈറ്റ് പോസ്റ്റുകളിലാണ് മെയിന്റനൻസ് നടത്തിയത്. ഇതോടൊപ്പം 6 ഹൈ മാസ്റ്റ് പോസ്റ്റുകളിൽ 38 ബൾബുകൾ മാറ്റിയതുൾപ്പെടെ 649 സ്ട്രീറ്റ് ലൈറ്റുകളുടെ (611+38) മെയിന്റനൻസ് നടത്തിയതായി കണക്കാക്കിയാണ് തുക നൽകിയിരിക്കുന്നത്. 649 ലൈറ്റുകൾക്ക് 350/- രൂപ നിരക്കിൽ 2,27,150/- രൂപയിൽ നിന്നും റിക്കവറികൾ കഴിച്ച് 1,99,868/- രൂപയാണ് കരാറുകാരന് നൽകിയത്. 1,00,000/- രൂപ ചെക്ക് നമ്പർ 475097 തീയതി 12.07.2021 പ്രകാരവും 99,868/- രൂപ ചെക്ക് നമ്പർ 475118 തീയതി 02.08.2021 പ്രകാരവും നൽകിയിട്ടുണ്ട്. ഹൈമാസ്റ്റ് ലൈറ്റുകളിൽ പോസ്റ്റിൽ കയറാതെ താഴെയിറക്കി ലൈറ്റുകൾ മെയിന്റനൻസ് നടത്തി സ്ഥാപിക്കാവുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസും ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസും തികച്ചും വ്യത്യസ്തമായ രീതിയിൽ ചെയ്യുന്ന ജോലിയായിട്ടും ഒരേ നിരക്ക് നൽകിയതിന്റെ കാരണം വ്യക്തമല്ല.

4). 2020-21 കാലയളവിലെ I & Part Bill പ്രകാരം തുക അനുവദിച്ചപ്പോൾ മാത്രമാണ് കേടുപാടുകൾ സംഭവിച്ച് ഉപയോഗശൂന്യമായി തിരികെ ലഭിച്ച സാധനങ്ങളുടെ ഇനം തിരിച്ചുള്ള എണ്ണം രേഖപ്പെടുത്തി, കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള ബില്ലുകൾ അനുവദിച്ചപ്പോൾ തിരികെ ലഭിച്ച സാധനങ്ങളുടെ എണ്ണം രേഖപ്പെടുത്തി, കണ്ട് ബോധ്യപ്പെട്ടതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതിനാൽതന്നെ കേടുവന്ന സാധനങ്ങളുടെ എണ്ണവും മാറ്റി സ്ഥാപിച്ച സാധനങ്ങളുടെ എണ്ണവും പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇവ പൊരുത്തപ്പെടുന്നുണ്ടോയെന്ന് ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഫയലിൽ രേഖപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

6). പ്രോജക്റ്റ് നമ്പർ 89/2021-22- വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ ആലുവ നഗരസഭ പദ്ധതി 2020-21 , പ്രോജക്റ്റ് നമ്പർ 96/2021-22 -വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണികൾ ആലുവ നഗരസഭ പദ്ധതി 2020-21 – എന്ന പേരിലുള്ള രണ്ട് പ്രോജക്റ്റുകളാണ് 2021-22 ൽ നഗരസഭയിൽ നടപ്പാക്കിയിരിക്കുന്നത്. സൂചന ഫയലുകൾ പരിശോധിക്കുമ്പോൾ സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനും മെയിന്റനൻസ് ജോലികൾ

നിർവ്വഹിച്ച കരാറുകാരന് തുക നൽകുന്നതിനും മേല്പറഞ്ഞ പ്രോജക്ടുകളിൽ നിന്നും തുക ചെലവഴിച്ചതായി കാണാൻ സാധിക്കുന്നുണ്ട്. എന്നാൽ ഓരോ ചെലവും ഏത് പ്രോജക്റ്റിൽ നിന്നും നിർവ്വഹിച്ചതാണെന്ന് മനസ്സിലാക്കാൻ സാധിക്കാത്ത രീതിയിലാണ് ഫയൽ കൈകാര്യം ചെയ്തിരിക്കുന്നത്.

മേല്പറഞ്ഞ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 07/M2/2021-22 തീയതി 06.12.2022 നുള്ള മറുപടിയിൽ വിളക്കുകൾ ഇളക്കുന്നതിനും പുന:സ്ഥാപിക്കുന്നതിനും കിഫ്ബി KSEB ക്ക് 500/- രൂപ കയറ്റിറക്ക് നിരക്ക് അനുവദിച്ചതായും വിശദീകരിക്കുന്നുണ്ട്. ഇത് നിലാവ് പദ്ധതിക്ക് ബാധകമാണോ എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച ഉത്തരവ് ഹാജരാക്കിയിട്ടില്ല. ഇഷ്യൂ ചെയ്തതും ഇൻസ്റ്റാൾ ചെയ്തതുമായ സാധനങ്ങളുടെ എണ്ണത്തിലെ വ്യത്യാസത്തിന് വ്യക്തമായ വിശദീകരണം നൽകിയിട്ടില്ല.

1-26 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - അധികം നൽകിയ 12600/-രൂപ നിരാകരിക്കുന്നു.

പ്രോജക്റ്റ് നമ്പർ 89/2021-22(SO), പ്രോജക്റ്റ് നമ്പർ 96/2021-22 (SO), ഫയൽ നമ്പർ - E1/7744/20, E13070/21

നഗരസഭാ പരിധിയിലെ സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ് കരാറിന്റെ കാലാവധി 24.07.2020 ൽ അവസാനിച്ചതിനേത്തുടർന്ന് പുതുക്കിയ ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ കരാർ തുകയായ 350/- രൂപ നിരക്കിൽ 2019-20 ലെ കരാറുകാരന് തന്നെ കരാർ ഉറപ്പിച്ചു നൽകുകയായിരുന്നു. ഇതിൻ പ്രകാരം Agmt. No. 02/Sec/2020-21 കരാർ 04.11.2020 ലാണ് നിലവിൽ വന്നത്. മെയിന്റനൻസിന് ആവശ്യമായ സാധനങ്ങൾ നഗരസഭ നേരിട്ട് വാങ്ങുകയും മെയിന്റനൻസ് ഏറ്റെടുത്തിരിക്കുന്ന വ്യക്തിക്ക് ആവശ്യാനുസരണം വിതരണം നടത്തുകയും ചെയ്യുന്നു. മെയിന്റനൻസ് നടത്തിയ 361 പോസ്റ്റുകളിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെടുന്ന 36 LED ബൾബുകൾ ഉൾപ്പെടുന്നതായും ഇതിൻ പ്രകാരം KSEB യിൽ നിന്നും 36 LED ബൾബുകൾ ലഭിച്ചതായും 09.08.2021 ൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ.ഉ.(കൈ) നം. 202/2020 /ത.സ്വ.ഭ.വ തീയതി 25.12.2020പ്രകാരം നിലാവ് പദ്ധതി പ്രകാരം സ്ഥാപിക്കുന്ന LED ബൾബുകളുടെ കാലാവധി 7 വർഷമായിരിക്കുമെന്നും വാറന്റി കാലാവധിക്കുള്ളിൽ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച LED ബൾബുകളിൽ കേടാകുന്നവ സൗജന്യമായി EESL പുന:സ്ഥാപിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. സർക്കുലർ നമ്പർ EWB.1/101/2020/ത.സ്വ.ഭ.വ

തീയതി 26.10.2022 പ്രകാരം വാറണ്ടി കാലയളവിൽ EESL ലഭ്യമാക്കുന്ന ബഫർ സ്റ്റോക്ക് ഉപയോഗിച്ച് മാറ്റി സ്ഥാപിക്കുന്നതിനുള്ള ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടെങ്കിലും മേല്പറഞ്ഞ കരാർ കാലാവധിയിൽ നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം വാറണ്ടി കാലാവധിയിൽ കേടാകുന്ന LED ബൾബുകൾ EESL ആണ് പുനസ്ഥാപിക്കേണ്ടത്. ഈ സാഹചര്യത്തിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെടുന്നതും വാറണ്ടി കാലയളവിൽ കേടായതുമായ 36 ബൾബുകൾ മാറ്റി സ്ഥാപിച്ചതിന് കരാറുകാരന് 350/- രൂപ നിരക്ക് അനുവദിച്ചത് അംഗീകരിക്കാനാകില്ല. (ഖണ്ഡിക 3-3 കാണുക)

1-27 ജനറൽ മാർക്കറ്റ് നിർമ്മാണം അനന്തമായി നീളുന്നു

ഫയൽ നമ്പർ - ഇ1 – 9173/12 , ഇ1 – 5268/07 വാല്യം I, II, III

ആലുവ നഗരസഭയിലെ ജനറൽ മാർക്കറ്റ് പുതുക്കി പണിയുന്നതിലേക്കായി പഴയ കെട്ടിടം പൊളിച്ചുനീക്കിയിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.06.2013 ലെ കത്ത് പ്രകാരം ഈ വേലക്ക് 9.44 കോടി രൂപയുടെ സാങ്കേതികാനുമതിയാണ് നൽകിയിരുന്നത്. 5 കോടി രൂപ KURDFC വായ്പയും ബാക്കി 4.44കോടി രൂപ നഗരസഭ കണ്ടെത്തേണ്ടതുമാണ്. ഈ തുക പ്രധാനമായും വ്യാപാരികളിൽ നിന്നുള്ള നിക്ഷേപത്തിൽ നിന്നും കണ്ടെത്തണമെന്നാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നത്. പുതിയ മാർക്കറ്റ് കെട്ടിടം നിർമ്മിക്കുന്നതിലേക്കായി നിലവിലുണ്ടായിരുന്ന വ്യാപാരികളെ താൽക്കാലിക ഷെഡുകളിൽ പുനരധിവസിപ്പിച്ചിരിക്കുകയാണ്. പുതിയ കെട്ടിടത്തിൽ റൂമുകളും സ്റ്റാളുകളും നൽകുന്നതിന് റൂമിന് 4.5 ലക്ഷം രൂപയും സ്റ്റാളിന് 2.5 ലക്ഷം രൂപയുമാണ് നിക്ഷേപമായി നിശ്ചയിച്ചത്. ഇത് മൂന്ന് തുല്യ ഗഡുക്കളായാണ് ഒടുക്കേണ്ടത്. നഗരസഭാ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ജനറൽ മാർക്കറ്റ് പുതുക്കി നിർമ്മിക്കുന്നതിനായി 77 വ്യാപാരികളിൽ നിന്നും 88.50 ലക്ഷം രൂപ 2014 ജൂലൈ മാസത്തിൽ നിക്ഷേപമായി സ്വീകരിച്ചിരുന്നു. ഈ തുക 26.12.2017 വരെ SBI യുടെ ആലുവ റെയിൽവേ സ്റ്റേഷൻ റോഡ് ബ്രാഞ്ചിലെ 67111918317 അക്കൗണ്ടിലും തുടർന്ന് പഞ്ചാബ് നാഷണൽ ബാങ്കിലെ Escrow A/C No.49823 ലുമാണ് നിക്ഷേപിച്ചിരുന്നത്. 2021-22 വാർഷിക കണക്ക് പ്രകാരം ഈ അക്കൗണ്ടിലെ 31.03.2022 ലെ നീക്കിയിരിപ്പ് 2,28,536/- രൂപയാണ്. ജനറൽ മാർക്കറ്റ് നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നിരിക്കെ വ്യാപാരികളിൽ നിന്നും സ്വീകരിച്ച നിക്ഷേപം നഗരസഭയുടെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിച്ചു എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. 2013 ലെ എസ്റ്റിമേറ്റ് പ്രകാരം 9.44 കോടി രൂപയുടെ

സാങ്കേതിക അനുമതി ലഭിച്ച പദ്ധതിയുടെ നടത്തിപ്പിന് 5 കോടി രൂപ ലോൺ തുക കഴിച്ച് 4.44 കോടി രൂപ നഗരസഭ സ്വന്തമായി കണ്ടെത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഈയൊരു സാഹചര്യത്തിലാണ് വ്യാപാരികളിൽ നിന്നുള്ള നിക്ഷേപം നഗരസഭയുടെ മറ്റ് ആവശ്യങ്ങൾക്കായി ചെലവഴിച്ചിരിക്കുന്നത്. 10 വർഷങ്ങൾക്ക് മുമ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 9.44 കോടി രൂപ നിർമ്മാണ ചെലവ് കണക്കാക്കിയ ജനറൽ മാർക്കറ്റിന്റെ നിർമ്മാണ ചെലവിൽ നിലവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുമെന്ന് ഉറപ്പാണ്. ഈ സാഹചര്യത്തിൽ ജനറൽ മാർക്കറ്റ് നിർമ്മാണത്തിന്റെ നിലവിലിലെ സാഹചര്യം എന്താണെന്നും മാർക്കറ്റ് നിർമ്മാണത്തിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയോ എന്നും മാർക്കറ്റ് നിർമ്മാണത്തിന് ആവശ്യമായ തുക ഏത് രീതിയിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/M2/2021-22 തീയതി 28.03.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-28 സാമൂഹ്യ സുരക്ഷ പെൻഷൻ - സൂക്ഷ്മ പരിശോധന കാര്യക്ഷമമല്ല

നഗരസഭയിൽ സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകളുടെ പരിശോധനയിൽ സൂക്ഷ്മത കാണിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടു. അപേക്ഷകളോടൊപ്പം ഹാജരാക്കിയിരിക്കുന്ന രേഖകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല എന്നിരിക്കെ ഇവയുടെ സൂക്ഷ്മ പരിശോധന ശരിയായ രീതിയിൽ നിർവ്വഹിച്ച് ആധികാരികത ഉറപ്പുവരുത്താൻ ശ്രമിച്ചിട്ടില്ല. വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റാണ് കുടുബത്തിന്റെ വാർഷിക വരുമാനം കണക്കാക്കുന്നതിനുള്ള ആധികാരിക രേഖയെങ്കിലും റേഷൻ കാർഡിലെ വരുമാനം ഇതിലും 3 മടങ്ങ് അധികരിച്ചതായിട്ടും അപേക്ഷയിലെ പരിശോധനാ റിപ്പോർട്ടിൽ ഇത് സംബന്ധിച്ച പരാമർശമൊന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ അപേക്ഷകളോടൊപ്പം ഹാജരാക്കുന്ന രേഖകളിൽ അസ്വാഭാവികതയുണ്ടായിട്ടും ഇവ സംബന്ധിച്ച് സൂക്ഷ്മ പരിശോധനാ റിപ്പോർട്ടിൽ പ്രതിപാദിക്കാതിരിക്കുകയും തുടർ നടപടികൾ രേഖപ്പെടുത്താതിരിക്കുകയും അന്വേഷണ ഉദ്യോഗസ്ഥന്റെ ശുപാർശ മറികടന്ന് പെൻഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1). വാർദ്ധക്യ പെൻഷനുവേണ്ടിയുള്ള 68 വയസ്സുള്ള ജമീല.എം.ബി, എളമന വീട്, ജി.സി.ഡി.എ ലെയിൻ, വാർഡ് - 3 എന്ന വീട്ടമ്മയുടെ അപേക്ഷയോടൊപ്പമുള്ള വരുമാന

സർട്ടിഫിക്കറ്റിൽ 96000/- രൂപയാണ് കുടുംബത്തിന്റെ വാർഷിക വരുമാനം. എന്നാൽ ഇതേ വീട്ടമ്മ ഉടമയായുള്ള റേഷൻ കാർഡിൽ മാസവരുമാനം 32500/- രൂപയാണ്. അതായത് വാർഷിക വരുമാനം 390000/- രൂപയെന്ന് കണക്കാക്കാവുന്നതാണ്. വരുമാന സർട്ടിഫിക്കറ്റിനെ അടിസ്ഥാനപ്പെടുത്തി വാർദ്ധക്യ പെൻഷൻ അനുവദിക്കാവുന്നതാണെങ്കിലും രണ്ട് രേഖകളിലെയും വരുമാനത്തിന്റെ ഗണ്യമായ അന്തരത്തിന്റെ കാരണം പരിശോധനാ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടില്ല. മാത്രവുമല്ല ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിൽ 'ടിയാന് വരുമാനം ഒരു ലക്ഷം രൂപയിൽ കൂടുതലായതിനാൽ OAP ക്ക് അർഹതയില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു' എന്ന് എഴുതിയ ശേഷം 'ടിയാന് വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായതിനാൽ OAP ക്ക് അർഹതയുള്ള ആളാണ് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു' എന്ന് തിരുത്തുകയായിരുന്നു.

2). കൃഷ്ണകുമാർ.കെ.സി, ഗോൾഡൻ ആപ്പിൾ അപ്പാർട്ട്മെന്റ്സ്, തോട്ടക്കാട്ടുകര, വീട്ട് നമ്പർ IV/253 എന്ന വ്യക്തിയുടെ വാർദ്ധക്യ പെൻഷനുവേണ്ടിയുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന റേഷൻ കാർഡ് പ്രകാരം ഇയാൾ നോർത്ത് പറവൂർ മുനിസിപ്പാലിറ്റി, വീട്ട് നമ്പർ - III/388 ലെ താമസക്കാരനാണ്. അപേക്ഷകന്റെ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം ഇദ്ദേഹത്തിന്റെ താമസസ്ഥലം ആലങ്ങാട് പഞ്ചായത്താണ്. അപേക്ഷയും അനുബന്ധ രേഖകളും പ്രകാരം അപേക്ഷകൻ ആലുവ നഗരസഭ, N.പറവൂർ നഗരസഭ, ആലങ്ങാട് ഗ്രാമപഞ്ചായത്ത് എന്നീ മൂന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ താമസക്കാരനാണെന്ന് കാണുമ്പോഴും ഇത് സംബന്ധിച്ച് വിശദീകരണമൊന്നും പരിശോധനാ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

3). ഷംസുദ്ദീൻ.പി.എം, പുത്തൻവീട്ടിൽ, കെട്ടിട നമ്പർ - XXIV/338 എന്നയാളും ഭാര്യ സുഹൈറയും വാർദ്ധക്യകാല പെൻഷന് അപേക്ഷിച്ചിട്ടുണ്ട്. ഇരുവരുടേയും അപേക്ഷയോടൊപ്പം നൽകിയിരിക്കുന്ന വരുമാന സർട്ടിഫിക്കറ്റിൽ യഥാക്രമം 24000/- രൂപ, 30000/- രൂപ എന്നിങ്ങനെയാണ് വരുമാനം രേഖപ്പെടുത്തിയിരിക്കുന്നത്. ഇവരുടെ റേഷൻ കാർഡ് പ്രകാരം 16000/- രൂപയാണ് പ്രതിമാസ വരുമാനം, അതായത് വാർഷിക വരുമാനം 192000/- രൂപയെന്ന് കണക്കാക്കാം. റേഷൻ കാർഡ് പ്രകാരം അപേക്ഷകനായ ഷംസുദ്ദീന് 1000/- രൂപയും മകന് 15000/- രൂപയും കച്ചവടത്തിലൂടെ വരുമാനമുണ്ട്. വിവാഹിതരായ

മക്കളുടെ വരുമാനം പരിഗണിക്കേണ്ടതില്ല എന്ന ഉത്തരവ് നിലവിലുണ്ടെങ്കിലും പിതാവിനും മകനും കച്ചവടത്തിലൂടെ വരുമാനമുണ്ടെന്ന് അവകാശപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഇത് വ്യത്യസ്ത കച്ചവടമാണോ ഒരേ കച്ചവടമാണോ എന്ന് പരിശോധിക്കേണ്ടതായിരുന്നു. എന്നാൽ ഇത്തരത്തിൽ പരിശോധന നടത്തിയതായി കാണുന്നില്ല.

4). ശ്രീമതി. വിമല ആർ നായർ, വാഴക്കുളത്ത് വീട്, വീട്ട് നമ്പർ - XXVI/59 എന്ന വാർദ്ധക്യ കാല പെൻഷൻ അപേക്ഷകയുടെ വില്ലേജിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 48000/- രൂപയാണ് വാർഷിക വരുമാനം. റേഷൻ കാർഡിൽ ടി അപേക്ഷകയുടെ മകന് 25000/- രൂപയും ഭർത്താവിന് 922/- (EPF പെൻഷൻ) രൂപയും പ്രതിമാസ വരുമാനമുണ്ട്. മകൻ വിവാഹിതനാണോ എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിൽ പ്രത്യേക പരാമർശമൊന്നും രേഖപ്പെടുത്തിയിട്ടില്ല.

5). ശ്രീ. കുഞ്ഞുമോൻ.കെ.ജെ, ശ്രീമതി. മെറ്റി കുഞ്ഞുമോൻ, കാട്ടയത്ത് വീട്, വീട്ട് നമ്പർ XXIX/154 എന്നിവരുടെ (ഭർത്താവ്, ഭാര്യ) അപേക്ഷകളിൽ വരുമാന സർട്ടിഫിക്കറ്റുകൾ പ്രകാരം യഥാക്രമം 72000/- രൂപ, 60000/- വാർഷിക വരുമാനവും റേഷൻ കാർഡ് പ്രകാരം 33023/- രൂപ പ്രതിമാസ വരുമാനവുമുണ്ട്. വാർഷിക വരുമാനം കൂടുതലായതിനാൽ അപേക്ഷ നിരസിക്കാവുന്നതാണെന്ന് RI റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാൻ നൽകിയ അപേക്ഷയുടേയും വാർഡ് മെമ്പറുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ പുനരന്വേഷണത്തിന് നിർദ്ദേശിച്ചിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി നിരസിച്ച അപേക്ഷയാണെന്നും വരുമാന സർട്ടിഫിക്കറ്റ് പ്രകാരം വരുമാനം യഥാക്രമം 72000/-, 60000/- രൂപയാണെന്നും ഉത്തരവിനായി സമർപ്പിക്കുന്നതായും ചീഫ് അക്കൗണ്ടന്റ് നോട്ട് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീടുള്ള നടപടികൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ പാസ്സാക്കിയതായോ തള്ളിയതായോ കാണുന്നില്ല.

6). ശ്രീമതി. കുസുമം ടോമി, തേക്കാനത്ത് ഹൗസ്, വീട്ട് നമ്പർ - XX/75എന്നയാളുടെ വിധവ പെൻഷനുവേണ്ടിയുള്ള അപേക്ഷയിൽ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 96000/- രൂപയാണ് വാർഷിക വരുമാനം. ഇവരുടെ റേഷൻ കാർഡ് പ്രകാരം കുടുംബത്തിന്റെ പ്രതിമാസ വരുമാനം 18500/- രൂപയാണ്. മരണപ്പെട്ട ഭർത്താവിന്റെ 1500/- രൂപ വരുമാനം ഒഴിവാക്കിയാലും 17000/- പ്രതിമാസ വരുമാനമുണ്ട്. അതായത് 204000/- രൂപ വാർഷിക വരുമാനം

കണക്കാക്കാം. കൂടാതെ ICDS സൂപ്പർവൈസറുടെ അന്വഷണ റിപ്പോർട്ടിൽ ടീയാരിയുടെ വീട്ടിൽ AC ഉള്ളതായും അപേക്ഷ നിരസിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 21.01.2022 ലെ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ടിയാരിയുടെ അപേക്ഷ അനുവദിച്ച് പെൻഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

7). ശ്രീമതി. മാർഗരറ്റ്.പി.എക്സ്, W/o കെ.ജെ.ഫിലിപ്പ്, കുരുശിങ്കൽ, വീട്ട് നമ്പർ XXVII/101 എന്നയാളുടെ വിധവാ പെൻഷനുവേണ്ടിയുള്ള അപേക്ഷയോപ്പം സമർപ്പിച്ചിരിക്കുന്ന റേഷൻ കാർഡിൽ അപേക്ഷകയോ മരണപ്പെട്ട ഭർത്താവോ ഉൾപ്പെടുന്നില്ല. എന്നിരുന്നാലും ഇത് സംബന്ധിച്ച് അന്വേഷണ റിപ്പോർട്ടിൽ പ്രത്യേകം പരാമർശിച്ചിട്ടില്ല.

മേല്പറഞ്ഞ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/M2/2021-22 തീയതി 21.03.2023 നുള്ള 29.03.2023 തീയതിയിലെ മറുപടിയിൽ മേല്പറഞ്ഞ അപേക്ഷകളിലെ അന്വേഷണ ഉദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കേണ്ടതിനാൽ 7 ദിവസത്തെ സാവകാശം ആവശ്യപ്പെട്ടിരുന്നു. തുടർന്ന് 11.04.2023 തീയതിയിൽ ലഭ്യമാക്കിയിരിക്കുന്ന മറുപടിയോടൊപ്പം റവന്യൂ ഇൻസ്പെക്ടർ, റിട്ടയേർഡ് സൂപ്രണ്ട്, ICDS സൂപ്പർവൈസർ എന്നിവർ ലഭ്യമാക്കിയ മറുപടികളാണ് ഹാജരാക്കിയിരിക്കുന്നത്. ഇതിൽ ക്രമ നമ്പർ 2, 7 എന്നിവക്കുള്ള മറുപടികൾ തൃപ്തികരമാണെങ്കിലും അപേക്ഷയിന്മേൽ പരിശോധന നടത്തി യഥാസമയം ഫയലിൽ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. അപേക്ഷ പരിശോധിക്കുമ്പോൾ തന്നെ വിശദമായ പരിശോധനാ റിപ്പോർട്ട് ഉള്ളടക്കം ചെയ്യേണ്ടതും തീരുമാനം അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുമാണ്.

പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടതായി പ്രാദേശിക സർക്കാർ അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പെൻഷൻ റദ്ദ് ചെയ്യേണ്ടതാണെന്ന് സർക്കാർ നിർദ്ദേശമുള്ളതാണ്. ആലുവ നഗരസഭയിൽ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുന്നത് റിപ്പോർട്ട് ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം എന്തെന്നും പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ മരണം നഗരസഭയിൽ അറിയുന്നതിനുള്ള സംവിധാനമെന്തെന്നും വിശദീകരിക്കാൻ ആവശ്യപ്പെട്ടിരുന്നു. കൂടാതെ വാഹന രജിസ്ട്രേഷൻ, മരണ രജിസ്ട്രേഷൻ വിവരങ്ങൾ ഇൻഫോർമേഷൻ കേരള മിഷൻ മുഖാന്തരം ലഭ്യമാക്കി, പ്രദേശിക തലത്തിൽ അന്വേഷണം നടത്തി അനർഹരായ

ഗുണഭോക്താക്കളെ ഒഴിവാക്കാവുന്നതാണ്. ഇത്തരത്തിൽ എന്തെങ്കിലും മാർഗത്തിലൂടെ ഓൺലൈൻ രജിസ്ട്രേഷൻ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന നടക്കുന്നുണ്ടോ എന്നും വ്യക്തമല്ല.

1-29 PMAY-ലൈഫ് പദ്ധതി പണി പൂർത്തിയാക്കിയിട്ടില്ല

PMAY – ലൈഫ് പദ്ധതി പ്രകാരം ഗുണഭോക്താവ് ഭവനനിർമ്മാണത്തിനുള്ള എഗ്രിമെന്റ് വച്ച് ഒരു വർഷത്തിനുള്ളിൽ വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ 2019 – ൽ ആരംഭിച്ച വീടുനിർമ്മാണം പോലും നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല എന്നു കാണുന്നു.

1). ശ്രീ. റ്റി.സി. വെങ്കിടാചലം 30.05.2019 -ൽ 40,000/- രൂപയും 28.06.2021 -ൽ 1,60,000/- രൂപയും കൈപ്പറ്റിയിട്ടുണ്ട്. നാളിതുവരെ പണി പൂർത്തിയാക്കി 3, 4 ഗഡു തുക കൈപ്പറ്റിയിട്ടില്ല. (2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക – 1-43. III)

2). DPR IV- രാധാശിവൻ 26.03.2022 -ൽ ആദ്യ ഗഡു 40,000/- രൂപ കൈപ്പറ്റിയതിനുശേഷം നാളിതുവരെ പണി പൂർത്തിയാക്കുകയോ അടുത്ത 3 ഗഡു തുക കൈപ്പറ്റുകയോ ചെയ്തിട്ടില്ല.

3). ജമീല റ്റി.എം.- 29.12.2020 -ൽ 40,000/- രൂപയും 08.02.2021 -ൽ 1,60,000/- രൂപയും 26.03.2021 -ൽ 1,60,000/- രൂപയും കൈപ്പറ്റിയിട്ടുണ്ട്. നാളിതുവരെ വീടുപണി പൂർത്തിയാക്കി അവസാനഗഡു തുക കൈപ്പറ്റിയതായി കാണുന്നില്ല.

4). വിൻസി ടോമി - 23.03.2021 – ൽ 40,000/- രൂപ 26.08.2021 -ൽ 1,60,000/- 27.12.2021- ൽ 1,60,000/- രൂപ കൈപ്പറ്റിയിട്ടും നാളിതുവരെ പണി പൂർത്തിയാക്കി അവസാനഗഡു തുക കൈപ്പറ്റിയിട്ടില്ല.

5). പുഷ്പലത - 01.03.2021 -ൽ 40,000/- രൂപ , 10.06.2021- 1,60,000/- , 22.10.2021 -ൽ 1,60,000/-, ആകെ 3,60,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. നാളിതുവരെ പണി പൂർത്തിയാക്കി അവസാനഗഡു തുക കൈപ്പറ്റിയിട്ടില്ല.

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ വീടുപണി പൂർത്തിയാക്കി അവസാനഗഡു തുക കൈപ്പറ്റാത്തതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/AO/2021-22/07.02.2023 നുള്ള മറുപടിയിൽ ക്രമ നം. 1 ഗുണഭോക്താവ് ആരോഗ്യസ്ഥിതി മോശമായതിനാൽ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് സാവകാശം

ആവശ്യപ്പെട്ടിട്ടുള്ളതായും ക്രമ നം. 2 ഗുണഭോക്താവ് ഭൂമി സംബന്ധിച്ച അവകാശ തർക്കം മൂലം ഭവനനിർമ്മാണം നടത്താൻ സാധിക്കുന്നില്ലെന്നും വിശദീകരിച്ചിട്ടുണ്ട്. കൂടാതെ ക്രമ നം 3, 4, 5 ഗുണഭോക്താക്കൾക്ക് കേന്ദ്ര സംസ്ഥാന വിഹിതം ലഭിക്കാത്ത സാഹചര്യത്തിലാണ് 4 -ാം ഗഡു തുക നൽകാത്തതെന്നും വിശദീകരിച്ചിട്ടുണ്ട്.

1-30 അയ്യങ്കാളി നഗരതൊഴിലുറപ്പുപദ്ധതി കാര്യക്ഷമമല്ല. നിർവ്വഹണചെലവ് കൂടി- നഗരസഭാ ഫണ്ടിന് നഷ്ടം

ആലുവ നഗരസഭ അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | പലിശ | വരവ് | ആകെ | ഭരണചെലവ് | ഗുണഭോക്താക്കൾ | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 6,70,908 | 14,112 | 10,00,000 | 16,85,020 | 93,165 | 10,82,634 | 5,09,221 |

മുകളിൽ പറഞ്ഞ കണക്കുകളിൽ നിന്നും 2021-22 സാമ്പത്തിക വർഷം 10,82,634/- രൂപയുടെ തൊഴിലുറപ്പ് വേലകൾ മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കാം. നഗരകാര്യ ഡയറക്ടറുടെ 24.07.2019 DC 3-12310/2019 നം. പരിപത്രത്തിലൂടെ അയ്യൻകാളി തൊഴിലുറപ്പുപദ്ധതിയുടെ ഭരണനിർവ്വഹണ ചെലവ്, വിവിധ പദ്ധതികൾക്കായി ചെലവാക്കിയ തുകയുടെ 6 ശതമാനത്തിൽ അധികരിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഭരണനിർവ്വഹണചെലവ് 6 ശതമാനത്തിൽ അധികരിക്കുന്നപക്ഷം ആയത് നഗരസഭയുടെ തനതുഫണ്ടിൽനിന്നും ചെലവഴിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭയിൽ 2021-22 സാമ്പത്തികവർഷം അയ്യൻകാളി തൊഴിലുറപ്പുവേലകൾക്കായി 10,82,634/- രൂപയാണ് ചെലവഴിച്ചത്. 10,82,634/- രൂപയുടെ 6 ശതമാനമായ 64,958/- രൂപയായിരുന്നു ഭരണനിർവ്വഹണത്തിന് ചെലവഴിക്കാവുന്നത്. എന്നാൽ 93,165/- രൂപയാണ് ഭരണനിർവ്വഹണത്തിനായി ചെലവഴിച്ചത്. ഭരണനിർവ്വഹണചെലവുകൾക്കായി അധികമായി ചെലവഴിച്ച 28,207/- (93,165-64,958) രൂപ നഗരസഭയുടെ തനതുഫണ്ടിൽ നിന്നും തിരിച്ചടക്കേണ്ടതായി വരും.

തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കാത്തതാണ് മേൽപ്പറഞ്ഞ രീതിയിൽ തനതുഫണ്ടിൽനിന്നും തുക ചെലവാക്കുന്നതിന് കാരണമാകുന്നത്. 2021-22 സാമ്പത്തികവർഷം നഗരസഭയിൽ ആകെ 57 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ആകെ 144 പേരാണ് തൊഴിൽകാർഡ് പ്രകാരം നഗരസഭയിൽ

രജിസ്റ്റർ ചെയ്തിട്ടുള്ളത്. 2021-22 -ൽ 5,09,221/- രൂപ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന സാഹചര്യമാണുള്ളത്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് തൊഴിലുറപ്പ് പദ്ധതി ചെലവ് വർദ്ധിപ്പിച്ചും ഭരണനിർവ്വഹണ ചെലവ് നിയന്ത്രിച്ചും തനത് ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതായിരുന്നു. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 22/AO/2021-22/20.03.2023 -നുള്ള മറുപടിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ശരാശരി 20 തൊഴിലാളികൾ മാത്രമാണ് പ്രവൃത്തിക്ക് ഹാജരായിരുന്നതെന്നും 2021-22 സാമ്പത്തിക വർഷത്തിൽ അധികം ചെലവഴിച്ച 28,207/- രൂപയുള്ള പ്രവൃത്തികൾ കൂടി 2022-23 സാമ്പത്തിക വർഷത്തിൽ നിർവ്വഹിച്ചിട്ടുള്ളതായും ഫണ്ട് വരുന്ന മുറയ്ക്ക് പദ്ധതി കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ ഫയലുകൾ ഓഡിറ്റ് ചെയ്യാത്ത സാഹചര്യത്തിൽ മറുപടിയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ആയത് ഓഡിറ്റിന് വിധേയമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ നിർദ്ദേശിക്കുന്നതാണ്.

1-31 യാത്രാബത്ത ബില്ലിലെ അപാകതകൾ

ആലുവ നഗരസഭയിലെ ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും യാത്രാബത്ത ബില്ലുകൾ അനുവദിക്കുന്നതിലും നടപടി ക്രമങ്ങൾ പാലിക്കുന്നതിലും ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നതിലും അപാകതയുണ്ട്. യാത്രാപ്പടി ബില്ലുകൾ അനവദിക്കുന്നതിന് ഓഫീസ് മേധാവിക്കാണ് അധികാരമുള്ളത്. യാത്രാബില്ലുകൾ അനുവദിക്കുന്നതിന് ജീവനക്കാർ സമർപ്പിക്കുന്ന യാത്രാഡയറി അനിവാര്യമാണ്. കൂടാതെ ജീവനക്കാരന്റെ തസ്തിക, അടിസ്ഥാന ശമ്പളം, ശമ്പള സ്കെയിൽ എന്നിവ ബില്ലിൽ രേഖപ്പെടുത്തിയിരിക്കണം. യാത്ര നടത്തിയതായി ജീവനക്കാരൻ സാക്ഷ്യപ്പെടുത്തണം. നഗരസഭയിൽ നിന്നും അനുവദിച്ചിരിക്കുന്ന യാത്രാപ്പടിയുടെ ബില്ലുകളോടൊപ്പം യാത്രാഡയറി ഹാജരാക്കുകയോ യാത്രാപ്പടി ബില്ല് അനുവദിച്ച് സെക്രട്ടറി ഒപ്പു വയ്ക്കുകയോ ജീവനക്കാരന്റെ തസ്തിക, അടിസ്ഥാന ശമ്പളം, ശമ്പള സ്കെയിൽ എന്നീ വിവരങ്ങൾ ബില്ലിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ശരിയായ നടപടിക്രമങ്ങൾ പാലിച്ച് യാത്രാപ്പടി ബില്ലുകൾ തയ്യാറാക്കുന്നതിനും അനുവദിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-32 കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ - അപാകതകൾ

ആലുവ നഗരസഭയിൽ 2021-22 സാമ്പത്തിക വർഷത്തിൽ 8 പ്രോജക്ടുകളാണ് കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ചത്. ഇതിൽ 7 പ്രോജക്ടുകൾ പൂർണ്ണ അളവിൽ നടപ്പാക്കിയിട്ടുണ്ട്. കാർഷിക വിളകളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നഗരസഭക്കും ഇവ നടപ്പാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനും സാധിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഫയൽ സൂക്ഷിക്കുന്നതിനും അവ ശരിയായവിധം ഓഡിറ്റിൽ ഹാജരാക്കുന്നതിനും സാധിച്ചിട്ടില്ല. ഹജരാക്കിയ ബില്ലുകളും കൈപ്പറ്റുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

1). പ്രോജക്ട് നമ്പർ 46/22 – ഗ്രോ ബാഗ് പച്ചക്കറി കിറ്റ് വിതരണം പ്രോജക്ടിൽ 273000/- രൂപ പ്ലാൻ ഫണ്ടും 91000/- രൂപ ഗുണഭോക്തൃവിഹിതവുമാണ് വകയിരുത്തിയത്. 125 ഗുണഭോക്താക്കൾക്ക് 1500/- രൂപ വീതം സബ്സിഡി അനുവദിക്കുന്നതിലേക്കായി പ്ലാൻ ഫണ്ടിൽ നിന്നും ബിൽ നമ്പർ 55/04.12.2021 പ്രകാരം 187500/- രൂപ അത്താണി കേരള അഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിനും 57 ഗുണഭോക്താക്കൾക്ക് 1500/- രൂപ സബ്സിഡി അനുവദിക്കുന്നതിലേക്കായി ബിൽ നമ്പർ 190/22.03.2022 പ്രകാരം 85500/- രൂപ അഗ്രോ സർവ്വീസ് സെന്റർ, ആലങ്ങാടിനും നൽകിയിട്ടുണ്ട്. എന്നാൽ ഫയലിൽ കേരള അഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷന്റെ 250000/- രൂപയുടെ ബില്ലും 252625/- രൂപയുടെ കൈപ്പറ്റുമാണുള്ളത്. ഗുണഭോക്തൃ വിഹിതം നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. അഗ്രോ സർവ്വീസ് സെന്റർ, ആലങ്ങാടിന് 85500/- രൂപ നൽകിയതിന് അടിസ്ഥാനമായ ബില്ലോ കൈപ്പറ്റോ ഫയലിൽ കാണുന്നില്ല. ഗുണഭോക്തൃ വിഹിതം സ്വരൂപിച്ചതിന്റെയോ ചെലവഴിച്ചതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

2). പ്രോജക്ട് നമ്പർ 106/22 (SO) - ഗ്രോ ബാഗ് പച്ചക്കറി കിറ്റ് വിതരണം പ്രോജക്ടിൽ 331075/- രൂപ പ്ലാൻ ഫണ്ടും 110500/- രൂപ ഗുണഭോക്തൃവിഹിതവുമാണ് വകയിരുത്തിയത്. 2020-21 -ൽ ചെലവഴിച്ച 187500/- രൂപ കഴിച്ച് പ്ലാൻ ഫണ്ടിൽ ബാക്കിയുണ്ടായിരുന്ന 143575/- രൂപയിൽ നിന്നും 95 ഗുണഭോക്താക്കൾക്ക് 1500/- രൂപ നിരക്കിൽ സബ്സിഡിയായി 142500/- രൂപ ബിൽ നമ്പർ 163/14.03.2022 പ്രകാരം അഗ്രോ സർവ്വീസ് സെന്റർ, ആലങ്ങാടിന് നൽകിയിട്ടുണ്ട്. എന്നാൽ അഗ്രോ സർവ്വീസ് സെന്റർ, ആലങ്ങാടിന്റെ

190000/- രൂപയുടെ ബില്ലും 76000/- രൂപയുടെ കൈപ്പറ്റുമാണ് ഫയലിൽ കാണുന്നത്. ഗുണഭോക്തൃ വിഹിതം സ്വരൂപിച്ചതിന്റെയോ ചെലവഴിച്ചതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3). പ്രോജക്റ്റ് നമ്പർ 111/22 (SO) – 170000/- രൂപ വകയിരുത്തിയ ഫലവൃക്ഷത്തൈ പച്ചക്കറി വിത്ത് വിതരണം പ്രോജക്റ്റിൽ 2020-21 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച 113381/- രൂപ കഴിച്ച് 56619/- രൂപയാണ് പ്ലാൻ ഫണ്ടാണ് ബാക്കിയുണ്ടായിരുന്നത്. ഇതിൽ നിന്നും 56500/- രൂപ ബിൽ നമ്പർ 63/18.12.2021 പ്രകാരം കേരള അഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ കേരള അഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 84750/- രൂപയുടെ ബില്ലും 252625/- (ക്രമ നമ്പർ 1 ൽ പറയുന്നതിന്റെ പകർപ്പ്) രൂപയുടെ കൈപ്പറ്റുമാണ് ഫയലിൽ കാണുന്നത്.

4). പ്രോജക്റ്റ് നമ്പർ 105/22 (SO) – 50000/- പ്ലാൻ ഫണ്ടും 20000/- രൂപ ഗുണഭോക്തൃവിഹിതവും വകയിരുത്തിയ തെങ്ങിന് ജൈവവള വിതരണം പ്രോജക്റ്റിൽ 2020-21 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച 28875/- രൂപ കഴിച്ച് പ്ലാൻ ഫണ്ട് 21125/- രൂപയും 20000/- രൂപ ഗുണഭോക്തൃവിഹിതവുമാണ് 2021-22 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാൻ ബാക്കിയുണ്ടായിരുന്നത്. 21 ഗുണഭോക്താക്കൾക്കായി കിലോയ്ക്ക് 25/- രൂപ നിരക്കിൽ 845 കിലോഗ്രാം ജൈവവളം വിതരണം ചെയ്തതിലേക്കായി പ്ലാൻ ഫണ്ടിൽ നിന്നും സബ്സിഡിയായി 21125/- രൂപ ബിൽ നമ്പർ 65/18.12.2021 പ്രകാരം കേരള അഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ കേരള അഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 42250/- രൂപയുടെ ബില്ലും 252625/- (ക്രമ നമ്പർ 1 ൽ പറയുന്നതിന്റെ പകർപ്പ്) രൂപയുടെ കൈപ്പറ്റുമാണ് ഫയലിൽ കാണുന്നത്. കൂടാതെ ഗുണഭോക്തൃ വിഹിതം സ്വരൂപിച്ചതിന്റെയോ ചെലവഴിച്ചതിന്റെയോ വിവരങ്ങൾ ലഭ്യമല്ല.

മേൽപ്പറഞ്ഞ പ്രോജക്റ്റുകളിലെ ഗുണഭോക്തൃ വിഹിതം കളക്റ്റ് ചെയ്തതിന്റെ രസീത്, കളക്ഷൻ രജിസ്റ്റർ, ഈ തുക ചെലവ് ചെയ്തതിന്റെ രേഖകൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/M2/2021-22 തീയതി 14.02.2023 നുള്ള മറുപടിയിൽ പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടുള്ളതായും കൈപ്പറ്റുകൾ പലതും ഒരുമിച്ചുള്ളതാണെന്നും വിശദീകരിക്കുന്നുണ്ടെങ്കിലും ഓഡിറ്റ്

എൻക്വയറിയിൽ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിനോ ആയത് വ്യക്തമായി വിശദീകരിക്കുന്നതിനോ സാധിച്ചിട്ടില്ല.

1-33 പെയിൻ & പാലിയേറ്റീവ് കെയർ പ്രോജക്ട് - പി.എം.സി മീറ്റിംഗ് സമയബന്ധിതമായി കൂടുന്നില്ല

പ്രോജക്ട് നം. S0071/22

ഗവ.ഹോസ്പിറ്റലിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആലുവ നഗരസഭയിൽ 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പ്രോജക്ടാണ് പാലിയേറ്റീവ് കെയർ പ്രോജക്റ്റ് (പ്രോജക്ട് നം. S0071/22). വികസന ഫണ്ട് (പൊതുവിഭാഗം) 13,00,000/- രൂപയും മെയിന്റനൻസ് ഫണ്ട് 1,66,800/- രൂപയുമാണ് പ്രോജക്ടിനായി വകയിരുത്തിയത്. 14,66,800/- രൂപ വകയിരുത്തിയ പ്രോജക്ടിൽ 14,66,799/- രൂപ ചെലവഴിച്ചിട്ടുണ്ട്. 07/03/2019 -ലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ - സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019 ഉത്തരവിലെ ഖണ്ഡിക 2-9-2 പ്രകാരം പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി 2 മാസത്തിലൊരിക്കൽ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തി പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമുള്ള തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്. 2021-22 സാമ്പത്തിക വർഷത്തെ പി.എം.സി. മീറ്റിംഗിന്റെ മിനിറ്റ്സ് ബുക്ക് ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഉത്തരവ് പാലിച്ച് പി.എം.സി മീറ്റിങ്ങുകൾ നടന്നോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 02/M2/2021-22 തീയതി 13.10.2022 നുള്ള മറുപടിയിൽ കോവിഡ് സാഹചര്യത്തിൽ സമയ പരിമിതിമൂലം മീറ്റിങ്ങ് കൂടാൻ സാധിച്ചില്ലന്നാണ് അറിയിച്ചത്. മുൻ വർഷത്തിലും ഇതേ കാരണത്താൽ മീറ്റിങ്ങ് കൂടിയിരുന്നില്ല. കോവിഡ് സാഹചര്യമായിരുന്നതും സമയ പരിമിതി എന്നതും പരിഗണിച്ചാലും ഓൺലൈനായിട്ടെങ്കിലും മീറ്റിങ്ങ് കൂടി പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തി പോരായ്മകൾ പരിഹരിക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത് കോവിഡ് സാഹചര്യത്തിൽ തികച്ചും അനിവാര്യമായിരുന്നു.

1-34 മുനിസിപ്പൽ കോമ്പൗണ്ടിലെ മരങ്ങൾ ക്രോപ്പ് ചെയ്തത് - നടപടിക്രമങ്ങളിലെ വീഴ്ച

ഫയൽ നമ്പർ H3/10411/21

നഗരസഭാ കോമ്പൗണ്ടിൽ നിൽക്കുന്ന വൃക്ഷങ്ങൾ വളർന്ന് ഉയരത്തിൽ നിൽക്കുന്നതിനാൽ ഒടിഞ്ഞ് വീണ് അപകടമുണ്ടാകുമെന്നതിനാൽ ഇവ ക്രോപ്പ് ചെയ്ത് നിർത്തുന്നതിന് നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെട്ട് 12.08.2021 ൽ ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി

ചെയർമാൻ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 17.11.2021 തീയതിയിലെ കൗൺസിൽ തീരുമാനം നമ്പർ 19 പ്രകാരമാണ് മരങ്ങൾ ക്രോപ്പ് ചെയ്യുന്നതിന് നടപടി ആരംഭിച്ചത്. 39 മരങ്ങൾ ക്രോപ്പ് ചെയ്യുന്നതിനും 3 മരങ്ങൾ മുറിച്ച് നീക്കുന്നതിനുമാണ് ആരോഗ്യ വിഭാഗം ശുപാർശ ചെയ്തത്. ആയതിന്റെ അടിസ്ഥാനത്തിൽ 23.09.2021 തീയതിയിലാണ് ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നത്. ഇത് സംബന്ധിച്ച സൂചന (2) ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നു.

1). ക്വട്ടേഷൻ നോട്ടീസ് നഗരസഭയിലെ ആരോഗ്യ വിഭാഗം സൂപ്രണ്ട് അംഗീകരിച്ചിരിക്കുന്നത് 23.09.2021 നാണ്. നഗരസഭ പ്രസിദ്ധീകരിച്ച ക്വട്ടേഷൻ നോട്ടീസിലെ തീയതിയും 23.09.2021 ആണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 05.10.2021 എന്നാണ് നോട്ടീസിൽ കാണിച്ചിരിക്കുന്നത്. നഗരസഭയിൽ ലഭിച്ച 5 ക്വട്ടേഷനുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ക്വട്ടേഷൻ നൽകിയ വ്യക്തി | ക്വട്ടേഷൻ സമർപ്പിച്ച തീയതി | ക്വട്ടേഷൻ തുക |
|---|---|---|---|
| 1 | ഹസ്സൻ | 27.08.2021 | 30,000.00 |
| 2 | ബഷീർ | 24.09.2021 | 10,000.00 |
| 3 | K.B.അലിയാർ,കാരക്കാട്ടിൽ | 20.09.2021 | 29,000.00 |
| 4 | ഹാരിസ്, കടവിലാൻ | 19.09.2021 | 37,000.00 |
| 5 | മുസ്തഫ, നമ്പിപ്പറമ്പിൽ | 19.09.2021 | 35,000.00 |

നഗരസഭയിൽ ലഭിച്ചിരിക്കുന്ന 5 ക്വട്ടേഷനുകളിൽ 4 എണ്ണവും ക്വട്ടേഷൻ പ്രസിദ്ധികരിച്ച 23.09.2021 തീയതിക്ക് മുമ്പുള്ള തീയതിയിലാണ് സമർപ്പിച്ചത് . ക്വട്ടേഷൻ നോട്ടീസ് തീയതിക്ക് മുമ്പ് അതായത് ക്വട്ടേഷൻ പ്രസിദ്ധപ്പെടുത്തുന്നതിന് മുമ്പ് 4 കരാറുകാർ ക്വട്ടേഷൻ സമർപ്പിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല.

2). ശ്രീ.ബഷീർ, നെടുങ്ങട്ടിൽ, നൊച്ചിമ എന്ന വ്യക്തിയാണ് മരങ്ങൾ മുറിച്ച് നീക്കുന്ന ജോലികൾ ചെയ്തത്. ഇയാൾക്ക് പ്രതിഫലമായി 10,000/- രൂപ നൽകിയിട്ടുണ്ട് (ചെക്ക് നമ്പർ - 893797 തീയതി 24.12.21). എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും ഇദ്ദേഹത്തിന് ടി പ്രവർത്തി നൽകിയിരിക്കുന്നത് ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ അല്ലായെന്നാണ് മനസ്സിലാകുന്നത്. ഇദ്ദേഹം നൽകിയിരിക്കുന്ന 24.09.2021 തീയതിയിലെ കത്തിൽ നഗരസഭാ കോമ്പൗണ്ടിൽ നിൽക്കുന്ന 4 ചെമ്പക മരങ്ങൾ താൻ വെട്ടിയെടുക്കുമെന്നും കൂടാതെ 10,000/- രൂപ തനിക്ക് തരാമെന്ന് മുനിസിപ്പാലിറ്റി പറഞ്ഞിട്ടുള്ളത് സമ്മതിച്ച് പണി ഏറ്റെടുത്തിരിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. അതായത് മരങ്ങൾ വെട്ടിമാറ്റുന്നതിനും

മുറിച്ചെടുക്കുന്നതിനും കൂടി 10,000/- രൂപ നൽകാമെന്ന ഓഫർ നഗരസഭ മുന്നോട്ട് വച്ചിരിക്കുകയാണ്. 10,000/- രൂപയുടെ ഓഫർ നഗരസഭ എന്ത് അടിസ്ഥാനത്തിൽ നൽകിയതെന്ന് വ്യക്തമല്ല.

3). ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയായ 05.10.2021 ന് മുമ്പ് 10,000/- രൂപ നൽകാമെന്ന ഓഫർ ടി കരാറുകാരന് നൽകിയതായാണ് 24.09.2021ലെ കരാറുകാരന്റെ കത്തിൽ നിന്നും മനസ്സിലാകുന്നത്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയായ 05.10.2021 ന് മുമ്പ് വേറെയും ക്വട്ടേഷൻ ലഭിക്കാമെന്നിരിക്കെ 24.09.2021 ന് നഗരസഭ 10,000 രൂപയുടെ ഓഫർ നൽകിയത് എന്തിനെന്ന് വ്യക്തമല്ല. ഇതിലൂടെ ക്വട്ടേഷൻ നടപടികളുടെ സാധുത തന്നെ നിലനിൽക്കുന്നതല്ലാതാക്കിയിരിക്കുന്നു.

4). നഗരസഭയുടെ ക്വട്ടേഷൻ നോട്ടീസിൽ അപകടരമായ വൃക്ഷങ്ങൾ മുറിച്ച് മാറ്റുന്നതിന് തയ്യാറുള്ളവരിൽ നിന്നാണ് ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നത്. ഇതിൻ പ്രകാരം ക്വട്ടേഷൻ നൽകിയിരിക്കുന്ന 5 വ്യക്തികളിൽ കരാർ ലഭിച്ച വ്യക്തി ഒഴികെയുള്ള 4 വ്യക്തികൾ മരം മുറിക്കുന്നതിനുള്ള ചാർജ്ജാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. എന്നാൽ കരാറേറ്റെടുത്ത്, പ്രവൃത്തി നിർവ്വഹിച്ച വ്യക്തി മാത്രമാണ് 4 ചെമ്പക മരങ്ങൾ വെട്ടിയെടുക്കുമെന്നും മുനിസിപ്പാലിറ്റി പറഞ്ഞിട്ടുള്ള 10,000/- രൂപക്ക് പണി ഏറ്റെടുക്കുന്നതെന്നും പറഞ്ഞിരിക്കുന്നത്. ക്വട്ടേഷൻ നോട്ടീസിൽ പറയാത്ത, 4 ചെമ്പക മരങ്ങൾ വെട്ടിയെടുക്കുമെന്നും നഗരസഭ തരാമെന്ന് പറഞ്ഞിട്ടുള്ള 10,000/- രൂപ അംഗീകരിച്ചും എന്ന വ്യവസ്ഥകളോടെ കരാറുകാരൻ ക്വട്ടേഷൻ നൽകിയത് എന്തുകൊണ്ടെന്ന് വ്യക്തമല്ല. ഇത് സ്വീകരിച്ചത് എങ്ങനെയെന്നും വ്യക്തമല്ല.

5). ചെമ്പക മരങ്ങളുടെ വാല്യുവേഷൻ നടത്തി മൂല്യം നിർണ്ണയിച്ചതായി കാണുന്നില്ല. മരങ്ങൾ വെട്ടിമാറ്റുമ്പോൾ വനം വകുപ്പിനെ അറിയിച്ച് മരങ്ങളുടെ വാല്യുവേഷൻ നടത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ വില്പന നടത്തേണ്ടതുമാണ്. എന്നാൽ നിയമ പ്രകാരമുള്ള വാല്യുവേഷൻ നടപടികൾ സ്വീകരിക്കാതെ മരങ്ങൾ വെട്ടിയിരിക്കുന്നത് നിലവിലുള്ള നിയമങ്ങളുടെയും കീഴ്‌വഴക്കങ്ങളുടെയും ലംഘനമാണ്.

6). കരാറുകാരന് 10,000/- രൂപയും ക്രോപ്പ് ചെയ്ത മരത്തിന്റെ ഭാഗവും വെട്ടിമാറ്റിയ 4 ചെമ്പകമരവുമാണ് നൽകിയിരിക്കുന്നത്. കരാറുകാരൻ വെട്ടിയെടുത്ത 4 ചെമ്പക മരങ്ങളുടെയും ക്രോപ്പ് ചെയ്ത മരത്തിന്റെ ഭാഗത്തിന്റെയും മൂല്യം നിർണ്ണയിക്കാതെ ക്വട്ടേഷൻ തുക

കണക്കാക്കാൻ സാധിക്കില്ലെന്നിരിക്കെ ലോവസ്റ്റ് ക്വട്ടേഷനായി പരിഗണിച്ച് കരാറുകാരനെ തെരഞ്ഞെടുത്തത് എങ്ങനെയെന്ന് വ്യക്തമല്ല.

മേല്പറഞ്ഞ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 07.01.2022 തീയതിയിലെ എൻക്വയറി നമ്പർ 04/M2/2020-2021/07.01.2022 നുള്ള മറുപടിയിൽ മരങ്ങൾ വളർന്ന് മതിലിന് വിള്ളൽ സംഭവിച്ച് അപകടാവസ്ഥയിലായിരുന്നെന്നും വെട്ടിയെടുത്ത ചെമ്പക മരങ്ങൾ വാല്യുവേഷൻ നടത്തി നഗരസഭാ പാർക്കിൽ സൂക്ഷിച്ചിട്ടുണ്ടെന്നും വിശദീകരിച്ചിരുന്നു. എന്നാൽ ഇക്കാര്യം നേരിട്ട് പരിശോധിക്കുന്നതിന് സൗകര്യമൊരുക്കണമെന്ന് ഫോൺ മുഖാന്തരവും കത്ത് മുഖേനയും ആവശ്യപ്പെട്ടെങ്കിലും ആയതിന് നടപടിയുണ്ടായിട്ടില്ല.

1-35 അഗതി രഹിത കേരളം - ഭക്ഷ്യവിതരണം - 38,166.00 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| 1). | സ.ഉ.(എം.എസ്)നം. 252/2017/ത.സ്വ.ഭ.വ തീയതി 12.12.2017 |
| 2). | ഫയൽ നമ്പർ - CDS – 11127/2018, CDS – 11127/2020 |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ആശ്രയ പദ്ധതിയുടെ ഏകീകൃത രൂപമെന്ന നിലയിൽ സൂചന (1) പ്രകാരം സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. നിലവിലുണ്ടായിരുന്ന ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരും തുടർന്നും സേവനം അർഹിക്കുന്നവരേയും ഉൾപ്പെടുത്തിയാണ് അഗതി രഹിത കേരളം പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിക്കായി കുടംബശ്രീ വഴി സംസ്ഥാന സർക്കാർ അനുവദിക്കുന്ന ചലഞ്ച് ഫണ്ടും അത് കഴിഞ്ഞുള്ള പദ്ധതി തുക മുഴുവനും നഗരസഭകൾ സ്വന്തമായും കണ്ടെത്തണം. അതിജീവനാവശ്യങ്ങളായ ഭക്ഷണം, ആരോഗ്യം, വസ്ത്രം, പെൻഷൻ, വിദ്യഭ്യാസം എന്നീ അവശ്യങ്ങൾക്കായി ഫണ്ട് ചെലവഴിക്കാവുന്നതാണ്. ഭക്ഷണം നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്ന അഗതി കുടുംബങ്ങൾക്ക് പൊതുവിതരണ സംവിധാനത്തിലൂടെ ലഭ്യമാകുന്ന സാധനങ്ങൾക്ക് പുറമെ പോഷകാഹാരക്കിറ്റും ലഭ്യമാക്കേണ്ടതാണ്. ഒരു അംഗത്തിന് പ്രതിമാസം 500 രൂപയും രണ്ട് അംഗങ്ങൾ ഉള്ള കുടുംബത്തിന് 700/- രൂപയും മൂന്നോ അതിൽ കൂടുതലോ അംഗങ്ങൾ ഉൾപ്പെട്ട കുടുംബത്തിന് 900/- രൂപയും വിനിയോഗിക്കാവുന്നതാണ്. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ (സപ്ലൈകോ) നിന്നാണ് ഭക്ഷ്യവസ്തുക്കൾ വാങ്ങിയിരിക്കുന്നത്. ആലുവ

നഗരസഭയിൽ 2019 ഫെബ്രുവരിയിൽ ആരംഭിച്ച ഭക്ഷ്യക്കിറ്റ് വിതരണ പദ്ധതിയിൽ 58 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. എന്നാൽ ആദ്യമാസം 55 ഗുണഭോക്താക്കളാണ് ഭക്ഷ്യക്കിറ്റ് കൈപ്പറ്റിയിരിക്കുന്നത്. 2019 ഫെബ്രുവരി മാസം മുതൽ 2022 മാർച്ച് മാസം വരെയുള്ള വിതരണ രജിസ്റ്ററിലെ വിവരങ്ങളും സപ്ലൈകോയിൽ നിന്നുള്ള ബില്ലുകളും പരിശോധിക്കുമ്പോൾ 2021 ഓഗസ്റ്റ് മാസം വരെ എല്ലാ മാസങ്ങളിലും ആവശ്യമുള്ളതിലധികം ഭക്ഷ്യവസ്തുക്കൾ സപ്ലൈകോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. (വിശദ വിവരത്തിന് ഖണ്ഡിക 3-2 കാണുക)

1-36 അഗതി രഹിത കേരളം - തുക കൈമാറുന്നതിൽ കാലതാമസം

നിലവിലുണ്ടായിരുന്ന ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരും തുടർന്നും സേവനം അർഹിക്കുന്നവരുമായ അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സ.ഉ.(എം.എസ്)നം. 252/2017/ത.സ്വ.ഭ.വ തീയതി 12.12.2017 പ്രകാരം സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. പദ്ധതിക്കായി കുടുംബശ്രീ വഴി സംസ്ഥാന സർക്കാർ അനുവദിക്കുന്ന ചലഞ്ച് ഫണ്ടും അത് കഴിഞ്ഞുള്ള പദ്ധതി തുക മുഴുവനും നഗരസഭകൾ സ്വന്തമായും കണ്ടെത്തണം. അതിജീവനാവശ്യങ്ങളായ ഭക്ഷണം, ആരോഗ്യം, വസ്ത്രം, പെൻഷൻ, വിദ്യഭ്യാസം എന്നീ അവശ്യങ്ങൾക്കായി ഫണ്ട് ചെലവഴിക്കാവുന്നതാണ്. ഭക്ഷണം നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്ന അഗതി കുടുംബങ്ങൾക്ക് പൊതുവിതരണ സംവിധാനത്തിലൂടെ ലഭ്യമാകുന്ന സാധനങ്ങൾക്ക് പുറമെ പോഷകാഹാരക്കിറ്റും ലഭ്യമാക്കേണ്ടതാണ്. ഒരു അംഗത്തിന് പ്രതിമാസം 500 രൂപയും രണ്ട് അംഗങ്ങൾ ഉള്ള കുടുംബത്തിന് 700/- രൂപയും മൂന്നോ അതിൽ കൂടുതലോ അംഗങ്ങൾ ഉൾപ്പെട്ട കുടുംബത്തിന് 900/- രൂപയും വിനിയോഗിക്കാവുന്നതാണ്. ആലുവ നഗരസഭയിൽ 2019 ഫെബ്രുവരിയിൽ ആരംഭിച്ച ഭക്ഷ്യക്കിറ്റ് വിതരണ പദ്ധതിയിൽ 58 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.10.2020 തീയതിയിലെ 7722/എൻ /2018/കെ.എസ്.എച്ച്.ഒ നമ്പർ സർക്കുലർ പ്രകാരം 2020-21 സാമ്പത്തിക വർഷത്തേക്കുള്ള അഗതി രഹിത കേരളം പദ്ധതിയുടെ രണ്ടാം ഗഡു തുക 8,08,845/- രൂപ നഗരസഭാ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് അയച്ചിരുന്നു. 28.10.2020 ൽ ഈ തുക നഗരസഭയുടെ SBI 3943 അക്കൗണ്ടിൽ തുക വരവ് വന്നിട്ടുള്ളതായി ഫയലിൽ ചീഫ് അക്കൗണ്ടന്റ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക സി.ഡി.എസ്സ് - ന്റെ അഗതി രഹിത കേരളം പദ്ധതി

അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് നടപടിയുണ്ടാകണമെന്ന് 03.11.2020 ൽ സി.ഡി.എസ് മെമ്പർ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ തുക സി.ഡി.എസ് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് കാലതാമസമുണ്ടായ സാഹചര്യത്തിൽ 15.10.2021 തീയതിയിൽ ആലുവ സി.ഡി.എസ് ചെയർപേഴ്സൺ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് കത്ത് നൽകിയതിനെതുടർന്ന് 21.12.2021 തീയതിയിലെ 5029/Asraya/2021/KSEKM നമ്പർ കത്ത് പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തുക മാറ്റുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ തുക 24.06.2022 ൽ 1 ലക്ഷം, 14.11.2022 ൽ 1 ലക്ഷം, 25.02.2023 ൽ 6,08,845/- എന്നിങ്ങനെ വിവിധ ഘട്ടങ്ങളിലായാണ് കൈമാറിയിരിക്കുന്നത്. നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധിമൂലം വിവിധ ഘട്ടങ്ങളിലായി, 2 വർഷത്തിലധികം കാലതാമസം വരുത്തിയാണ് തുക കൈമാറിയിരിക്കുന്നത്. നിരാശ്രയരായ അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപ്പാക്കുന്ന അഗതി രഹിത കേരളം പദ്ധതിയുടെ തുക നഗരസഭ ചെലവഴിച്ചതും അത് കൈമാറുന്നതിന് കാലതാമസം വരുത്തിയതും ശരിയായ നടപടിയല്ല.

1-37 കാർഷിക മേഖലയിലെ പ്രതിസന്ധികൾ

നഗരസഭയിലെ കാർഷിക രംഗത്തെ പ്രശ്നങ്ങൾ അതീവ ഗുരുതരമാണ്. 7.18 ചതുരശ്ര കിലോ മീറ്റർ മാത്രം വിസ്തൃതിയുള്ള നഗരസഭാ പ്രദേശത്ത് കൃഷി, കന്നുകാലി വളർത്തൽ, മത്സ്യകൃഷി പോലുള്ള അടിസ്ഥാന തൊഴിൽ മേഖലയോടുള്ള താല്പര്യക്കുറവിന് സ്ഥലപരിമിതിയോടൊപ്പം ആകർഷകമായ വരുമാനമില്ലായ്മയും കാരണമാണ്. വികസിത നഗരമെന്ന നിലയിൽ വളരെ പരിമിതമായ സ്ഥലത്ത് വീടുകളും ഫ്ലാറ്റുകളും കച്ചവട കേന്ദ്രങ്ങളും നിർമ്മിക്കുന്നതിനപ്പുറം കൃഷി, കന്നുകാലി വളർത്തൽ പോലുള്ള , ഭൂപ്രദേശം കൂടുതൽ ആവശ്യമായ ജോലികൾക്ക് സാധിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. 2021-22 സാമ്പത്തിക വർഷത്തിൽ കാർഷിക മേഖലയിൽ 8 പ്രോജക്റ്റുകൾ ആവിഷ്കരിച്ചതിൽ 7 പ്രോജക്റ്റുകളും നടപ്പാക്കാൻ സാധിച്ചിട്ടുണ്ടെന്ന് അംഗീകരിക്കുമ്പോൾ തന്നെ വളരെ പരിമിതമായ തുകയാണ് ഈ പ്രോജക്റ്റുകൾക്കായി വകയിരുത്തിയതെന്ന് കാണാൻ സാധിക്കും. നഗരസഭയിൽ 126 പ്രോജക്റ്റുകൾക്കായി 9.43 കോടി രൂപ ആകെ വകയിരുത്തിയതിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്റ്റുകൾ 15.77 ലക്ഷം രൂപയുടേതും വെറ്ററിനറി സർജൻ

നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്റ്റുകൾ 9.60 ലക്ഷം രൂപയുടേതും സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്റ്റുകൾ 19.20 ലക്ഷം രൂപയുടേയും മാത്രമാണ്. മത്സ്യകൃഷിക്കായി 19.20 ലക്ഷം രൂപ വകയിരുത്തിയതിൽ 1.33 ലക്ഷം രൂപയാണ് ചെലവഴിക്കാൻ സാധിച്ചത്. മേല്പറഞ്ഞതിൽ നിന്നും നിന്നും കാർഷിക, മൃഗസംരക്ഷണ, മത്സ്യകൃഷി മേഖലയിൽ പദ്ധതികൾ നടപ്പാക്കുന്നതിൽ നഗരസഭ നേരിടുന്ന പ്രതിസന്ധി മനസ്സിലാക്കാവുന്നതാണ്. നഗരസഭാ പരിധിയിൽ താമസിക്കുന്നവരിൽ വലിയൊരു വിഭാഗം ജോലിക്കാരും ബിസ്സിനസ്സുകാരുമാണ്. സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലേക്ക് ആലുവ നഗരത്തിൽ നിന്നും റോഡ്, റെയിൽ, വ്യോമ ഗതാഗത സൗകര്യം ലഭ്യമാണെന്നത് നഗരത്തിന്റെ വലിയ മേന്മയാണ്. അതിനാൽ തന്നെ മറ്റു സ്ഥലങ്ങളിൽ നിന്നും ജനങ്ങൾ താമസത്തിനായി ആലുവ നഗരത്തെ ആശ്രയിക്കുന്നു. എന്നാൽ നഗരത്തിന്റെ പരിമിതമായ ഭൂവിസ്തൃതിയിൽ താമസത്തിനുള്ള സ്ഥലം മാത്രമാണ് ജനങ്ങൾക്ക് ലഭ്യമാകുന്നത്. മറ്റ് മേഖലയിൽ നിന്നും ലഭിക്കുന്ന വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം കുറവാണെന്നതും ഈ മേഖലയോടുള്ള താല്പര്യക്കുറവിന് കാരണമാകുന്നുണ്ട്. വരുമാനമാർഗമെന്നതിലുപരിയായി വിഷരഹിതമായ പച്ചക്കറികൾ സ്വയം ഉല്പാദിപ്പിക്കുന്നതിന് ജനങ്ങൾക്ക് പ്രചോദനം നൽകുന്നതിനും ടെറസ് കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകിയും സ്കൂളുകൾ, കോളേജുകൾ, ഓഫീസുകൾ, മറ്റ് സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവ വഴി കൃഷി സംരഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടിയുണ്ടാകേണ്ടതാണ്. കൂടാതെ ബയോ ഫ്ലോക് മത്സ്യകൃഷി, കൂട് കൃഷി എന്നിവ പ്രോത്സാഹിപ്പിച്ച് മത്സ്യകൃഷി വ്യാപകമാക്കാൻ ശ്രമിക്കേണ്ടതാണ്.

1-38 2012-13 മുതൽ ലൈബ്രറി സെസ് ലൈബ്രറി കൗൺസിലിൽ അടച്ചില്ല.-വൻ തുക കുടിശ്ശിക

ഫയൽ നമ്പർ - R2-R1(1980/10)

കേരള പബ്ലിക് ലൈബ്രറീസ് ആക്ട് 1989 വകുപ്പ് 48(1) പ്രകാരം ഓരോ സാമ്പത്തിക വർഷവും ഈടാക്കുന്ന വസ്തു നികുതിയുടെ 5% ലൈബ്രറി സെസ് ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനം ലൈബ്രറി കൗൺസിലിലേക്ക് അടക്കേണ്ടതാണ്. ആലുവ നഗരസഭയിലെ ലൈബ്രറി സെസ് അടവ് സംബന്ധിച്ച ഫയൽ പരിശോധനയിൽ 2012-13 സാമ്പത്തിക വർമുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള ലൈബ്രറി സെസ് അടച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം. | വർഷം | കുടിശ്ശിക |
|---|---|---|
| 1) | 2012-13 | 7,92,881.00 |
| 2) | 2013-14 | 8,20,903.00 |
| 3) | 2014-15 | 10,30,013.00 |
| 4) | 2015-16 | 11,19,345.00 |
| 5) | 2016-17 | 15,42,467.00 |
| 6) | 2017-18 | 16,81,746.00 |
| 7) | 2018-19 | 17,16,813.00 |
| 8) | 2019-20 | 14,93,527.00 |
| 9) | 2020-21 | 17,46,177.00 |
| 10) | 2021-22 1st Half | 6,52,194.00 |
| | Total | 1,25,96,066.00 |

ലൈബ്രറി സെസ് കുടിശ്ശിക അതാത് സാമ്പത്തികവർഷത്തിൽ ലൈബ്രറി കൗൺസിലിലേക്ക് അടയ്ക്കേണ്ടതായിരുന്നു. വർഷങ്ങളായി ലൈബ്രറി സെസ് ഒടുക്കാത്തത് മൂലം ഭീമമായ തുകയാണ് കുടിശ്ശികയായത്. കുടിശ്ശികയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2 ശതമാനം പലിശ ചുമത്താൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. 07.06.2021 തീയതിയിലെ നഗരസഭ കൗൺസിലിന്റെ 6 -ാം തീരുമാനപ്രകാരം നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് 2020-21 ഒന്നാം അർദ്ധവർഷത്തെ ലൈബ്രറി സെസ് തുക ഒടുക്കുന്നതിന് സാവകാശം നൽകണമെന്നും മുൻവർഷങ്ങളിലെ തുകയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ച് തദ്ദേശ ഭരണ വകുപ്പ് മന്ത്രിക്ക് കത്ത് നൽകിയെങ്കിലും അനുകൂല തീരുമാനമുണ്ടായില്ല. സർക്കാരിൽ നിന്ന് ലഭിക്കേണ്ട പെൻഷൻ ഫണ്ട് ഏഴുകോടിയിലധികം രൂപ ഇതുവരെയും ലഭിക്കാത്തതിനാൽ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ തനത് ഫണ്ടിൽ നിന്ന് നൽകിവരുന്നു. ഫണ്ടിന്റെ അപര്യാപ്തത മൂലം ലൈബ്രറി സെസ് യഥാസമയം ഒടുക്കാൻ കഴിഞ്ഞിട്ടില്ല. ലൈബ്രറി സെസ് തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് സ്ഥാപനത്തിലെ പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും ബാദ്ധ്യതയായി കണക്കാക്കുമെന്നും 2% പിഴപ്പലിശ ഈടാക്കുമെന്നും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ 04.02.2022 -ലെ EKM/DLC 102/15 - നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം മുതൽ ലൈബ്രറി സെസ് ഈടാക്കിയത് ലൈബ്രറി കൗൺസിലിലേക്ക് അടയ്ക്കാനും 2021-22 സാമ്പത്തിക വർഷത്തെ കുടിശ്ശിക, 17,53,328/- രൂപ ആറ് തുല്യ ഗഡുക്കളായി അടയ്ക്കാനും തീരുമാനിച്ചു. 2012-13 മുതൽ 2021-22 ആദ്യപകുതി

വരെയുള്ള കുടിശ്ശിക തുകയായ 1,25,96,066/- രൂപ നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന സ്ഥിതിക്ക് അടയ്ക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്.

തനത് വരുമാനത്തിന്റെ അപര്യാപ്തതമൂലം നഗരസഭയുടെ ദൈനം ദിന ചെലവുകളും പ്രതിസന്ധിയിലാണ്. നികുതി പിരിവ് ഊർജ്ജിതമാക്കാനും നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ നവീകരിച്ച് വാടക പുനർനിശ്ചയിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ സർക്കാരിൽ നിന്നും ലഭിക്കേണ്ട പെൻഷൻ ഫണ്ട് ലഭ്യമാക്കുന്നതിനും അടിയന്തിരമായി ഇടപെടൽ നടത്തേണ്ടതാണ്.

1-39 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -ചെലവു രേഖകളുടെ അഭാവത്തിൽ 4,72,190/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ 47/2021-22,

ബിൽ നം. 195 തീയതി 25.03.2022

ആലുവ നഗരസഭയിൽ 2021-22 സാമ്പത്തിക വർഷം നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 47/2021-22, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പദ്ധതിയിൽ 4,72,190/- രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ (സ.ഉ.(കൈ) നം. 22/2018/ത.സ്വ.ഭ.വ തീയതി 14.02.2018) ഖണ്ഡിക 7.2.8, 7.2.9 പ്രകാരം, വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം, പട്ടികജാതി വകുപ്പിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതുണ്ട്. ജി.ഒ.(ആർ.ടി) നം. 482/2022/LSGD തീയതി 14.02.2022 പ്രകാരം Ubuntu അധിഷ്ഠിതമായ ലാപ്ടോപ്പിന് 22,895/- രൂപയും Windows അധിഷ്ഠിതമായ ലാപ്ടോപ്പിന് 27,722/- രൂപയും ഉത്തരവിൽപ്പറയുന്ന Specification ഉള്ളതിന് അനുവദിക്കാവുന്നതാണ്. പതിനൊന്ന് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങിനൽകാനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. വാർഡ്സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഉണ്ടെങ്കിലും ഏതൊക്കെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് അനുവദിച്ചു എന്ന് വ്യക്തമല്ല. GeM -ൽ നിന്ന് Purchase ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലഭിച്ച ലാപ്ടോപ്പിന്റെ വില, സ്പെസിഫിക്കേഷൻ എന്നിവ വ്യക്തമാക്കുന്ന ബിൽ ഫയലിനോടൊപ്പമില്ല. സ്റ്റോക്ക് രജിസ്റ്റർ, വിദ്യാർത്ഥികൾ ലാപ്ടോപ്പ് കൈപ്പറ്റിയതിന്റെ രേഖ എന്നിവ ഹാജരാക്കിയിട്ടില്ല. പട്ടികജാതി വകുപ്പിൽ നിന്നും ഈ

ആനുകൂല്യം ലഭ്യമാക്കിയിട്ടില്ല എന്ന് തെളിയിക്കുന്ന രേഖ ഹാജരാക്കിയിട്ടില്ല.ചെലവു രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ - 13/M3/2021-22/01.02.2023 ) നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. മതിയായ ചെലവുരേഖകളുടെ അഭാവത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പദ്ധതിയിൽ ചെലവഴിച്ച 4,72,190/- രൂപ തടസ്സപ്പെടുത്തുന്നു.

1-40 എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ - 24998 രൂപ മതിയായ ചെലവു രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - /2021-22

നിർവ്വഹണ ഉദ്യോഗസ്ഥൻ-പ്രോജക്ട് ഓഫീസർ,നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ

ഫണ്ടിനം-വികസനഫണ്ട്(എസ്.സി)

അടങ്കൽ തുക-25,000/- രൂപ

ചെലവഴിച്ച തുക-24,998/-രൂപ

ബിൽ നം. 203 തീയതി 26.03.2022

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വിതരണം ചെയ്യുന്ന പദ്ധതിയിൽ 24,998/- രൂപ 2021-22 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതിയിൽ അഞ്ച് പേർക്ക് ഫർണീച്ചർ വാങ്ങി വിതരണം ചെയ്യാനാണ് വിഭാവനം ചെയ്യുന്നത്. ARTCO സമർപ്പിച്ച 24,998/- രൂപയുടെ പ്രൊഫോർമ ഇൻവോയ്സ് 13.01.2022 -ലെ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 4 -ാം നമ്പർ തീരുമാനമായി അംഗീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള മുൻഗണനാക്രമത്തിലല്ല ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. ആകെയുള്ള 11 ഗുണഭോക്താക്കളിൽ ഏറ്റവും ഉയർന്ന മാർക്ക് ലഭിച്ച രണ്ട് പേരേയും ഏറ്റവും കുറവ് മാർക്ക് ലഭിച്ച രണ്ട് പേരേയും 50 മാർക്ക് ലഭിച്ച ഒരാളെയും തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. അഞ്ച് ഗുണഭോക്താക്കളിൽ രണ്ട് പേർ (സുരേഷ് എം.ആർ., രാധാമണി എൻ.എ) വിദ്യാർത്ഥികളല്ല. സബ്സിഡി മാർഗരേഖ ഖണ്ഡിക 07.02.07 പ്രകാരം വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വിതരണം ചെയ്യേണ്ടത് സ്കൂൾ മുഖേനയാണ്. ഈ നിർദേശം പാലിച്ചിട്ടില്ല.പട്ടികജാതി വികസനവകുപ്പിൽ നിന്ന് ഗുണഭോക്താക്കൾ ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യ പത്രം ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. 24,998/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ARTCO ലിമിറ്റഡിന് തുക

കൈമാറിയതിന്റെ രേഖകളോ ഗുണഭോക്താക്കൾ ഫർണീച്ചർ കൈപ്പറ്റിയതിന്റെ രേഖകളോ പരിശോധനയ്ക്ക് നൽകിയിട്ടില്ല. നോട്ട് ഫയലിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്താതെ അവ്യക്തമായി നോട്ടുകൾ തയ്യാറാക്കുന്നത് പരിശോധനയ്ക്ക് വളരെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനും പദ്ധതി രേഖകൾ 25.02.2023 നകം ഹാജരാക്കാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ - 18/M3/2021-22/22.02.2023)നൽകിയെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ നൽകുന്നതിനായി ചെലവഴിച്ച 24998 രൂപ മതിയായ ചെലവ് രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

1-41 വീട് റിപ്പയറിങ്ങ് (SO-113)പദ്ധതിക്കായി ചെലവഴിച്ച 1,50,000/- രൂപ ചെലവുരേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പദ്ധതി നമ്പർ | - | SO-113 |
| നിർവ്വഹണോദ്യോഗസ്ഥൻ | - | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| അടങ്കൽ തുക | - | 1,50,000 രൂപ |
| ചെലവ് | - | 1,50,000 രൂപ |
| ബിൽ നം. 77 തീയതി 13.01.2022<br>ബിൽ നം. 139 തീയതി 18.02.2022<br><br>വാർഡ് നം. 22 - ഗുണഭോക്താവ് - എൻ.എസ്. രവീന്ദ്രൻ<br>വാർഡ് നം. 25 - ഗുണഭോക്താവ് - വള്ളി രാജൻ | | |

സബ്സിഡി മാർഗ്ഗരേഖയിലെ (സ.ഉ.(കൈ) നം. 22/2018 ത.സ്വ.ഭ.വ തീയതി 14.02.2018) ഖണ്ഡിക 6.7 പ്രകാരം വീടിന്റെ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താവിന് പരമാവധി 1,00,000/- - രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്. പദ്ധതി പ്രകാരം ആലുവ നഗരസഭയിൽ വള്ളി രാജൻ, കടവിൽ പറമ്പിൽ, രവീന്ദ്രൻ , നമ്പ്രാലിൽ എന്നിവർ അർഹരായ ഗുണഭോക്താക്കളാണെന്നും എസ്റ്റിമേറ്റ് പ്രകാരം എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ അംഗീകാരത്തോടെ 80,000/- രൂപ അനുവദിച്ച് നൽകാവുന്നതാണെന്നും പ്രോജക്ട് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1). അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥ

ഗുണഭോക്താവാണന്ന് എസ്.സി. പ്രൊമോട്ടർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2). ഈ പദ്ധതി യഥാർത്ഥത്തിൽ നടപ്പിലാക്കിയതായി ഒരു രേഖയും ഫയലിൽ ലഭ്യമല്ല. ഗുണഭോക്താക്കളുടെ തിരിച്ചറിയൽ രേഖകൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ , തുക കൈമാറിയതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ക്രമ വിരുദ്ധമായി ധനസഹായം കൈമാറിയിട്ടില്ലെന്നത് നഗരസഭ ഉറപ്പുവരുത്തേണ്ടതാണ്. എസ്റ്റിമേറ്റ് അംഗീകരിച്ച് പണി തൃപ്തികരമായി പൂർത്തിയാക്കിയതായി ഓവർസീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയലിൽ മുകളിൽപ്പറഞ്ഞ പരിശോധനകൾ നടത്തുന്നതിനാവശ്യമായ വിവരങ്ങൾ ഒന്നും തന്നെയില്ല. ഫയൽ പൂർണ്ണമായ വിവരങ്ങളും അനുബന്ധ രേഖകളും ഉൾപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ - 25/M3/2021-22/29.03.2023) മറുപടി ലഭിച്ചിട്ടില്ല. ചെലവു രേഖകളുടെ അഭാവത്തിൽ വീട് റിപ്പയറിങ്ങ് പദ്ധതിക്കായി ചെലവഴിച്ച 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-42 പട്ടികജാതി പ്രത്യേക ഘടക പദ്ധതി നിർവ്വഹണം-അപാകതകൾ

ഇന്ത്യൻ ഭരണഘടനയിലെ സെക്ഷൻ 341 ലും 342 ലും ഉൾക്കൊള്ളുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പൗരൻമാരാണ്. ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്യുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കുണ്ട്. ഈ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, തൊഴിൽ, ശാക്തീകരണം എന്നിവ ലക്ഷ്യമാക്കിയാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പ്രത്യേകഫണ്ടും ഉപപദ്ധതിയും നിലവിലുണ്ട്. പ്രാദേശിക സർക്കാരുകളുടെ തുടർച്ചയായ ഇടപെടലിലൂടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും, വീട്, കുടിവെള്ളം, ശുചിത്വം, ഉപരിപഠനം, ചികിത്സാസൗകര്യങ്ങൾ, തൊഴിൽ എന്നിവയിൽ ഇനിയും ഏറെ മുന്നേറുവാനുണ്ട്.

ഒമ്പതാം പഞ്ചവത്സരപദ്ധതി മുതലാണ് പ്രത്യേക ഘടകപദ്ധതികൾ പ്രാവർത്തികമാക്കിയത്. പ്രത്യേക ഘടകപദ്ധതിക്കായി വകയിരുത്തുന്ന ഫണ്ടിന്റെ ചെലവ് അടിസ്ഥാനത്തിലുള്ള ലക്ഷ്യ പൂർത്തീകരണം വിലയിരുത്താതെ ഗുണനിലവാരവും ഉദ്ദേശിക്കപ്പെട്ട ലക്ഷ്യപൂർത്തീകരണവും വിലയിരുത്തി തുടർ നടപടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

ആലുവ നഗരസഭയിൽ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസറാണ് 2021-22 സാമ്പത്തിക വർഷത്തെ പട്ടികജാതി പ്രത്യേക ഘടകപദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ/പേര് | അടങ്കൽതുക | ചെലവ് |
|---|---|---|---|
| 1. | 48 /2021-22<br>വാട്ടർ ടാങ്ക് | 16000 | 15340 |
| 2. | 56/2021-22<br>വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ | 25000 | 24998 |
| 3. | SO/113<br>വീട് റിപ്പയറിങ്ങ് | 150000 | 150000 |
| 4. | 8/2021-22<br>മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് ധനസഹായം | 5,88,500 + 35750 (ധനകാര്യ കമ്മീഷൻ അവാർഡ്) | 4,50000 |
| 5. | 47/2021-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 5,00,000 | 4,72,190 |
| 6. | 43/2021-22ഭവന പുനരുദ്ധാരണം | 6,00,000 | 5,50,000 |

നടപ്പിലാക്കാത്ത പദ്ധതികൾ

| ക്രമ നം. | പ്രോജക്റ്റ് നമ്പർ/പേര് | അടങ്കൽതുക | ചെലവ് |
|---|---|---|---|
| 1. | യുവതികൾക്ക് സ്വയംതൊഴിലിന് ഇരുചക്രവാഹനം - 49/2021-22 | 97,750 | - |
| 2. | യുവതികൾക്ക് സ്വയംതൊഴിലിന് ഇരുചക്രവാഹനം - (SO/114/2021-22) | 7,55,000 | - |
| 3. | വിവാഹ ധന സഹായം (39/2021-22) | 3,00,000 | - |

തൊഴിൽ പരിശീലനം, സ്വയംതൊഴിൽ സഹായ പദ്ധതികൾ എന്നിവയ്ക്ക് പ്രാധാന്യം നൽകാതെ മുൻവർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും തുടരുകയാണ് ചെയ്തത്. 2020-21 -ൽ നടപ്പിലാക്കാൻ കഴിയാത്ത പദ്ധതിയായ

യുവതികൾക്ക് സ്വയം തൊഴിലിനായി ഇരുചക്രവാഹനം എന്ന പദ്ധതിക്ക് 2021-22 -ൽ വീണ്ടും തുക വകയിരുത്തിയിട്ടുണ്ട്. ആലുവ നഗരസഭയിൽ നഗരദാരിദ്ര്യസെൽ പ്രൊജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22-ൽ നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.ഫണ്ട് ചെലവഴിക്കാൻ വേണ്ടി മാത്രമുള്ള പദ്ധതി ആസൂത്രണം സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഫലപ്രാപ്തിക്ക് തടസ്സമാകുന്നു. 103 പട്ടികജാതി കുടുംബങ്ങൾ മാത്രമുള്ള ആലുവ നഗരസഭയിൽ ഓരോ കുടംബത്തിന്റെയും വിദ്യാഭ്യാസ സാമൂഹ്യ പുരോഗതി വിലയിരുത്തി ആവശ്യങ്ങളെ കണ്ടറിഞ്ഞ് അവരെ മുഖ്യധാരയിലെത്തിക്കുന്നതിന് ഉചിതമായ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടത്.
സമഗ്ര വിവര ശേഖരണത്തിന് കാര്യക്ഷമമായ സംവിധാനമില്ലാത്തതിനാൽ വികസന പുരോഗതി അടയാളപ്പെടുത്തുന്ന വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.പട്ടികജാതി വിഭാഗങ്ങളുടെ സമഗ്ര വികസനത്തിന് സർക്കാർ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം നടപ്പിലാക്കിയ പദ്ധതികളുടെ സുതാര്യതയും ഉറപ്പു വരുത്തേണ്ടതാണ്.ക്ഷേമകാര്യ കമ്മിറ്റിയുടെയും ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളുടെയും ഇടപെടൽ ഇക്കാര്യത്തിൽ അനിവാര്യമാണ്.

1-43 പെർമിറ്റ് വാങ്ങാതെ അനധികൃത നിർമ്മാണം-തുടർ നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച്

കേരള മുനിസിപ്പാലിറ്റി ബിൽഡിങ്ങ് റൂൾസ് 2019 ചട്ടം 83 പ്രകാരം ഗവൺമെന്റിതര സ്ഥാപനങ്ങളുടെ മൊബൈൽ ടവറുകൾ/ പോൾ സ്ട്രക്ചറുകൾ എന്നിവ നിർമ്മിക്കുന്നതിനും നിലവിലുള്ള നിർമ്മാണങ്ങളിൽ മാറ്റം വരുത്തുന്നതിനും നഗരസഭയിൽ നിന്ന് പ്രത്യേക അനുമതി വാങ്ങേണ്ടതാണ്.
ആലുവ നഗരസഭ 12 -ാം വാർഡിലെ XII/441 -ാം നമ്പർ കെട്ടിടത്തിൽ അനധികൃതമായി ജിയോയുടെ പോളുകൾ സ്ഥാപിച്ചത് സംബന്ധിച്ച് പരാതി ലഭിച്ചതിനെത്തുടർന്ന് നഗരസഭ സ്റ്റോപ് മെമ്മോ നൽകിയിരുന്നു. അതിനെത്തുടർന്ന് പെർമിറ്റ് ലഭിക്കുന്നതിന് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് പ്ലാൻ സമർപ്പിക്കുന്നതിനും നിലവിലുള്ള അനധികൃത നിർമ്മാണം നീക്കം ചെയ്യുന്നതിനും 21.02.2022 -ൽ നഗരസഭ നോട്ടീസ് നൽകിയിട്ടുണ്ട്.

എന്നാൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് കമ്പനി ചട്ടപ്രകാരമുള്ള അപേക്ഷ സമർപ്പിക്കുകയോ അനധികൃത നിർമ്മാണം റെഗുലറൈസ് ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 27/2021-22 തീയതി 30.03.2023)നഗരസഭയിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. നഗരസഭയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ അനധികൃത നിർമ്മാണം നടത്തിയ ജിയോ ഇൻഫോകോം ലിമിറ്റഡിനെതിരെ കേരള മുനിസിപ്പാലിറ്റി ബിൽഡിങ് റൂൾസ് ചട്ടം 89, 90, 91 എന്നിവ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-44 നഗരസഭാ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് പെൻഷൻ വിഹിതം ഈടാക്കി സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കുന്നില്ല.

മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങൾ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി നഗരകാര്യ ഡയറക്ടറുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്. ജീവനക്കാരുടെ പെൻഷൻ വിഹിതം ഉൾപ്പെടെയുള്ള തുക ശമ്പളബില്ലിന്റെ തുകയായി പിൻവലിച്ച് അതാത് മാസം പതിനഞ്ചിന് മുൻപ് സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കാൻ ഡിമാന്റ് ഡ്രാഫ്റ്റ് ആയി നഗരകാര്യ ഡയറക്ടർക്ക് അയക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച ശമ്പള വൗച്ചറുകളിൽ പെൻഷൻ വിഹിതം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ശമ്പളത്തുകയോടൊപ്പം പിൻവലിച്ച് നഗരകാര്യ ഡയറക്ടർക്ക് ഡിമാന്റ് ഡ്രാഫ്റ്റായി അയച്ചുനൽകിയിട്ടില്ല. 1996 ലെ കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ (ഡെത്ത് കം റിട്ടയർമെന്റ്) ചട്ടങ്ങളിലെ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം തീയതി എം3 -30/2021-22 തീയതി 31.03.2023) മറുപടി ലഭിച്ചിട്ടില്ല.

1-45 ആലുവ മുനിസിപ്പൽ ബിൽഡിങ്ങിലെ കുടുംബശ്രീ ജനകീയ ഹോട്ടൽ 2021-22 -ൽ ലൈസൻസില്ലാതെ പ്രവർത്തിച്ചു.

സംസ്ഥാനത്ത് എല്ലാവർക്കും ഒരു നേരം ഭക്ഷണം ലഭ്യമാക്കണം എന്ന സർക്കാർ തീരുമാനത്തെത്തുടർന്ന് വിശപ്പുരഹിത കേരളം പദ്ധതിയും ജനകീയ ഹോട്ടൽ സംവിധാനവും ആരംഭിച്ചു. യൂണിറ്റുകളുടെ പ്രവർത്തനത്തിന് കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൗജന്യമായാണ് നൽകുന്നത്. ഒരു യൂണിറ്റിന് ഊണിന്

പത്ത് രൂപ സബ്സിഡിയും ഹോട്ടലിലേക്ക് മെഷീനറികളും പാത്രങ്ങളും വാങ്ങാൻ ഒരു യൂണിറ്റിന് 50,000/- രൂപ വരെ റിവോൾവിംഗ് ഫണ്ടും നൽകുന്നു. സ.ഉ.(ആർ.ടി) 400/2021 /ത.സ്വ.ഭ.വ തീയതി 12.02.2021, 06.03.2020 -ലെ സ.ഉ.(കൈ) നം. 45/2020/ത.സ്വ.ഭ.വ ഉത്തരവുകൾ പ്രകാരം കുടുംബശ്രീ ജനകീയ ഹോട്ടലുകളുടെ പ്രവർത്തനത്തിന് സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

ആലുവ നഗരസഭാ കെട്ടിടത്തിൽ സി.ഡി.എസ്. -ന്റെ കീഴിൽ പ്രവർത്തിക്കുന്ന രുചി ജനകീയ ഹോട്ടൽ 2021 മെയ് മാസത്തിൽ പ്രവർത്തനമാരംഭിച്ചു. 2021 സെപ്റ്റംബർ മാസം മുതൽ സി.ഡി.എസിലെ കൺവീനറുടെ പേരിൽ സ്ഥാപനം ഏറ്റെടുത്ത് നടത്തിവരുന്നു. 2021-22 സാമ്പത്തിക വർഷം ജനകീയ ഹോട്ടൽ പ്രവർത്തിച്ചത് നഗരസഭയുടെ ലൈസൻസില്ലാതെയാണ്. കരാർ ചമയ്ക്കുന്നതിൽ വന്ന കാലതാമസമാണ് ലൈസൻസ് ഇല്ലാതെ ജനകീയ ഹോട്ടൽ പ്രവർത്തിക്കാനിടയാക്കിയത്. നഗരസഭാ ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിന് ലൈസൻസില്ലാതെ ഒരു വർഷത്തിലധികം പ്രവർത്തിക്കാൻ കഴിഞ്ഞു എന്നത് ഗുരുതരമായ അപാകതയാണ്.

സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായി ഓരോ ജനകീയ ഹോട്ടലിനും നിർവ്വഹണ മോണിട്ടറിങ്ങിനായി ചെയർമാൻ, വർക്കിംഗ് ചെയർമാൻ, കൺവീനർ ജോയിന്റ് കൺവീനർ, കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുൾപ്പെടെയുള്ള ആറ് അംഗങ്ങൾ ഉള്ള സമിതി ഉണ്ടായിരിക്കേണ്ടതാണ്. നിശ്ചിത ഇടവേളകളിൽ സമിതി യോഗം ചേർന്ന് ജനകീയ ഹോട്ടലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതി കാര്യക്ഷമമായും പരാതിരഹിതമായും ഉന്നതനിലവാരത്തിലും തുടർന്നും പ്രവർത്തിക്കുന്നതിന് നഗരസഭ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-46 വക്കീൽ ഫീസിനത്തിൽ അനുവദനീയ പരിധിയിലും അധികമായി ചെലവഴിച്ച 25000 രൂപ തടസ്സപ്പെടുത്തുന്നു

ആലുവ നഗരസഭയിലെ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സ്ഥല ദൗർലഭ്യം തടസ്സമായതിനാൽ നഗരസഭയുടെ ഉടമസ്ഥതയിൽ എടത്തല, കീഴ്മാട് പഞ്ചായത്തുകളിലാണ് മാലിന്യം നിക്ഷേപിച്ചിരുന്നത്. പൊതുജനങ്ങളുടെ എതിർപ്പിനെത്തുടർന്ന് എടത്തല, കീഴ്മാട്

പഞ്ചായത്ത് പരിധിയിലുള്ള മാലിന്യ നിക്ഷേപം നിർത്തിവയ്ക്കുകയും കൊച്ചി നഗരസഭയുടെ കീഴിലുള്ള ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലേക്ക് സംസ്കരണത്തിനായി നൽകുന്നതിന് 2012 -ൽ കരാറിലേർപ്പെടുകയും ചെയ്തു. പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പ്ലാൻ @ എർത്ത് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA No. 606/2018 ഉത്തരവ് പ്രകാരം 09.04.2019 മുതൽ 31.12.2020 വരെയുള്ള കാലയളവിൽ ആലുവ നഗരസഭ തുടർച്ചയായി ഖരമാലിന്യ സംസ്കരണ നിയമം 2016 ലംഘിച്ചിട്ടുള്ളതിനാലും ആയത് പരിപാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതിനാലും 212.71 ലക്ഷം രൂപ പിഴ ചുമത്തിയിരുന്നു. നഗരസഭയുടെ മറുപടി തൃപ്തികരമല്ലാത്തതിനാൽ 1986 -ലെ പരിസ്ഥിതി സംരക്ഷണനിയമം സെക്ഷൻ 5 ഗവൺമെന്റ് ഓഫ് ഇന്ത്യ നോട്ടിഫിക്കേഷൻ SO 327(E) /10.04.2021 എന്നിവ പ്രകാരം പാരിസ്ഥിതിക നഷ്ട പരിഹാരത്തുകയായ 212.71 ലക്ഷം രൂപ ഒടുക്കുന്നതിന് നഗരസഭയോട് നിർദ്ദേശിച്ചിട്ടുണ്ട്.

ബഹു. നഗരകാര്യ ഡയറക്ടറുടെ DCl/13317/2021 നമ്പർ കത്തിലെ നിർദ്ദേശപ്രകാരം ഹരിത ട്രൈബ്യൂണലിന്റെ OA No. 446/2013, OA No. 77/2021 ഉത്തരവുകളിലായി ബന്ധപ്പെട്ട് ഓരോ നഗരസഭയും പ്രത്യേകം അഫിഡവിറ്റ് ഫയൽ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചു. ചെയർമാന്റെ നിർദ്ദേശപ്രകാരം കൗൺസിലിന്റെ അനുമതിയോടെ അഫിഡവിറ്റ് ഫയൽ ചെയ്യുന്നതിനായി അഡ്വ.വി.എൻ ഹരിദാസിനെ നിയമിച്ചു. അഡ്വ. വി.എൻ. ഹരിദാസിന് വക്കീൽ ഫീസിനത്തിൽ 25,000/- രൂപ അനുവദിക്കുന്നതിന് 18.12.2021 -ൽ ചെയർമാൻ മുൻകൂർ അനുമതി നൽകുകയും, നഗരസഭാ കൗൺസിൽ 14.01.2022 -ലെ 26 -ാം നമ്പർ തീരുമാനപ്രകാരം ഇത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 22.12.2021 -ലെ 893796 -ാം നമ്പർ ചെക്ക് പ്രകാരം ഈ തുക വക്കീൽ ഫീസായി നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ ആർ.ഡി. വകുപ്പിന്റെ 18.02.2016 -ലെ ജി.ഒ.(എം.എസ്.) നം. 36/2016 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിലുള്ള കേസുകൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വക്കീൽ ഫീസായി 15,000/- രൂപ മുതൽ 50,000/- രൂപ വരെ വക്കീൽ ഫീസിനത്തിൽ അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (M3/01/2021-22/തീയതി 03.10.2022)മറുപടിയായി നഗരകാര്യ ഡയറക്ടറുടെ അംഗീകാരത്തിനായി കത്ത് അയച്ചതായി

നഗരസഭ അറിയിച്ചിട്ടുണ്ട്. അനുമതിയില്ലാതെ അനുവദനീയ പരിധിയിലും അധികമായി വക്കീൽ ഫീസിനത്തിൽ ചെലവഴിച്ച 25,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-47 പെയിൻ & പാലിയേറ്റീവ് കെയർ പ്രോജക്റ്റ് - ഫോൺ അലവൻസ് അധികം നൽകിയത് - 1200/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

പ്രോജക്റ്റ് നം. S0071/22

ഗവ.ഹോസ്പിറ്റലിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആലുവ നഗരസഭയിൽ 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പ്രോജക്റ്റാണ് പാലിയേറ്റീവ് കെയർ പ്രോജക്റ്റ് (പ്രോജക്റ്റ് നം. S0071/22). വികസന ഫണ്ട് (പൊതുവിഭാഗം) 13,00,000/- രൂപയും മെയിന്റനൻസ് ഫണ്ട് 1,66,800/- രൂപയുമാണ് പ്രോജക്റ്റിനായി വകയിരുത്തിയത്. 14,66,800/- രൂപ വകയിരുത്തിയ പ്രോജക്റ്റിൽ 14,66,799/- രൂപ ചെലവഴിച്ചിട്ടുണ്ട്. 07/03/2019 -ലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ - സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019 ഉത്തരവിലെ 2.13 - പാലിയേറ്റീവ് കെയർ പരിശീലനം ലഭിച്ച നഴ്സിന്റെ സേവനം ലഭ്യമാക്കൽ എന്ന ഖണ്ഡികയിലെ 2.13.11 - ൽ ഗൃഹസന്ദർശന സമയത്ത് രോഗികളുടെ രോഗവിവരങ്ങൾ ഡോക്ടർമാരുമായി ചർച്ച ചെയ്ത് പരിചരണ നിർദ്ദേശങ്ങൾ തേടുന്നതിനും പരിശീലന പരിപാടികൾ വിളിച്ചുചേർക്കുന്നതിനും കമ്മ്യൂണിറ്റി നേഴ്സിന് പ്രതിമാസം 200/- രൂപ വീതം ഫോൺ ചാർജ്ജ് ഇനത്തിൽ ഉപാധികൾ കൂടാതെ നൽകാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെയുള്ള ചെലവു വാച്ചറുകളുടെ പരിശോധനയിൽ ഫോൺ ചാർജ്ജ് അലവൻസ് എല്ലാ മാസവും 300/- വീതം നൽകിയതായി കാണുന്നു. (വിശദ വിവരത്തിന് ഖണ്ഡിക 3-1 കാണുക)

1-48 കമ്പ്യൂട്ടർ വത്ക്കരണം - വില വർദ്ധനവ് മൂലം ലഭ്യമായ കമ്പ്യൂട്ടറുകളിൽ കുറവുണ്ടായി

പ്രോജക്റ്റ് നം. S0006/22, ഫയൽ നമ്പർ - G6/14867/21

2021-22 സാമ്പത്തിക വർഷത്തിൽ നഗരസഭാ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയാണ് പ്രോജക്റ്റ് നമ്പർ - S0006/22 - കമ്പ്യൂട്ടർ വത്ക്കരണം. 7,56,032/- രൂപ വികസന ഫണ്ടും 5,00,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റുമാണ് പദ്ധതിക്കായി ആദ്യം വകയിരുത്തിയത്. ഫണ്ടിന്റെ അപര്യാപ്തതമൂലം പിന്നീട് 5,00,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാത്രം വകയിരുത്തി പദ്ധതിയിൽ ഭേദഗതി വരുത്തിയിരുന്നു. TVM/ITBG /PI/RC/35724/2020-21 Dtd 25.02.2022 പ്രൊഫോർമ ഇൻവോയ്സ് പ്രകാരം കമ്പ്യൂട്ടറുകൾ

ലഭ്യമാക്കാമെന്ന് കെൽട്രോണിൽ നിന്നും അറിയിച്ചിട്ടുള്ളതായും ഇക്കാര്യം 04.03.2022 ലെ കൗൺസിൽ അംഗീകരിച്ചതായും നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കെൽട്രോണിൽ നിന്നും ലഭിച്ച TVM/ITBG/PI/RC/35724/2020-21 Dtd 25.02.2022 പ്രൊഫോർമ ഇൻവോയ്സിൽ ഇതിന്റെ വാലിഡിറ്റി 31.03.2022 ആണെന്നും കൺഫേമ്ഡ് ഓർഡർ നൽകി 45 ദിവസത്തിനകം സാധനങ്ങൾ ഡെലിവറി നൽകുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം 12 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്ക് 39,797/- രൂപ പ്രകാരം 4,77,564/- രൂപ ചെക്ക് നമ്പർ 002 Dtd 08.03.2022 പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്. ടി തുക ഒടുക്കിയ വിവരം CPRCS സോഫ്റ്റ് വെയറിലൂടെ രേഖപ്പെടുത്താൻ സോഫ്റ്റ് വെയർ എറർ കാരണം സാധിച്ചില്ലന്നും TVM/ITBG/PI/RC/35724/2020-21 Dtd 25.02.2022 ഇൻവോയ്സ് പ്രകാരമുള്ള കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും 18.04.2022 ൽ നഗരസഭയിൽ നിന്നും കെൽട്രോൺ മാനേജരെ അറിയിച്ചിട്ടുണ്ട്. എന്നാൽ കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ ലഭ്യമാക്കിയിരുന്നില്ല. പിന്നീട് ഇൻവോയ്സ് പ്രകാരമുള്ള കമ്പ്യൂട്ടറുകൾ കെൽട്രോണിൽ സ്റ്റോക്കില്ലന്നും IT മിഷന്റെ പുതിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ളതും കൂടുതൽ ഗുണമേന്മയുള്ളതും നൂതന ടെക്നോളജിയുള്ളതുമായ കമ്പ്യൂട്ടറുകൾ ഒരെണ്ണത്തിന് 53,049/- രൂപ നിരക്കിൽ വാങ്ങുന്നതിന് കൗൺസിൽ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുന്നതായാണ് 04.08.2022 തീയതിയിൽ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 23.09.2022 തീയതിയിലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 53,049/- രൂപ നിരക്കിൽ 9 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് IKM ടെക്നിക്കൽ ഓഫീസർക്ക് കുറിപ്പ് നൽകിയതായി 06.10.2022 ൽ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയം വരെ കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല. പ്രോജക്റ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1). കെൽട്രോണിൽ നിന്നും ലഭിച്ച പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് നഗരസഭ തുക ഒടുക്കിയത്. ആയതിൻ പ്രകാരം 45 ദിവസത്തിനകം കമ്പ്യൂട്ടറുകൾ ലഭ്യമാക്കേണ്ടത് കെൽട്രോണിന്റെ ഉത്തരവാദിത്തമാണ്. എന്നാൽ കമ്പ്യൂട്ടറുകൾ സമയബന്ധിതമായി ലഭ്യമാക്കാൻ കെൽട്രോണിന് സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് വില കൂടിയ കമ്പ്യൂട്ടറുകൾ നഗരസഭ വാങ്ങേണ്ടി വന്നത്. കെൽട്രോണിന്റെ ഭാഗത്ത് നിന്നുള്ള

വീഴ്ചക്ക് 12 കമ്പ്യൂട്ടറുകൾക്ക് പകരം 9 കമ്പ്യൂട്ടറുകൾ കൈപ്പറ്റി നഗരസഭ നഷ്ടം സഹിക്കേണ്ടി വരുന്നത് ശരിയായ നടപടിയല്ല.

2). IT മിഷന്റെ പുതിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ളതും കൂടുതൽ ഗുണമേന്മയുള്ളതും നൂതന ടെക്നോളജിയുള്ളതുമായ കമ്പ്യൂട്ടറുകൾ എന്നാണ് രണ്ടാമത്തെ ഓർഡർ പ്രകാരമുള്ള കമ്പ്യൂട്ടറുകളെ സംബന്ധിച്ച് നോട്ട് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിൽ ഒരു വിശദീകരണം കെൽട്രോണിൽ നിന്നും ലഭിച്ചതായി കാണുന്നില്ല. മാത്രവുമല്ല IKM ടെക്നിക്കൽ എക്സ്പെർട്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ റിക്വയർമെന്റ് കണക്കാക്കിയാണ് ആദ്യത്തെ 12 കമ്പ്യൂട്ടറുകൾക്ക് ഓർഡർ നൽകിയത്. പിന്നീട് കൂടുതൽ നൂതനമായ കമ്പ്യൂട്ടറുകൾ വാങ്ങണമെന്ന് ടെക്നിക്കൽ എക്സ്പെർട്ട് അഭിപ്രായപ്പെട്ടതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ആദ്യം ഓർഡർ ചെയ്ത 12 കമ്പ്യൂട്ടറുകൾക്ക് പകരം 9 കമ്പ്യൂട്ടറുകളിൽ പരിമിതപ്പെടുത്തേണ്ടി വന്നത് കമ്പ്യൂട്ടറുകളുടെ വില വർദ്ധനവ് മൂലമാണ്.

3). TVM/ITBG/PI/RC/35724/2020-21 Dtd 25.02.2022 പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 31.03.2022 നകം തുക ഒടുക്കിയാൽ മതിയെന്നിരിക്കെ 08.03.2022 ൽ തുക ഒടുക്കിയിരുന്നു. ഇതിൻ പ്രകാരം കൺഫേമ്ഡ് ഓർഡർ നൽകി 45 ദിവസത്തിനകം ഡെലിവറി നടത്തേണ്ടതാണ്. എന്നാൽ ഡെലിവറി നടത്തുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണുമായി കരാർ ചമച്ചിരുന്നില്ല.

4). 08.03.2022 തുക ഒടുക്കിയതായും CPRCS സോഫ്റ്റ് വെയറിലൂടെ രേഖപ്പെടുത്താൻ സോഫ്റ്റ് വെയർ എറർ കാരണം സാധിച്ചിരുന്നില്ല. എന്നാൽ ഇക്കാര്യം അറിയിച്ചുകൊണ്ട് കെൽട്രോണിന് കത്ത് നൽകുന്നത് 18.04.2022 നാണ്. തുക ഒടുക്കി 40 ദിവസം കഴിഞ്ഞാണ് കത്ത് നൽകിയത്. ഇക്കാര്യത്തിൽ അനാവശ്യമായ കാലതാമസമുണ്ടായതായി വ്യക്തമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 03/M2/2021-22 തീയതി 15.10.2022 നുള്ള മറുപടി പ്രകാരം, മറുപടി തയ്യാറാക്കിയ 25.10.2022 വരെ കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. കെൽട്രോൺ പുതിയ സ്പെസിഫിക്കേഷൻ ലഭ്യമാക്കിയതിലെ കാലതാമസവും കൗൺസിൽ പരിഗണനക്ക് സമർപ്പിച്ചതുമാണ് കാലതാമസത്തിന് കാരണമായി മറുപടിയിൽ വിശദീകരിക്കുന്നത്. യഥാസമയം നടപടികൾ സ്വീകരിക്കാത്തതുമൂലം നഗരസഭയിൽ ലഭ്യമാകേണ്ട 12

കമ്പ്യൂട്ടറുകൾക്ക് പകരം 9 കമ്പ്യൂട്ടറുകളായി കുറയുകയായിരുന്നു. സമയബന്ധിതമായി നടപടിക്രമങ്ങളും ചട്ടങ്ങളും പാലിച്ച് നിയമപരമായി നിലനിൽക്കുന്ന കരാറുകൾ ചമച്ച് വാങ്ങലുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-49 എസ്.സി. പ്രോജക്ട് നമ്പർ 44/2021-22 ഭവന പുനരുദ്ധാരണം - ചെലവുരേഖകളുടെ അഭാവത്തിൽ 5,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ- 44/2021-22

നിർവ്വഹണ ഉദ്യോഗസ്ഥൻ-പ്രോജക്ട് ഓഫീസർ,നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ

ഫണ്ടിനം-വികസനഫണ്ട്(എസ്.സി)

അടങ്കൽ തുക-5,50,000/- രൂപ

ബിൽ നമ്പർ-57 തീയതി 07.12.2021 - 2,50,000/-

ബിൽ നമ്പർ-74 തീയതി 13.01.2022 - 2,50,000/-

ബിൽ നമ്പർ-75 തീയതി 13.01.2022 - 50,000/-

2021-22 സാമ്പത്തിക വർഷം എസ്.സി. പ്രോജക്ട് നമ്പർ 44/2021-22 ഭവന പുനരുദ്ധാരണം പദ്ധതി നടത്തിപ്പിനായി 5,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(കൈ) നം. 22/2018 /ത.സ്വ.ഭ.വ തീയതി 14.02.2018 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.7 പ്രകാരം ഗുണഭോക്താവ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം നടത്തുന്ന പ്രവൃത്തി എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. പരിശോധനക്കായി ചെലവുരേഖകൾ ഹാജരാക്കിയില്ല. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ, എത്ര തുക അനുവദിച്ചു, ഗുണഭോക്താക്കൾക്ക് കൈമാറിയ തുകയുടെ വിവരങ്ങൾ , കൈപ്പറ്റ് രേഖ, ഗുണഭോക്താവുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ, എസ്റ്റിമേറ്റ്,എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ചെലവു രേഖകൾ ഹാജരാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ - 10/M3/2021-22/23.01.2023)നാളിതുവരെ മറുപടി നൽകിയിട്ടില്ല.

മതിയായ രേഖകളുടെ അഭാവത്തിൽ എസ്.സി. പ്രോജക്ട് നമ്പർ 44/2021-22 ഭവന പുനരുദ്ധാരണം പദ്ധതി നടത്തിപ്പിനായി ചെലവഴിച്ച 5,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-50 വാട്ടർ ടാങ്ക് വിതരണം-ചെലവുരേഖകളുടെ അഭാവത്തിൽ 15340/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | - | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| ഫണ്ടിനം | - | വികസന ഫണ്ട്(എസ്.സി.പി) +മറ്റുള്ളവ |

| | |
|---|---|
| പ്രോജക്ട് നം. | എസ്.സി പ്രോജക്ട് നം 48/2021-22 |
| അടങ്കൽ തുക | 16,000 |
| ചെലവ് | - 15,340 |
| ബിൽനമ്പർ/തീയതി | - 202/ 26.03.2022 |

പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വാട്ടർടാങ്ക് വാങ്ങിനൽകുന്ന പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം 15340/- രൂപ ചെലവഴിച്ചിട്ടുണ്ട്. വാട്ടർ ടാങ്ക് വാങ്ങി നൽകാനുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം 16.02.2022 -ലെ കൗൺസിൽ അംഗീകരിച്ചു. 500 Ltr 3 Layer Coating HDP ISO 9001- Certified വാട്ടർടാങ്ക് നൽകിയതായി ARTCO -തൃശ്ശൂർ -ന്റെ ഡെലിവറി ചലാൻ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. 4 വാട്ടർടാങ്കിന് 15340/- രൂപയാണ് Proforma Invoice -ൽ രേഖപ്പെടുത്തിയിട്ടുള്ളത്. ACR പ്രകാരം പ്ലാൻ ഫണ്ട് ചെലവ് 12,000/- രൂപയാണ്. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാക്രമം മറികടന്ന് 4 പേർക്ക് വാട്ടർടാങ്ക് നൽകിയിട്ടുണ്ട്. മുൻഗണനാക്രമം പാലിക്കാത്തതിന് കാരണം രേഖപ്പെടുത്തിയിട്ടില്ല. 15,340/- രൂപ ബിൽ നം. 13464 (തീയതി രേഖപ്പെടുത്തിയിട്ടില്ല) പ്രകാരം ARTCO Ltd -ന് നൽകുന്നതിന് ബഹു. ചെയർമാൻ 30.03.2022 -ൽ മുൻകൂർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇതിന് സാധൂകരണം നൽകിയത് സംബന്ധിച്ച് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. നാല് പേർക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകിയെങ്കിലും ഗുണഭോക്താക്കൾ കൈപ്പറ്റിയതായി തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.6 പ്രകാരം വാട്ടർ ടാങ്കിന് അനുവദിക്കാവുന്ന സബ്സിഡി 75% വും (പരമാവധി 3,000/- രൂപ), ഗുണഭോക്തൃവിഹിതം 25% വും ആണ്. ഇത് പ്രകാരമുള്ള ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നംഎം3-25/2021-22/27.03.2023) മറുപടി നല്കിയിട്ടില്ല. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഈ പദ്ധതിക്കായി ആകെ ചെലവഴിച്ച 15340/- രൂപ തടസ്സപ്പെടുത്തുന്നു.

1-51 യാത്രാ ബത്ത – അധികം കൈപ്പറ്റിയ തുക തിരിച്ചടച്ചു (ഓഡിറ്റ് ഇംപാക്ട്)

| | |
|---|---|
| സൂചന | : ഫയൽ നമ്പർ – G1 – 308/06, വൗച്ചർ നമ്പർ – 58-2/2022 |
| ചെലവ് വിവരം | : 5680/- രൂപ, ചെക്ക് നമ്പർ – 893850 തീയതി 10.02.2022 |

നഗരസഭയിലെ ജീവനക്കാരിയായ ഫാസിലാ ബീഗം, ചീഫ് അക്കൗണ്ടന്റ് തൃശ്ശൂർ കിലയിൽ നടന്ന ട്രെയിനിങ്ങിൽ പങ്കെടുത്തതിന് യാത്രാബത്ത അധികം കൈപ്പറ്റിയിട്ടുണ്ട്. തൃശ്ശൂർ

കിലയിൽ താമസം, ഭക്ഷണ സൗകര്യത്തോടെ നടത്തിയ ട്രെയിനിങ്ങിലെ താമസത്തിന് 1/4 DA ക്കാണ് അർഹത. എന്നാൽ ജീവനക്കാരിക്ക് ഫുൾ DA നൽകിയിട്ടുണ്ട്. ശ്രീമതി. ഫാസിലാ ബീഗം 13.12.2021, 10.10 AM മുതൽ 14.12.2021, 5.10 PM വരെ ഹാൾട്ട് ചെയ്തതിന് 500/- നിരക്കിൽ 1.5 DA @ 500/- = 750/- രൂപ കൈപ്പറ്റിയിട്ടുണ്ട്. യഥാർത്ഥത്തിൽ 750/- രൂപയുടെ 1/4 ആയ 188/- രൂപക്കാണ് അർഹതയുള്ളത്. 562/- രൂപ അധികം കൈപ്പറ്റിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് രസീത് നമ്പർ 01/122010111541 തീയതി 30.01.2023 പ്രകാരം 562/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥ തിരിച്ചടച്ചു.

നഗരസഭയിലെ സീനിയർ ക്ലർക്കായ ചിത്ര.വി.ആർ, 31.11.2021, 10.10AM മുതൽ 02.12.2021, 5.10 PM വരെ 2.5 ദിവസവും 13.12.2021, 10.10 AM മുതൽ 14.12.2021, 5.10 PM വരെ 1.5 ദിവസവും ഹാൾട്ട് ചെയ്തതിന് ആകെ 4 ദിവസത്തിന് (2.5+1.5) ഒരു ദിവസത്തേക്ക് 400/- രൂപ ( മേല്പറഞ്ഞ കാലയളവിൽ 400/- രൂപ ഡി.എ. നിലവിലില്ല. ജീവനക്കാരിക്ക് 350/- രൂപ നിരക്കാണ് അർഹതയുള്ളത്) നിരക്കിൽ 1600/- രൂപ കൈപ്പറ്റിയിട്ടുണ്ട്. 350x4=1400/- രൂപയുടെ 1/4 ആയ 350/- രൂപക്കാണ് അർഹതയുള്ളത്. 1250/- രൂപ അധികം കൈപ്പറ്റിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് രസീത് നമ്പർ 01/122011101044 തീയതി 30.01.2023 പ്രകാരം 1250/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥ തിരിച്ചടച്ചു.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത - 11284/- രൂപയുടെ വരുമാന നഷ്ടം

2011 -ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പട്ടിക (2) പ്രകാരം 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പിങ്ങ് മാളുകൾ സൂപ്പർ മാർക്കറ്റുകൾ എന്നിവയ്ക്ക് നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ വസ്തുനികുതി ചതുരശ്രമീറ്ററിന് 90/- രൂപയും കൂടിയ നികുതി ചതുരശ്രമീറ്ററിന് 140/- രൂപയുമാണ് .വാർഡ് XI -ൽ 983(8) നമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 110/-രൂപ നിരക്കിലാണ്, വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ വാർഡ് -1 -ൽ 490(2) നമ്പരായിട്ടുള്ള അബൂബക്കർ കെ.എം., കാഞ്ഞിരത്തിങ്കൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്

(261.66 ച.മീ) 80/- രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി |
|---|---|---|
| തറ വിസ്തീർണ്ണം | 261.66 $M^2$ | 261.66 $M^2$ |
| വസ്തുനികുതി | 261.66 X 80 = 20933/- രൂപ | 261.66 X 110 = 28782.6 = 28783/- രൂപ |
| മേഖലാ ഇളവ് 10% | -2093/- രൂപ | -2878/- രൂപ |
| റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് 20% | +4187/- രൂപ | +5757/- രൂപ |
| തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് 15% | +3140/- രൂപ | +4317/-രൂപ |
| | 26167/-രൂപ | 35979 /-രൂപ |
| ലൈബ്രറി സെസ് - 5% | +1308/- രൂപ | +1799/- രൂപ |
| സേവനഉപ നികുതി - 10% | +2617/- രൂപ | +3598/- രൂപ |
| | 30092/- രൂപ | 41376/- രൂപ |

നികുതി നിർണ്ണയിച്ചതിൽ 11284/- രൂപയുടെ കുറവുണ്ടായിട്ടുണ്ട് (വസ്തു നികുതി - 9812/-, ലൈബ്രറി സെസ് - 491/-, സേവന ഉപനികുതി - 981/-). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ - 32/M3/2021-22/തീയതി 31.03.2023)നഗര സഭ മറുപടി നൽകിയിട്ടില്ല. 2021-22 ഒന്നാം അർദ്ധവർഷം മുതൽ ഈ നികുതി നിർണ്ണയം പ്രാബല്യത്തിലുണ്ട്. നഗരസഭാ ഫണ്ടിനുണ്ടായ വരുമാന നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കി നഗരസഭാഫണ്ടിൽ അടക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാലിയേറ്റീവ് കെയർ - ഫോൺ അലവൻസ് 1200/- രൂപ അധികം നൽകി

പ്രോജക്ട് നം. S0071/22

ഗവ.ഹോസ്പിറ്റലിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആലുവ നഗരസഭയിൽ 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പ്രോജക്ടാണ് പാലിയേറ്റീവ് കെയർ പ്രോജക്ട് (പ്രോജക്ട് നം. S0071/22). വികസന ഫണ്ട് (പൊതുവിഭാഗം) 13,00,000/- രൂപയും മെയിന്റനൻസ് ഫണ്ട് 1,66,800/- രൂപയുമാണ് പ്രോജക്ടിനായി വകയിരുത്തിയത്. 14,66,800/- രൂപ വകയിരുത്തിയ പ്രോജക്ടിൽ 14,66,799/- രൂപ ചെലവഴിച്ചിട്ടുണ്ട്. 07/03/2019 -ലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ - സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019 ഉത്തരവിലെ 2.13 - പാലിയേറ്റീവ് കെയർ പരിശീലനം

ലഭിച്ച നേഴ്സിന്റെ സേവനം ലഭ്യമാക്കൽ എന്ന ഖണ്ഡികയിലെ 2.13.11 - ൽ ഗൃഹസന്ദർശന സമയത്ത് രോഗികളുടെ രോഗവിവരങ്ങൾ ഡോക്ടർമാരുമായി ചർച്ച ചെയ്ത് പരിചരണ നിർദ്ദേശങ്ങൾ തേടുന്നതിനും പരിശീലന പരിപാടികൾ വിളിച്ചുചേർക്കുന്നതിനും കമ്മ്യൂണിറ്റി നേഴ്സിന് പ്രതിമാസം 200/- രൂപ വീതം ഫോൺ ചാർജ്ജ് ഇനത്തിൽ ഉപാധികൾ കൂടാതെ നൽകാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെയുള്ള ചെലവ് വാച്ചറുകളുടെ പരിശോധനയിൽ ഫോൺ ചാർജ്ജ് അലവൻസ് എല്ലാ മാസവും 300/-രൂപ വീതം നൽകിയതായി കാണുന്നു. തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ചെലവ് വിവരം | തുക | ബിൽ നമ്പർ / തീയതി |
|---|---|---|---|
| 1 | Telephone Allowance 03/2021 | 300.00 | CB No.01/2021-22 Dtd 07.05.2021 |
| 2 | Telephone Allowance 04/2021 | 300.00 | ,, |
| 3 | Telephone Allowance 05/2021 | 300.00 | CB No.02/2021-22 Dtd 11.06.2021 |
| 4 | Telephone Allowance 06/2021 | 300.00 | CB No.03/2021-22 Dtd 19.07.2021 |
| 5 | Telephone Allowance 07/2021 | 300.00 | CB No.04/2021-22 Dtd 09.08.2021 |
| 6 | Telephone Allowance 08/2021 | 300.00 | CB No.05/2021-22 Dtd 13.09.2021 |
| 7 | Telephone Allowance 09/2021 | 300.00 | CB No.06/2021-22 Dtd 18.10.2021 |
| 8 | Telephone Allowance 10/2021 | 300.00 | CB No.07/2021-22 Dtd 08.11.2021 |
| 9 | Telephone Allowance 11/2021 | 300.00 | CB No.08/2021-22 Dtd 08.12.2021 |
| 10 | Telephone Allowance 12/2021 | 300.00 | CB No.09/2021-22 Dtd 24.01.2022 |
| 11 | Telephone Allowance 01/2022 | 300.00 | CB No.10/2021-22 Dtd 09.02.2022 |
| 12 | Telephone Allowance 02/2022 | 300.00 | CB No.12/2021-22 Dtd 14.03.2022 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 02/M2/2021-22 തീയതി 13.10.2022 ന് ലഭ്യമാക്കിയ മറുപടിയിൽ തുക തിരിച്ച് അടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതുവരെ തുക ഒടുക്കിയ രസീത് ഹാജരാക്കിയിട്ടില്ല. മേല്പറഞ്ഞ പ്രകാരം 12 മാസത്തെ ടെലഫോൺ അലവൻസായി അധികം നൽകിയ 1200/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കേണ്ടതാണ്.

3-2 അഗതി രഹിത കേരളം - 38,166.00 രൂപയുടെ അധികച്ചെലവ്

ഫയൽ നമ്പർ - CDS - 11127/2018, CDS - 11127/2020

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ആശ്രയ പദ്ധതിയുടെ ഏകീകൃത രൂപമെന്ന നിലയിൽ സ.ഉ.(എം.എസ്)നം. 252/2017/ത.സ്വ.ഭ.വ തീയതി 12.12.2017 പ്രകാരം സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. നിലവിലുണ്ടായിരുന്ന ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരും തുടർന്നും സേവനം

അർഹിക്കുന്നവരേയും ഉൾപ്പെടുത്തിയാണ് അഗതി രഹിത കേരളം പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിക്കായി കുടംബശ്രീ വഴി സംസ്ഥാന സർക്കാർ അനുവദിക്കുന്ന ചലഞ്ച് ഫണ്ടും അത് കഴിഞ്ഞുള്ള പദ്ധതി തുക മുഴുവനും നഗരസഭകൾ സ്വന്തമായും കണ്ടെത്തണം. അതിജീവനാവശ്യങ്ങളായ ഭക്ഷണം, ആരോഗ്യം, വസ്ത്രം, പെൻഷൻ, വിദ്യഭ്യാസം എന്നീ അവശ്യങ്ങൾക്കായി ഫണ്ട് ചെലവഴിക്കാവുന്നതാണ്. ഭക്ഷണം നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്ന അഗതി കുടുംബങ്ങൾക്ക് പൊതുവിതരണ സംവിധാനത്തിലൂടെ ലഭ്യമാകുന്ന സാധനങ്ങൾക്ക് പുറമെ പോഷകാഹാരക്കിറ്റും ലഭ്യമാക്കേണ്ടതാണ്. ഒരു അംഗത്തിന് പ്രതിമാസം 500/- രൂപയും രണ്ട് അംഗങ്ങൾ ഉള്ള കുടുംബത്തിന് 700/- രൂപയും മൂന്നോ അതിൽ കൂടുതലോ അംഗങ്ങൾ ഉൾപ്പെട്ട കുടുംബത്തിന് 900/- രൂപയും വിനിയോഗിക്കാവുന്നതാണ്. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ (സപ്ലൈകോ) നിന്നാണ് ഭക്ഷ്യവസ്തുക്കൾ വാങ്ങിയിരിക്കുന്നത്.

ആലുവ നഗരസഭയിൽ 2019 ഫെബ്രുവരിയിൽ ആരംഭിച്ച ഭക്ഷ്യക്കിറ്റ് വിതരണ പദ്ധതിയിൽ 58 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. എന്നാൽ ആദ്യമാസം 55 ഗുണഭോക്താക്കളാണ് ഭക്ഷ്യക്കിറ്റ് കൈപ്പറ്റിയിരിക്കുന്നത്. 2019 ഫെബ്രുവരി മാസം മുതൽ 2022 മാർച്ച് മാസം വരെയുള്ള വിതരണ രജിസ്റ്ററിലെ വിവരങ്ങളും സപ്ലൈകോയിൽ നിന്നും ബില്ലുകളും പരിശോധിക്കുമ്പോൾ 2021 ഓഗസ്റ്റ് മാസം വരെ എല്ലാ മാസങ്ങളിലും ആവശ്യമുള്ളതിലധികം ഭക്ഷ്യവസ്തുക്കൾ സപ്ലൈകോയിൽ നിന്നും വാങ്ങിയിട്ടുള്ളതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

പട്ടിക-1

| രജിസ്റ്റർ പ്രകാരം വിതരണം ചെയ്തത് | | | | | ബിൽ പ്രകാരം വാങ്ങിയത് |
|---|---|---|---|---|---|
| വർഷം/മാസം | 500 | 700 | 900 | Total | |
| 2019 ഫെബ്രുവരി | 15 | 18 | 22 | 55 | 58 |
| 2019 മാർച്ച് | 0 | 0 | 0 | 0 | 0 |
| 2019 ഏപ്രിൽ | 14 | 21 | 22 | 57 | 58 |
| 2019 മെയ് | 14 | 21 | 22 | 57 | 58 |
| 2019 ജൂൺ | 13 | 18 | 20 | 51 | 57 |
| 2019 ജൂലൈ | 13 | 18 | 20 | 51 | 57 |

| | | | | | |
|---|---|---|---|---|---|
| 2019 ഓഗസ്റ്റ് | 12 | 16 | 22 | 50 | 52 |
| 2019 സെപ്റ്റംബർ | 12 | 16 | 22 | 50 | 52 |
| 2019 ഒക്ടോബർ | 12 | 17 | 22 | 51 | 52 |
| 2019 നവംബർ | 12 | 17 | 22 | 51 | 52 |
| 2019 ഡിസംബർ | 13 | 18 | 21 | 52 | 53 |
| 2020 ജനവരി | 12 | 17 | 21 | 50 | 53 |
| 2020 ഫെബ്രുവരി | 13 | 17 | 21 | 51 | 53 |
| 2020 മാർച്ച് | 13 | 17 | 21 | 51 | 53 |
| 2020 ഏപ്രിൽ | 16 | 17 | 23 | 56 | 53 |
| 2020 മെയ് | 16 | 17 | 23 | 56 | 53 |
| 2020 ജൂൺ | 14 | 18 | 20 | 52 | 53 |
| 2020 ജൂലൈ | 13 | 17 | 20 | 50 | 53 |
| 2020 ഓഗസ്റ്റ് | 13 | 17 | 20 | 50 | 53 |
| 2020 സെപ്റ്റംബർ | 14 | 17 | 21 | 52 | 53 |
| 2020 ഒക്ടോബർ | 14 | 17 | 21 | 52 | 53 |
| 2020 നവംബർ | 14 | 16 | 21 | 51 | 53 |
| 2020 ഡിസംബർ | 14 | 16 | 21 | 51 | 53 |
| 2021 ജനവരി | 14 | 17 | 20 | 51 | 52 |
| 2021 ഫെബ്രുവരി | 14 | 17 | 21 | 52 | 53 |
| 2021 മാർച്ച് | 13 | 16 | 21 | 50 | 52 |
| 2021 ഏപ്രിൽ | 13 | 16 | 21 | 50 | 52 |
| 2021 മെയ് | 13 | 17 | 19 | 49 | 53 |
| 2021 ജൂൺ | 13 | 17 | 19 | 49 | 53 |
| ആകെ (2019 ഫെബ്രുവരി മുതൽ 2022 മാർച്ച് വരെ) | 376 | 483 | 589 | 1448 | 1500 |
| 2021 ജൂലൈ | 13 | 17 | 19 | 49 | 50 |
| 2021 ഓഗസ്റ്റ് | 13 | 16 | 20 | 49 | 50 |
| 2021 സെപ്റ്റംബർ | 13 | 16 | 19 | 48 | 48 |
| 2021 ഒക്ടോബർ | 13 | 16 | 19 | 48 | 48 |
| 2021 നവംബർ | 13 | 16 | 19 | 48 | 48 |
| 2021 ഡിസംബർ | 13 | 16 | 19 | 48 | 48 |
| 2022 ജനവരി | 13 | 19 | 18 | 50 | 48 |
| 2022 ഫെബ്രുവരി | 13 | 16 | 19 | 48 | 48 |
| 2022 മാർച്ച് | 13 | 16 | 19 | 48 | 48 |
| ആകെ (2021 ജൂലൈ മുതൽ 2022 മാർച്ച് വരെ) | 130 | 148 | 171 | 436 | 436 |
| ആകെ (2019 ഫെബ്രുവരി മുതൽ 2022 മാർച്ച് വരെ) | 493 | 631 | 760 | 1884 | 1936 |

മേൽ പറഞ്ഞ കണക്കുകൾ പ്രകാരം 52 (1936-1884) കിറ്റുകളിലേക്കുള്ള സാധനങ്ങൾ അധികമായി വാങ്ങിയിട്ടുണ്ട്. 500/-, 700/-, 900/- രൂപ കിറ്റുകളിൽ ഏതാണ് അധികമായി വന്നിട്ടുള്ളതെന്ന് കണക്കാക്കാൻ രജിസ്റ്ററിൽ നിന്നും സാധിക്കുന്നില്ല. എന്നിരുന്നാലും സർക്കാർ നിർദ്ദേശ പ്രകാരം ചെലവഴിക്കാവുന്ന തുകയിലും അധികം തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. സർക്കാർ നിർദ്ദേശപ്രകാരം ചെലവഴിക്കാവുന്ന തുക താഴെ ചേർക്കും പ്രകാരം കണക്കാക്കാവുന്നതാണ്.

പട്ടിക-2

| കിറ്റിന്റെ തുക | വിതരണം ചെയ്ത എണ്ണം | ചെലവഴിക്കാവുന്ന തുക |
|---|---|---|
| 500 | 493 | 2,46,500.00 |

| | | |
|---|---|---|
| 700 | 631 | 4,41,700.00 |
| 900 | 760 | 6,84,000.00 |
| ആകെ | | 13,72,200.00 |

മേല്പറഞ്ഞ കാലയളവിൽ വാങ്ങിയ സാധനങ്ങളുടെ വിലയായി സപ്ലൈകോ ബിൽ പ്രകാരം ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

പട്ടിക - 3

| വർഷം / മാസം | തുക | ചെക്ക് നമ്പർ | തീയതി |
|---|---|---|---|
| 2019 ഫെബ്രുവരി | 40836.00 | 394681 | 26.03.2019 |
| 2019 ഏപ്രിൽ<br>2019 മെയ് | 82265.00 | 394683 | 03.06.2019 |
| 2019 ജൂൺ<br>2019 ജൂലൈ | 77133.00 | 394686 | 30.07.2019 |
| 2019 ഓഗസ്റ്റ്<br>2019 സെപ്റ്റംബർ | 73903.00 | 394687 | 16.09.2019 |
| 2019 ഒക്ടോബർ<br>2019 നവംബർ | 77448.00 | 394689 | 18.11.2019 |
| 2019 ഡിസംബർ | 39187.00 | 394690 | 16.12.2019 |
| 2020 ജനവരി | 43359.00 | 095426 | 10.02.2020 |
| 2020 ഫെബ്രുവരി | 45755.00 | 095427 | 10.03.2020 |
| 2020 മാർച്ച്<br>2020 ഏപ്രിൽ | 79217.00 | 095428 | 28.04.2020 |
| 2020 മെയ് | 36734.00 | 095429 | 20.06.2020 |
| 2020 ജൂൺ | 39544.00 | 095430 | 13.07.2020 |
| 2020 ജൂലൈ<br>2020 ഓഗസ്റ്റ് | 77749.00 | 095431 | 25.09.2020 |
| 2020 സെപ്റ്റംബർ<br>2020 ഒക്ടോബർ | 77257.00 | 095432 | 03.11.2020 |
| 2020 നവംബർ<br>2020 ഡിസംബർ | 74341.00 | 095433 | 28.01.2021 |
| 2021 ജനവരി | 39523.00 | 095434 | 28.01.2021 |
| 2021 ഫെബ്രുവരി | 39773.00 | 095435 | 04.03.2021 |
| 2021 മാർച്ച് | 74181.00 | 095436 | 30.03.2021 |

| | | | |
|---|---|---|---|
| 2021 ഏപ്രിൽ | | | |
| 2021 മെയ് | 75867.00 | 095437 | 10.06.2021 |
| 2021 ജൂൺ | | | |
| 2021 ജൂലൈ | 36586.00 | 254681 | 12.11.2021 |
| 2021 ഓഗസ്റ്റ് | 36467.00 | 254682 | 12.11.2021 |
| 2021 സെപ്റ്റംബർ | 34773.00 | 254683 | 12.11.2021 |
| 2021 ഒക്ടോബർ | 34793.00 | 254684 | 12.112021 |
| 2021 നവംബർ | 34548.00 | 254685 | 30.11.2021 |
| 2021 ഡിസംബർ | 34783.00 | 254686 | 24.12.2021 |
| 2022 ജനുവരി | 34744.00 | 254687 | 31.01.2022 |
| 2022 ഫെബ്രുവരി, മാർച്ച് | 69600.00 | 254688 | 24.03.2022 |
| ആകെ | 1410366.00 | | |

ഭക്ഷ്യവസ്തുക്കളുടെ വിതരണ രജിസ്റ്റർ പ്രകാരം 2019 ഫെബ്രുവരിയിൽ ആരംഭിച്ച ഭക്ഷ്യക്കിറ്റ് വിതരണ പദ്ധതിയിൽ 500/-രൂപയുടെ ഭക്ഷ്യകിറ്റുകൾ കൈപ്പറ്റുന്ന 17 ഗുണഭോക്താക്കളും 700/-രൂപയുടെ കിറ്റുകൾ കൈപ്പറ്റുന്ന 19 ഗുണഭോക്താക്കളും 900/- രൂപയുടെ കിറ്റുകൾ കൈപ്പറ്റുന്ന 22 ഗുണഭോക്താക്കളും ഉൾപ്പെടെ 58 ഗുണഭോക്താക്കൾ പട്ടികയിൽ ഉൾപ്പെടുകയും ജില്ലാമിഷനും സംസ്ഥാന സർക്കാരും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പട്ടിക - 1 പ്രകാരം 58 മുതൽ 48 വരെ കിറ്റുകൾ വിവിധ മാസങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കളുടെ എണ്ണം മാറിയതിന്റെ കാരണം വ്യക്തമാകുന്നില്ല. പദ്ധതി ആരംഭിച്ച 2019 ഫെബ്രുവരി മുതൽ 2021 ജൂൺ വരെയുള്ള ഭക്ഷ്യ വിതരണ രജിസ്റ്ററുകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ വിതരണത്തിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി - M2 - 35/2019-20തീയതി 12.08.2021 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടിയിൽ നിന്നും കൃത്യമായ കണക്കില്ലാതെ ഭക്ഷ്യക്കിറ്റുകൾ വാങ്ങിയതെന്നും ഒഴിവാക്കേണ്ടവരെ അതാത് സമയത്ത് ഒഴിവാക്കിയിട്ടില്ലെന്നുമാണ് മനസ്സിലാകുന്നത്. 2019 ഫെബ്രുവരി മുതൽ 2021 ജൂൺ വരെയുള്ള കാലയളവിൽ രണ്ട് മാസമൊഴികെ എല്ലാ മാസവും 1 മുതൽ 4 കിറ്റുകൾ വരെ അധികം വാങ്ങിയിട്ടുണ്ട്. ഗുണഭോക്താക്കൾ കിറ്റ് വാങ്ങാൻ വരുമെന്ന പ്രതീക്ഷയിൽ അധികം കിറ്റുകൾ വാങ്ങിയെന്നും ഇവ എലി നശിപ്പിച്ചുവെന്നുമാണ് മറുപടിയിൽ പറയുന്നത്. ഒരിക്കൽ എലി നശിപ്പിച്ചെങ്കിൽ തുടർന്നുള്ള മാസങ്ങളിൽ ഇവ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സാഹചര്യം ഒരുക്കേണ്ടതായിരുന്നു. ഓരോ മാസവും അധികമായി വാങ്ങിയ കിറ്റുകൾ എലി നശിപ്പിച്ചുവെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. മരണപ്പെട്ട 4 ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള 27.03.2019 ലെ സി.ഡി.എസ് തീരുമാനം വിലയിരുത്തൽ സമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കുന്നത് 24.06.2021 തീയതിയിലാണ്. 15 മാസത്തെ

കാലതാമസമുണ്ടായിട്ടുണ്ട്. വിലയിരുത്തൽ സമിതി ഒഴിവാക്കുന്ന മരണപ്പെട്ടവരുടെ എണ്ണം സി.ഡി.എസ് തീരുമാനിച്ച 4 ൽ നിന്നും 7 എണ്ണമായി വർദ്ധിക്കുന്നുമുണ്ട്. ഈ 7 ഗുണഭോക്താക്കൾ എന്ന് മരണപ്പെട്ടുവെന്ന് മറുപടിയിൽ വ്യക്തമല്ല. ഈ സാഹചര്യത്തിൽ എന്ന് മുതലാണ് ഇവർക്ക് ആനുകൂല്യത്തിന് അർഹതയില്ലാത്തതെന്ന് കണക്കാക്കാൻ സാധിക്കില്ല. 2019 ഫെബ്രുവരി മുതൽ 2021 ജൂൺ വരെയുള്ള വിതരണത്തിലാണ് 52 കിറ്റുകൾ അധികം നൽകിയതെന്ന് വ്യക്തമാണ്. ഇക്കാര്യത്തിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് ശേഷമുള്ള 2021 ജൂലൈ മുതൽ 2022 മാർച്ച് വരെയുള്ള കാലയളവിൽ ഏതാനും മാസങ്ങളിൽ കിറ്റുകളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടെങ്കിലും ആകെ വാങ്ങിയതും വിതരണം ചെയ്തതുമായ കിറ്റുകളുടെ എണ്ണം 436 വീതമാണെന്ന് കാണാൻ സാധിക്കും (പട്ടിക – 1). വിതരണത്തിലെ അപാകത ഓഡിറ്റ് ശ്രദ്ധയിൽപ്പെടുത്തിയശേഷം ഇക്കാര്യത്തിൽ സൂക്ഷ്മത കാണിച്ചിട്ടുണ്ടെന്നുവേണം മനസ്സിലാക്കാൻ.

2019 ഫെബ്രുവരി മുതൽ 2022 മാർച്ച് വരെ 13,72,200.00 രൂപയുടെ ഭക്ഷ്യക്കിറ്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളുവെന്നിരിക്കെ സപ്ലൈക്കോക്ക് 14,10,366.00 രൂപ ചെലവായിരിക്കുന്ന സാഹചര്യത്തിൽ 38,166.00 രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. അധികം ചെലവഴിച്ച തുക ഈ കാലയളവിലെ ഭക്ഷ്യ വിതരണത്തിന്റെ ചുമതലയുണ്ടായിരുന്ന സി.ഡി.എസ് മെമ്പർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

3-3 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - 12600/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രോജക്റ്റ് നമ്പർ 89/2021-22(SO),

പ്രോജക്റ്റ് നമ്പർ 96/2021-22 (SO),

ഫയൽ നമ്പർ - E1/7744/20, E13070/21

നഗരസഭാ പരിധിയിലെ സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ് കരാറിന്റെ കാലാവധി 24.07.2020 ൽ അവസാനിച്ചതിനേത്തുടർന്ന് പുതുക്കിയ ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ കരാർ തുകയായ 350/- നിരക്കിൽ 2019-20 ലെ കരാറുകാരന് തന്നെ കരാർ ഉറപ്പിച്ചു നൽകുകയായിരുന്നു. ഇതിൻ പ്രകാരം Agmt. No. 02/Sec/2020-21 കരാർ 04.11.2020 ലാണ് നിലവിൽ വന്നത്. മെയിന്റനൻസിന് ആവശ്യമായ സാധനങ്ങൾ നഗരസഭ നേരിട്ട് വാങ്ങുകയും മെയിന്റനൻസ് ഏറ്റെടുത്തിരിക്കുന്ന വ്യക്തിക്ക് ആവശ്യാനുസരണം വിതരണം നടത്തുകയും ചെയ്യുന്നു. മേല്പറഞ്ഞ കരാർ പ്രകാരം നിർവ്വഹിച്ച മെയിന്റനൻസ് വേലകളുടെ ചെലവ് വിവരം താഴെ ചേർക്കുന്നു.

ചെലവ് വിവരം

I & Part Bill - 1,82,000/- രൂപ (ചെക്ക് നമ്പർ - 923615 തീയതി 15.02.2021 – 1,58,321/-(റിക്കവറി കിഴിച്ച്)

II & Part Bill - 2,27,150/- രൂപ (ചെക്ക് നമ്പർ - 475097 തീയതി 12.07.2021 – 1,00,000/-(റിക്കവറി കിഴിച്ച്)

(ചെക്ക് നമ്പർ - 475118 തീയതി 02.08..2021 – 99,868/-(റിക്കവറി കിഴിച്ച്)

III & Final Bill - 1,26,350/-രൂപ (ചെക്ക് നമ്പർ - 893770 തീയതി 01.12.2021 – 1,20,622/-(റിക്കവറി കിഴിച്ച്)

IIIrd & Part Bill പ്രകാരം 361 പോസ്റ്റുകളിലെ അറ്റകുറ്റപ്പണികൾക്ക് 350/- രൂപ വീതം 1,26,350/- രൂപയാണ് കരാറുകാരൻ ക്ലെയിം ചെയ്തിരിക്കുന്നത്. റിക്കവറികൾ കിഴിച്ച് ചെക്ക് നമ്പർ - 893770 തീയതി 01.12.2021 പ്രകാരം 1,20,622/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. മെയിന്റനൻസ് നടത്തിയ 361 പോസ്റ്റുകളിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെടുന്ന 36 LED ബൾബുകൾ ഉൾപ്പെടുന്നതായും ഇതിൻ പ്രകാരം KSEB യിൽ നിന്നും 36 LED ബൾബുകൾ ലഭിച്ചതായും 09.08.2021 ൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ.ഉ.(കൈ) നം. 202/2020 /ത.സ്വ.ഭ.വ തീയതി 25.12.2020പ്രകാരം നിലാവ് പദ്ധതി പ്രകാരം സ്ഥാപിക്കുന്ന LED ബൾബുകളുടെ കാലാവധി 7 വർഷമായിരിക്കുമെന്നും വാറന്റി കാലാവധിക്കുള്ളിൽ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച LED ബൾബുകളിൽ കേടാകുന്നവ സൗജന്യമായി EESL പുന:സ്ഥാപിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. സർക്കുലർ നമ്പർ EWB.1/101/2020/ത.സ്വ.ഭ.വ തീയതി 26.10.2022 പ്രകാരം വാറണ്ടി കാലയളവിൽ EESL ലഭ്യമാക്കുന്ന ബഫർ സ്റ്റോക്ക് ഉപയോഗിച്ച് മാറ്റി സ്ഥാപിക്കുന്നതിനുള്ള ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടെങ്കിലും മേല്പറഞ്ഞ കരാർ കാലാവധിയിൽ നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം വാറണ്ടി കാലാവധിയിൽ കേടാകുന്ന LED ബൾബുകൾ EESL ആണ് പുനസ്ഥാപിക്കേണ്ടത്. ഈ സാഹചര്യത്തിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെടുന്നതും വാറണ്ടി കാലയളവിൽ കേടായതുമായ 36 ബൾബുകൾ മാറ്റി സ്ഥാപിച്ചതിന് കരാറുകാരന് 350/- രൂപ നിരക്ക് അനുവദിച്ചത് അംഗീകരിക്കാനാകില്ല. അധികം നൽകിയ 12600/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 07/M2/2021-22 തീയതി 06.12.2022 ന് നൽകിയ മറുപടിയിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെട്ട വാറണ്ടി കാലയളവിലെ ബൾബുകൾ പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദീകരിച്ചിട്ടില്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഇല്ല | | | | | |

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈറ്റ് വലിക്കൽ | BRN No. 21110447019701525868 | 14153 രൂപ | UC ലഭ്യമായിട്ടില്ല | |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-4 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നം | വായ്പയുടെ പേര് | ഉത്തരവ് നമ്പർ / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 1734/95/LAD 30.03.1995 | 3050000 രൂപ | 915000 രൂപ | NIL | NIL | 915000 രൂപ |
| 2 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 1608/96/LAD 27.03.1996 | 1022000 രൂപ | 306600 | NIL | NIL | 306600 രൂപ |
| 3 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 4448/96/LAD 12.02.1996 | 1011300 രൂപ | 407910 | NIL | NIL | 407910 രൂപ |
| 4 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 3344/98/LAD 17.11.1998 | 2583000 രൂപ | 1291500 | NIL | NIL | 1291500 രൂപ |
| 5 | ഗവൺമെന്റ് ലോൺ IDSMT | G.O(Rt) 4353/00/LSGD 27.10.2000 | 2570000 രൂപ | 1739997 | NIL | NIL | 1739997 രൂപ |

4-5 സ്ഥിര നിക്ഷേപം

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2020-21 | 2-1 | 531 | ശ്രീമതി. ശ്രീലിനി എൽ., JHI Gr.I | 01/122011100589 Dated 05.09.2022 |
| | 3-1 | 1100 | ശ്രീമതി. സിനിമോൾ എ.റ്റി. | 01/122010108538 |

| | | | | |
|---|---|---|---|---|
| | | | C/o Dr. പ്രസന്നകുമാരി, സൂപ്രണ്ട്, ജില്ല ആശുപത്രി | Dated 27.10.2022 |
| | 3-5 | 6960 | ശ്രീ. അഖിൽ ജിഷ്ണ. പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01/122010113857 Dated 9.03.2023<br>01/122010113858 Dated 09.03.2023<br>01/122010113855 Dated 09.03.2023<br>01/122010113856 Dated 09.03.2023<br>01/122010113859 Dated 09.03.2023<br>01/122010113860 Dated 09.03.2023 |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിപ്പിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 ചെലവ് | ഖ.48 | 1999-2000<br>2001-02 | ഖ.V(i)<br>ഖ. VI.2.7(iii) | ഹരിതനഗരം സുന്ദര നഗരം ക്രമക്കേടുകൾ | ബന്ധപ്പെട്ടഫയലുകൾ ഓഡിറ്റിനായി ഹാജരാക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതുവരെ ഹാജരാക്കിയിട്ടില്ല. |
| 1997-98 | | 1999-2000 | ഖ.V(2) | ഗവ.ബോയ്സ് സ്കൂളിന് ഭൗതിക സാഹചര്യം ഒരുക്കൽ | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1997-98 | ഖ.47 | 1999-2000 | ഖ.V(3) | വ്യവസായ പരിശീലനം -ധന ദുർവിനിയോഗം | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1997-98 | ഖ.32 | 1999-2000 | ഖ.VI(2) | കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ച് ഫില്ലിംഗ് അധികനിരക്ക് അനുവദിച്ചു. | അന്തിമ തീരുമാനം സമിതിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| 1998-99 | ഖ.59 | 2001-02 | ഖ.2.7(V) | പെരിയാറിനു കുറുകെ തുക്കുപാലം-എഗ്രിമെന്റ് വയ്ക്കാതെ 6 ലക്ഷം രൂപ അഡ്വാൻസ് നൽകി. | തുക ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ ആയത് ഈടാക്കിയിട്ടില്ല. |
| 1998-99 | ഖ.61 | 2001-02 | ഖ.2.7(Vi) | ആലുവ മണപ്പുറത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം -അധികം തുക ചെലവഴിച്ചു. | തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |
| 1998-99 | ഖ.35 | 2001-02 | ഖ.2.7(Vii) | സ്റ്റേഡിയം ഗ്രൗണ്ടിൽ നിന്നും മണ്ണ് ടൗൺ ഹാൾ സൈറ്റിൽ ഇട്ടത്- അധിക തുക അനുവദിച്ചു. | നിരാകരിച്ച തുകയിൽ 11,011 രൂപ ഇനിയും തിരികെ ഈടാക്കേണ്ടതുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | 2001-02 | ഖ.2.7(Viii) | ഗവ.ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ അറ്റകുറ്റപ്പണി രേഖകൾ ഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു. |
| | | 2001-02 | ഖ.2.7(ix) | തയ്യൽ മെഷീനുകൾ വാങ്ങിയത് 15,873/- രൂപയുടെ നഷ്ടം | തുക നാളിതുവരെ ഈടാക്കി അറിയിച്ചിട്ടില്ല. |
| 1999-00 | ഖ.34 | 2002-03 | 15(ii) | ബോട്ടുകൾ വാങ്ങലും ജെട്ടി നിർമ്മാണവും | വിദഗ്ധസമിതി അംഗങ്ങളിൽ നിന്നും തുക തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നു. തുക ഈടാക്കി അറിയിച്ചിട്ടില്ല. |
| 1999-00 | ഖ.31 | 2002-03 | 15(iii) | ഓപ്പൺ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം | തുക ഫൈനൽ ബില്ലിൽ നിന്നും കുറവുചെയ്തിട്ടുണ്ട്. സമിതി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു. |
| 1999-00 | ഖ.26 | 2002-03 | 15(vi) | പ്രിയദർശിനി ടൗൺ ഹാൾ മോടി പിടിപ്പിക്കൽ-ക്രമക്കേടുകൾ | നടപടികൾ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. സമിതി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു. |
| 1999-00 | | 2002-03 | VIII/ | റവന്യൂ ഇൻസ്പെക്ടർ ശ്രീ. ഒ. അബ്ദുൾ ലത്തീഫിന് നൽകിയ രസീത് ബുക്ക് നഗരസഭയിൽ തിരികെ ഏൽപ്പിച്ചിട്ടില്ല. | പിഴപ്പലിശ സഹിതം തുക തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2002-03 | ഖ.14 | 2003-04 | ഖ.5.1 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ക്ഷാമബത്ത കുടിശ്ശിക നൽകി | തുക മുഴുവൻ തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2000-01 | ഖ.40 | 2003-04 | ഖ.5.2 | മോട്ടോർ കൺവെയൻസ് അഡ്വാൻസ് നടപടിക്രമം പാലിച്ചിട്ടില്ല. | തുക മുഴുവൻ തിരികെ ഈടാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പരാമർശം തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | പത്രപരസ്യം നൽകൽ-നിബന്ധനകൾ പാലിച്ചിട്ടില്ല. ഹാജരാക്കാൻ | നഷ്ടത്തുക ഉത്തരവാദിയിൽ നിന്നും ഈടാക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ തുക ഈടാക്കിയിട്ടില്ല. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | വാഹനവായ്പ അനുവദിച്ചത് ഗുരുതരമായ ക്രമക്കേടുകൾ. | മൂന്നു ജീവനക്കാർ തുക അടച്ചു. ഒരാളിൽ നിന്നും തുക ഈടാക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | ജനകീയാസൂത്രണം-വാച്ചർക്ക് പദ്ധതി ഗ്രാന്റിൽ നിന്നും ശമ്പളം നൽകിയത് | തുക തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ ആയത് ഈടാക്കിയിട്ടില്ല. |
| 2000-01 | | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | പൊതുമരാമത്ത് പണികളിലെ അപാകതകൾ-22,829/- രൂപ നിരാകരിച്ചു. | ഉത്തരവാദികളിൽ നിന്നും തുക തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ നഷ്ടത്തുക ഈടാക്കിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 2001-02 | ഖ.29 46,47,48 | 2004-05 | ഖ.II : 3(4) | മരാമത്ത് പണികൾ 8.5 ലക്ഷത്തിന് രേഖയില്ല. | ഫയലുകൾ പരിശോധിച്ചതിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. സമിതി നിർദ്ദേശം ലഭിക്കാത്തതിനാൽ പരാമർശത്തിന് തീർപ്പുകൽപ്പിച്ചിട്ടില്ല. |
| 2002-03 | ഖ.14 | 2004-05 | ഖ.II:3(5) | വിരമിച്ച ജീവനക്കാർക്ക് അധികം നൽകിയ പെൻഷൻ തുക തിരിച്ചുപിടിക്കേണ്ടതാണ്. | നഷ്ടത്തുക 98,053/- രൂപ തിരികെ ഈടാക്കാൻ സമിതി നിർദ്ദേശിച്ചതനുസരിച്ച് തുക മുഴുവൻ ഈടാക്കിയിട്ടുണ്ട്. സമിതി നിർദ്ദേശത്തിന്റെ അഭാവത്തിൽ പരാമർശം തീർപ്പ് കൽപ്പിച്ചിട്ടില്ല. |
| 2002-03 | 27 & 33 | 2004-05 | ഖ.II:3(6) | നഗരസഭകൾ എസ്റ്റിമേറ്റ് മാറ്റുന്നു- ദുർവ്യയം ഏറുന്നു. | സർക്കാർ സാധൂകരണം ലഭിക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല. |
| 2003-04 | 2-11 | 2005-06 | അദ്ധ്യായം 3.16.1 | സി.ഡി.എസ് വായ്പ തിരിച്ചടച്ചില്ല | |
| | 2-6 | 2005-06 | അദ്ധ്യായം 3.16.2 | വനിതാ സംഘങ്ങൾക്ക് ക്രമ വിരുദ്ധമായി റിവോൾവിംഗ് ഫണ്ട് | |
| | 2-23 | 2005-06 | അദ്ധ്യായം 3.16-3 | അനധികൃത കൈയ്യേറ്റം നഗരസഭയ്ക്ക് 48 സെന്റ് ഭൂമി നഷ്ടമായി | |
| | | 2012-13 | ഖണ്ഡിക 2-6 | ലൈബ്രറികളുടേയും സാംസാകാരിക നിലയങ്ങളുടേയും നടത്തിപ്പ് | |
| | | | ഖണ്ഡിക 3-1-5 | ഖരമാലിന്യങ്ങളുടെ ഉൽപാദനം കണക്കുകൾ ലഭ്യമല്ല | |
| 2013-14 | നിഷ്ക്രിയാസ്തി-ഖണ്ഡിക 5 | 2014-15 | ഖണ്ഡിക 4-1-2 | നിഷ്ക്രിയാസ്തികളും ഇനങ്ങളും -ഇ-ടോയ് ലെറ്റ് | ഖണ്ഡികയിൽ പരാമർശിക്കുന്ന ടോയ് ലറ്റ് പ്രവർത്തനക്ഷമമല്ല. |
| 2013-14 | നിഷ്ക്രിയാസ്തി-ഖണ്ഡിക 6 | | ഖണ്ഡിക 4-1-5 | വനിതാവ്യവസായ വിപണ കേന്ദ്രം | ഇപ്പോഴും പ്രവർത്തനക്ഷമമല്ല |
| 2013-14 | നിഷ്ക്രിയാസ്തി-ഖണ്ഡിക 1 | | ഖണ്ഡിക 4-1-9 | മത്സ്യമാർക്കറ്റുകളും ചന്തകളും-പ്രവർത്തന ക്ഷമമാക്കിയില്ല | മത്സ്യമാർക്കറ്റ് കെട്ടിടത്തിന്റെ ഒന്നാം നിലയിലെ 23 കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു |
| 2013-14 | നിഷ്ക്രിയാസ്തി-ഖണ്ഡിക 5 | | ഖണ്ഡിക 4-1-14 | ഇ-ടെയ് ലെറ്റുകളും ശൗചാലയങ്ങളും പ്രയോജനപ്പെടുന്നില്ല | നെഹ്റു പാർക്കിന് സമീപമുള്ള ഇ-ടോയ് ലെറ്റ് പ്രവർത്തിക്കുന്നില്ല. മറ്റ് 5 ഇ-ടോയ് ലറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| 2013-14 | ഖണ്ഡിക 3-17 | | ഖണ്ഡിക 5-7-14 | കശാപ്പുശാലകൾ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണം | അറവുശാല പ്രവർത്തനക്ഷമമാക്കിയിട്ടില്ല |
| 2015-16 | ഖണ്ഡിക 3-8 | 2016-17 | ഖണ്ഡിക 8-3 | പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് AMC നൽകിയത് | വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമല്ല. |
| 2015-16 | ഖണ്ഡിക 3-2 | 2016-17 | ഖണ്ഡിക 8-4 | ബ്രഹ്മപുരം പ്ലാന്റിൽ നിക്ഷേപിക്കേണ്ട മാലിന്യം അജ്ഞാതസ്ഥലത്ത് നിക്ഷേപിച്ചു | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2015-16 | ഖണ്ഡിക 3-3 | 2016-17 | ഖണ്ഡിക 8-5 | മാലിന്യ നിർമ്മാർജ്ജന പദ്ധതി പരാജയം-28.53 ലക്ഷം രൂപ തിരിച്ചടച്ചു. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2016-17 | ഖണ്ഡിക | 2017-18 | ഖണ്ഡിക | വസ്തുനികുതി | ഓഡിറ്റ് റിപ്പോർട്ടിൽ |

| | | | | | |
|---|---|---|---|---|---|
| | 2-1 | | 1-7(1) | നിർണ്ണയത്തിലെ അപാകതകൾ | വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2016-17 | ഖണ്ഡിക 2-10 | 2017-18 | ഖണ്ഡിക 1-7(2) | വനിത സാനിറ്ററി കോംപ്ലക്സിനുവേണ്ടി അനുവദിച്ച തുക ചെലവഴിച്ചിട്ടില്ല. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2016-17 | ഖണ്ഡിക 3-5 | 2017-18 | ഖണ്ഡിക 1-7(3) | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നില്ല. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2016-17 | ഖണ്ഡിക 3-10 | 2017-18 | ഖണ്ഡിക 1-7(4) | അറവുശാല നിർമ്മാണം- നിർവ്വഹണം നടന്നില്ല. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| 2017-18 | ഖണ്ഡിക 3-2 | 2018-19 | അധ്യായം-3 ആലുവ മുനിസിപ്പാലിറ്റി-1 | അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതിനാൽ വയോമിത്രം പദ്ധതി നടപ്പായില്ല. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |
| | ഖണ്ഡിക 3-3 | 2018-19 | അധ്യായം-3 ആലുവ മുനിസിപ്പാലിറ്റി-2 | തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണം- വ്യക്തമായ ആസൂത്രണമില്ല- പദ്ധതി പ്രാരംഭദിശയിൽ തുടരുന്നു- 47.89 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | ഓഡിറ്റ് റിപ്പോർട്ടിൽ വിവരിക്കുന്ന അവസ്ഥ തുടരുന്നു. |

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 20,97,62,938.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 21,17,12,160.00 |
| വരവിനങ്ങളിലുള്ള നഷ്ടം | | 11,284.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 51,966.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 12,37,528.00 |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 10,793.00 | | ശ്രീ. വസന്തൻ എം., റവന്യൂ ഓഫീസർ (ഇൻ ചാർജ്ജ്) |
| 3-1 | | 1,200.00 | ഡോ.പ്രസന്നകുമാരി.കെ, മെഡിക്കൽ ഓഫീസർ, അലോപ്പതി |
| 3-2 | | 38,166.00 | ശ്രീ. അഖിൽ ജിഷ്ണു, മെമ്പർ സെക്രട്ടറി, കുടുംബശ്രീ |
| 3-3 | | 12,600.00 | ശ്രീമതി.ഐശ്വര്യ ബി സിങ്ങ്, അസ്സി. എഞ്ചിനീയർ, |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-39 | 4,72,190.00 | ശ്രീ. ഷാഹിർ.എം.പി, ജെ.എച്ച്.ഐ, പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ |
| 1-40 | 24,998.00 | ശ്രീ. അഖിൽ ജിഷ്ണു, ജെ.എച്ച്.ഐ, പ്രോജക്റ്റ് ഓഫീസർ,നഗരദാരിദ്ര നിർമ്മാർജ്ജന സെൽ |
| 1-41 | 1,50,000.00 | ശ്രീ. അഖിൽ ജിഷ്ണു, ജെ.എച്ച്.ഐ, പ്രോജക്റ്റ് ഓഫീസർ,നഗരദാരിദ്ര നിർമ്മാർജ്ജന സെൽ |
| 1-46 | 25,000.00 | ശ്രീ. അഖിൽ ജിഷ്ണു, ജെ.എച്ച്.ഐ, പ്രോജക്റ്റ് ഓഫീസർ,നഗരദാരിദ്ര നിർമ്മാർജ്ജന സെൽ |

| | | |
|---|---|---|
| 1-49 | 5,50,000.00 | ശ്രീ. അഖിൽ ജിഷ്ണു, ജെ.എച്ച്.ഐ, പ്രോജക്റ്റ് ഓഫീസർ,നഗരദാരിദ്ര നിർമ്മാർജ്ജന സെൽ |
| 1-50 | 15,340.00 | ശ്രീ. ഷാഹിർ.എം.പി, ജെ.എച്ച്.ഐ, പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 2-1 | 491.00 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അഖിൽ ജിഷ്ണു, ജെ.എച്.ഐ. പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ | ശ്രീ. അഖിൽ ജിഷ്ണു, ജെ.എച്ച്.ഐ. പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ, ആലുവ മുനിസിപ്പാലിറ്റി | ശ്രീ. അഖിൽ ജിഷ്ണു, മാടശ്ശേരിൽ വീട്, പരിയാപുരം.P.O, അങ്ങാടിപ്പുറം, മലപ്പുറം – 679 123 |
| ശ്രീ. ഷാഹിർ.എം.പി, ജെ.എച്.ഐ പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ | ശ്രീ. ഷാഹിർ.എം.പി, എച്ച്.ഐ ഗ്രേഡ് II കൊച്ചി കോർപ്പറേഷൻ | ശ്രീ. ഷാഹിർ.എം.പി, മരുങ്കൽ വീട്, അരൂർ, ആലപ്പുഴ |
| ഡോ.പ്രസന്നകുമാരി.കെ, മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.പ്രസന്നകുമാരി.കെ, മെഡിക്കൽ സൂപ്രണ്ട്, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ഫോർട്ട് കൊച്ചി | ഡോ.പ്രസന്നകുമാരി.കെ, വാളച്ചിറപ്പറമ്പിൽ വീട്, ഏലൂർ നോർത്ത്, ഉദ്യോഗമണ്ഡൽ പി.ഒ., എറണാകുളം ജില്ല |
| ശ്രീമതി. ഐശ്വര്യ ബി സിങ്ങ്, അസ്സി.എഞ്ചിനീയർ | ശ്രീമതി. ഐശ്വര്യ ബി സിങ്ങ്, അസ്സി.എഞ്ചിനീയർ, കടമാക്കുടി ഗ്രാമ പഞ്ചായത്ത്. | ശ്രീമതി. ഐശ്വര്യ ബി സിങ്ങ്, പോഴോത്ത് വീട് ഷൺമുഖപുരം, പച്ചാളം, കൊച്ചി – 12 |
| ശ്രീ. വസന്തൻ എം., റവന്യൂ ഓഫീസർ (ഇൻ ചാർജ്ജ്) | ശ്രീ. വസന്തൻ എം., ഡെപ്യൂട്ടി കോർപ്പറേഷൻ സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ | നങ്ങേലിൽ വീട്, മരുത്തു കവല, ഇരിങ്ങോൾ പി.ഒ. പെരുമ്പാവൂർ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.ഇ.(എം1)849/99 തീയതി 05.07.1999 | 29 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |

| | | | |
|---|---|---|---|
| 1997-98 | എൽ.എഫ്.ഇ.(എം1)1006/00 തീയതി 28.11.2000 | 36 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | എൽ.എഫ്.ഇ.(എം1)27/02 തീയതി 11.01.2002 | 46 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | എൽ.എഫ്.ഇ. (എം1)983/03 തീയതി 06.04.2004 | 2 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 1999-00 | എൽ.എഫ്.ഇ.(എം1)445/02 തീയതി 26.11.2002 | 35 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2000-01 | എൽ.എഫ്.ഇ.(എം1)129/04 തീയതി 26.02.2004 | 59 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2001-02 | എൽ.എഫ്.ഇ(എം1)139/04 തീയതി 12.07.2004 | 1 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.ഇ.(എം1)674/04 തീയതി 16.08.2004 | 14 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.ഇ(എം1)688/05 തീയതി 13.09.2005 | 8 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | എൽ.എഫ്.ഇ(എം1)282/006 തീയതി 10.11.06 | 9 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | എൽ.എഫ്.ഇ(എം1)430/07 തീയതി 01.08.2009 | 29 | ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | എൽ.എഫ്.എ.(എം2)289/10 തീയതി 25.04.2011 | 3 | ഡി.സി.ബി ഓഡിറ്റ് റിപ്പോർട്ട് |
| 2006-07 | എൽ.എഫ്.ഇ(എം1)1791/08 തീയതി 01.08.2009 | 10 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.എ(എം2)192/10 തീയതി 19.11.2010 | 4 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2009-10 | എൽ.എഫ്.എ(എം2)227/11 തീയതി 05.06.2012 | 18 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2010-11 | എൽ.എഫ്.എ.(എം2)145/12 തീയതി 20.03.2013 | 14 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.എ(എം2)145/12 തീയതി 04.03.2014 | 32 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.എ(എം2)480/14 തീയതി 17.01.2015 | 22 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 | കെ.എസ്.എ.-എ.വി.എം. (എം.2) 466/15 തീയതി 30.11.2015/10.12.2015 | 33 | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2014-15 | കെ.എസ്.എ.-എ.വി.എം. (എം.2) 466/15 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് |

| | | | |
|---|---|---|---|
| | തീയതി 22.07.2016/27.07.2016 | | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.-എ.വി.എം. (എം.2) 41/2017 തീയതി 28.01.2017/30.01.2017 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.-എ.വി.എം. (എം.2) 520/2017 തീയതി 30.11.2017 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | കെ.എസ്.എ.-എ.വി.എം. (എം.2) 540/2018 തീയതി 08.03.2019 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2018-19 | കെ.എസ്.എ.-എ.വി.എം. (എം.2) 131/2020 തീയതി 06.08.2020 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2019-20 | കെ.എസ്.എ.-എ.വി.എം. (എം.2) 540/2021 തീയതി 15.12.2021 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |
| 2020-21 | കെ.എസ്.എ.-എ.വി.എം. (എം.2) 232/2022 തീയതി 11.07.2022 | തീർപ്പാക്കിയിട്ടില്ല | വരവ് ചെലവ് ഓഡിറ്റ് റിപ്പോർട്ട് |

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, ആലുവ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, ആലുവ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

Receipt & payment

**Aluva Municipality Concurrent Municipality**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 23709619.95 |
| Cash | Cash | RP-40(a) | 762145.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 20950177.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 160186.00 |
| 130000000 | Rental income from Panchayat Properties | RP-3 | 374051.00 |
| 140000000 | Fees & User Charges | RP-4 | 10977230.00 |
| 150000000 | Sale & Hire Charges | RP-5 | 1060885.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 45606541.00 |
| 171000000 | Interest Earned | RP-8 | 40162.00 |
| 180000000 | Other Income | RP-9 | 63267.00 |
| 350000000 | Other Liabilities | RP-29 | 6000.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 54297209.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 3604979.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 17004566.00 |
| 340000000 | Deposits Received | RP-27 | 13936285.00 |
| 350000000 | Other Liabilities | RP-29 | 41013063.00 |
| 460000000 | Loans, Advances and Deposits | RP-41 | 668337.00 |
| | **Grand total** | | **234234702.95** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 22704014.00 |
| 220000000 | Administrative Expenses | RP-11 | 2742807.00 |
| 230000000 | Operations & Maintenance | RP-12 | 12473288.00 |
| 240000000 | Interest & Finance Charges | RP-13 | 72387.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 15071885.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 9619041.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 13407070.00 |



Digitally signed by Muham
Date: 2022.07.30 12:11:2
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 1150039.00 |
| 350000000 | Other Liabilities | RP-29 | 39059337.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 3700510.00 |
| | **Non Operating** | | |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-19 | 339398.00 |
| 311000000 | Earmarked Funds | RP-22 | 20788774.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 363938.00 |
| 340000000 | Deposits Received | RP-27 | 9655437.00 |
| 350000000 | Other Liabilities | RP-29 | 54846489.00 |
| 410000000 | Fixed Assets | RP-31 | 4805278.00 |
| 412000000 | Capital work in Progress | RP-33 | 0.0 |
| 460000000 | Loans, Advances and Deposits | RP-41 | 912468.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 21839948.95 |
| Cash | Cash | RP-40(b) | 682594.00 |
| | **Grand Total** | | **234234702.95** |



4

Income & Expenditure Statement

**Aluva Municipality Concurrent Municipality**
**INCOME & EXPENDITURE STATEMENT**

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 62106728.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 160210.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 22133465.00 |
| 140000000 | Fee & User Charges | I-4(b) | 15272964.00 |
| 150000000 | Sale & Hire Charges | I-5(b) | 1060885.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 103661600.00 |
| 171000000 | Interest Earned | I-8 | 40162.00 |
| 180000000 | Other Income | I-9 | 106128.00 |
| | **Total Income** | | **204542142.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 109732141.00 |
| 220000000 | Administrative Expenses | I-11(b) | 14105730.00 |
| 230000000 | Operations & Maintenance | I-12(b) | 13468717.00 |
| 240000000 | Interest & Finance Charges | I-13 | 900421.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 49701559.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 8561552.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 13407070.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 2307950.00 |
| 272000000 | Depreciation | I-17(a) | 4047005.00 |
| | **Total Expenditure** | | **216232145.00** |
| | **Gross Surplus / Deficit of income over Expenditure** | | **-11690003.00** |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 339398.00 |
| | **Net difference (Prior period Income - Prior period Expenditure)** | | **-12029401.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |



Digitally signed by Muham
Date: 2022.07.30 12:11:2
Reason: Approval
Location: Kerala



Balance Sheet

## Aluva Municipality Concurrent Municipality
## BALANCE SHEET

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -14070864.50 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 7651645.00 |
| 312000000 | Reserves | B-3 | 47820458.00 |
| | **Total Reserve & Surplus** | | **41401238.50** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 14788367.00 |
| | **Total Grants, Contributions for Specific Purposes** | | **14788367.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 4661007.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **4661007.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 92568979.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 81975757.95 |
| | **Total Current Liabilities and Provisions** | | **174544736.95** |
| | **TOTAL LIABILITIES** | | **235395349.45** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 112786660.00 |
| 411000000 | Accumulated Depreciation | B-11 | -25326371.00 |
| 412000000 | Capital Work in Progress | B-11 | 8184776.00 |
| | **Total Fixed Assets** | | **95645065.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 119077131.50 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -3856769.00 |
| 450000000 | Cash and Bank Balance | B-17 | 22522542.95 |



Digitally signed by Muham
Date: 2022.07.30 12:11:1
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 2007379.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18 | 0.0 |
| | **Total Current Assets, Loans and Advances** | | **139750284.45** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **235395349.45** |